

വില ₹ 30

# സത്യദൂതൻ

2022 ജൂലൈ | ലക്കം 07

## മാപ്പ്: മാനുഷതയുടെ ഉത്‌കൃഷ്ട ഭാവം

## മുഹമ്മദ് നബി (സ): സാർവ്വജനീന പ്രവാചകൻ

## മതവിമർശനവും മതനിന്ദയും

# Ahmadiyya Muslim Community

## Apps for mobile devises

Download free apps developed by Ahmadiyya Muslim Community for your iphone,ipode, and Android

**Quran**
Read the Holy Quran in easy Yassarnal Quran Font

**Conditions of Bai'at**
A pocket reference of Shara't-e-Bai'at in 7 languages

**Sermons**
Huzoor's Friday Sermons In 15 languages

**MTA**
Watch MTA Live, view Schedule and much more

**Ahmadiyya News**
Stay up to date with the Latest jama'at news

View these apps at
alislam.org/apps
or scan the QR code below






The Sathyadoothan Monthly

لا اله الا الله محمد رسول الله

# സത്യദൂതൻ

2022 ജൂലൈ
ഹി.ശ.1402-വഫാ
1443 ദുൽകഅദ് - ദുൽഹജ്ജ്
പുസ്തകം 94 ലക്കം 07
വില 30 രൂപ

ഒരു നൂറ്റാണ്ടിനോടടുക്കുന്ന മലയാളത്തിലെ ഏക ഇസ്ലാമിക പ്രസിദ്ധീകരണം



**5** **എഡിറ്റോറിയൽ**

**6** **യുഗശബ്ദം**
**മുഹമ്മദ് നബി(സ) യുടെ നുബുവ്വത്ത്**



**7**
പ്രഭാഷണം
**മാപ്പ്: മാനുഷതയുടെ ഉത്കൃഷ്ട ഭാവം**
ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു..)
അമീറുൽ മുഅ്മിനീൻ ഖ്ലീഫത്തുൽ മസീഹ് ഹദ്റത്ത് മിർസ മസ്റൂർ അഹ്മദ് (അയ്യദഹു) 2016 സെപ്തംബർ 23-ാം തീയതി യുകെ ബൈത്തുഫുത്തൂഹിൽ നിർവഹിച്ച ജുമുഅ ഖുത്ബയുടെ സംഗ്രഹം

**12**
**ദൈവാസ്തിക്യത്തിന്റെ തെളിവുകൾ**
ഹദ്റത്ത് മിർസാ താഹിർ അഹ്മദ് (റഹ്)

**17**
**മുഹമ്മദ് നബി (സ): സാർവ്വജനീന പ്രവാചകൻ**
എ.എം. മുഹമ്മദ് സലീം

**25**
**ആഗോളപ്രതിസന്ധിയും സമാധാനത്തിലേക്കുള്ള പാതയും**
രത്നമ്മ ബ്രാഹ്മ മുഹൂർത്തം

**26**
**ഇബ്നു അറബി (1165-1240) സൂഫിയും പണ്ഡിതനും**
സകരിയാ വിർക്

**30**
ഭാഗം - 29
**ഹദ്റത്ത് മൗലാനാ ഹക്കീം നൂറുദ്ദീൻ സാഹിബ് ഭേരവി**
(ഖലീഫത്തുൽ മസീഹ് അവ്വൽ (റ))
ഇബ്നു വഫാ ബേപ്പൂർ

**40**
കുറിപ്പുകൾ
**മതവിമർശനവും മതനിന്ദയും**
മുസാഫിർ

**സത്യദൂതൻ**
മസ്ജിദ് ഉമർ, സെന്റ്ബെനഡിക്ട് റോഡ്,
എറണാകുളം നോർത്ത്, കൊച്ചി-682018

ചീഫ് എഡിറ്റർ
**എച്ച്. ശംസുദ്ദീൻ**
**ഫോൺ: 99460 21252**

എഡിറ്റർ
**എ. എം. മുഹമ്മദ് സലീം**
**ഫോൺ: 80755 86837**
Email-salimqld@gmail.com

Printed & Published by B.B. Ahmad Kabeer, for the Kerala Ahmadiyya Muslim Jama-ath
Printed at Anaswara Offset, Perandoor Jn.,Elamakkara, Ernakulam-682 026.
Published at Masjid Umar, St. Benedict Road, Ernakulam, Kochi-18. Edited by A.M. Muhammed Salim. Design: Mubarak Ahmed, KKD

## വിശുദ്ധ ഖുർആനിൽ നിന്ന്



സത്യമായും നിങ്ങളിൽ നിന്ന് തന്നെയുള്ള ഒരു ദൂതൻ നിങ്ങളുടെ അടുക്കൽ വന്നിരിക്കുന്നു. നിങ്ങൾ വിഷമത്തിലാവുന്നത് അദ്ദേഹത്തിന്ന് അസഹ്യമാണ്. നിങ്ങളുടെ ക്ഷേമ കാര്യങ്ങളിൽ അത്യുൽക്കടമായ ആഗ്രഹമുള്ള ആളാണ് അദ്ദേഹം. സത്യവിശ്വാസികളോട് കൃപയും കരുണയുമുള്ള ആളാണ്. (9:128)



## നബിവചനം

നിന്നെ സൃഷ്ടിക്കാൻ ഉദ്ദേശിച്ചിട്ടില്ലായിരുന്നുവെങ്കിൽ ഈ പ്രപഞ്ചത്തെ തന്നെ നാം സൃഷ്ടിക്കില്ലായിരുന്നു. (ഖുദ്സിയായ ഹദീസ്)

## വാഗ്ദത്ത മസീഹിന്റെ വചനം



എപ്രകാരം തക്മീലെ ഹിദായത്ത് (നേർമാർഗ്ഗത്തിന്റെ പൂർത്തീകരണം) റസൂൽ തിരുമേനി(സ)യുടെ പുണ്യകരങ്ങളാൽ ഉണ്ടായോ അതേ പ്രകാരം തക്മീലെ ഇശായത്തും (പ്രചാരണത്തിന്റെ പൂർത്തീകരണവും) റസൂൽ തിരുമേനി (സ) മുഖേനയുണ്ടാകേണ്ടതാണ്. എന്തെന്നാൽ ഈ രണ്ട് കാര്യങ്ങളും നബി തിരുമേനി(സ)യുടെ ആഗമനോദ്ദേശ്യമത്രെ. എന്നാൽ ദൈവിക നിയമമനുസരിച്ച് അവിടുത്തെ ചിരഞ്ജീവിത്വം അസാധ്യവും അസംഭവ്യവും ആയതിനാൽ അദ്ദേഹത്തിന്ന് തക്മീലെ ഇശാഅത്തിന്നായി നിർണ്ണയിക്കപ്പെട്ട അവസാന കാലഘട്ടം വരെ ജീവിച്ചിരിക്കാൻ സാധ്യമല്ല . ആ രീതിയിലുള്ള സ്ഥായിയായ ജീവിതം ശിർക്ക് പ്രചരിക്കുന്നതിന്നുള്ള കാരണമായിത്തീരുന്നതാണ്. അതുകൊണ്ട് അല്ലാഹു റസൂൽ തിരുമേനി(സ)യുടെ ആഗമനോദ്ദേശ്യം അവിടത്തെ സ്വഭാവത്തിലും ആത്മീയതയിലും ആഗതാനായ നബി(സ)തിരുമേനിയുടെ ഒരു ഉമ്മത്തി മുഖേന പൂർത്തിയായി. (വിളംബരം)

എഡിറ്റോറിയൽ

# മുഹമ്മദ് നബി(സ):


## വാഗ്ദത്ത മസീഹിന്റെ ആമുഖം.

ഇസ്‌ലാം മതത്തിന്റെ പ്രതിഷ്ഠാപകനായ മുഹമ്മദ് നബി (സ)യോട് മറ്റേതൊരു പ്രവാചകനെക്കാളും മുസ്‌ലിംകൾക്കുള്ള അനുരക്തിയും ആദരവും സ്നേഹവും സുവിദമാണല്ലോ. വാസ്തവത്തിൽ മുഹമ്മദ് നബി (സ)യുടെ യഥാർത്ഥ സ്ഥാനമഹിമ എന്താണെന്ന് മനസ്സിലാക്കിയതും വിശദീകരിച്ചു തന്നതും അവിടുത്തെ ആത്മീയ ശിഷ്യത്വം കൊണ്ട് അല്ലാഹു നുബൂവ്വത്തിന്റെ പദവി നൽകിയനുഗ്രഹിച്ച വാഗ്ദത്ത മസീഹ് ഹദ്റത്ത് അഹ്മദ്(അ) ആണ്. സ്വന്തം ഗവേഷണത്തിലൂടെയോ ഗ്രന്ഥപരായണത്തിലൂടെയോ അല്ല വാഗ്ദത്ത മസീഹിന്ന് റസൂൽ(സ) തിരുമേനിയെ സംബന്ധിച്ച ജ്ഞാനം ബോദ്ധ്യപ്പെട്ടത്. പരിശുദ്ധമായ ദൈവിക വെളിപാടുകളിലൂടെ അല്ലാഹു തന്നെ നേരിട്ട് അത് അദ്ദേഹത്തെ അറിയിക്കുകയായിരുന്നു. ദൈവം തനിക്ക് വെളിപാടുകളിലുടെ പഠിപ്പിച്ച അറിവാണ് താൻ പ്രേഷണം ചെയ്യുന്നതെന്ന് മറ്റൊരാളും ഈ കാലഘട്ടത്തിൽ അവകാശപ്പെട്ടിട്ടില്ല. അത്രയധികം ദിവ്യമായ ആധികാരികതയോടെയും ദൃഢതയോടെയും എന്നെന്നും ജീവിച്ചിരിക്കുന്ന സർവ്വശക്തനായ ദൈവത്തിന്റെ പേരിൽ റസൂൽ(സ) തിരുമേനിയെ പറ്റി ഒരാൾ നടത്തുന്ന ദിവ്യ വിളംബരങ്ങൾ അവിടുത്തെ സ്നേഹിക്കുന്നവർ ശ്രദ്ധിക്കേണ്ടിയിരിക്കുന്നു.

വാഗ്ദത്ത മസീഹ് തന്റെ യജമാനനായ റസൂൽ തിരുമേനി(സ)യെ സംബന്ധിച്ച് പറയുന്നു:

**'ആദം സന്തതികളായ സകലർക്കും മുഹമ്മദ് മുസ്തഫ (സ) തിരുമേനിയല്ലാതെ മറ്റൊരു റസൂലും ശഫീഉം(ശുപാർശകൻ) ഇല്ല. ആകയാൽ ഈ പ്രതാപശാലിയായ നബി (സ)ക്ക് നേരെ നിങ്ങൾ ഹൃദയങ്കമമായ സ്നേഹം പുലർത്തിക്കൊള്ളുവീൻ അവിടത്തെക്കാൾ ഉപരിയുള്ള മേന്മ മറ്റാരിലും നിങ്ങൾ കൽപ്പിക്കരുത്. ആകാശത്തിൽ നിങ്ങൾ മോക്ഷം പ്രാപിച്ചവരുടെ കൂട്ടത്തിൽ എണ്ണപ്പെടുമാറാകുന്നതിന്ന് തന്നെ. മോക്ഷം എന്നത് മരിച്ചശേഷം വെളിവാകുന്ന എന്തോ ഒന്നല്ലെന്ന് ഓർത്തു കൊള്ളുവീൻ. മറിച്ച് യഥാർത്ഥമായ മോക്ഷം ഈ ലോകത്ത് വെച്ചു തന്നെ അതിന്റെ വെളിച്ചം കാട്ടുമാറാകുന്നതാകുന്നു. ആരാണ് മോക്ഷം പ്രാപിച്ചവൻ? ദൈവം സത്യമാണെന്നും മുഹമ്മദ് നബി(സ) ആ ദൈവത്തിന്റെ മുഴുവൻ സൃഷ്ടി ജാലത്തിന്റെയും ഇടയിലുള്ള ശുപാർശകനാണെന്നും ആകാശത്തിന്നു കീഴിൽ അവിടത്തേക്ക് സമസ്ഥാനീയനായി മറ്റൊരു നബിയും ഇല്ലെന്നും ഖുർആന്ന് തുല്യമായിട്ടുള്ള മറ്റൊരു ഗ്രന്ഥം ഇല്ലെന്നും എന്നെന്നും ജീവിച്ചിരിക്കുവാൻ അവൻ ആരുടെ കാര്യത്തിലും ഇച്ഛിച്ചിട്ടില്ലെങ്കിലും ഈ വരിഷ്ഠ പ്രവാചകൻ എക്കാലത്തും ജീവിച്ചിരിക്കുന്ന നബിയാണെന്നും ഉറച്ച് വിശ്വസിക്കുന്നവൻ തന്നെ'(കിശ്തീ നൂഹ്, ഭാ 15,16)**

നിരക്ഷരനായ റസൂൽ തിരുമേനി(സ)ക്ക് ലഭിച്ചതെല്ലാം ദൈവത്തിന്റെ സ്വഛമായ വെളിപാടിൽ നിന്നായിരുന്നു. **'ഖാത്തമുന്നബിയ്യീൻ'** എന്ന അവിടുത്തെ അഭിധാനത്തിന്റെ അർത്ഥം. 'പ്രവാചക ശ്രേഷ്ഠൻ' എന്നാണ്. അതായത് മനുഷ്യ സമൂഹത്തിലെ പാപരഹിതരാണ് പ്രവാചകന്മാർ; അവർക്കിടയിലെ ഏറ്റവും ശ്രേഷ്ഠനാണ് മുഹമ്മദ് നബി(സ). ഖാത്തമുന്നബിയ്യീനായ മുഹമ്മദ് നബി(സ)യെ അനുസരിച്ചാൽ നുബൂവ്വത്ത് എന്ന പദവി വരെ ലഭിക്കും. ഇതിൽ പരം ആത്മീയമായ വേറെ എന്ത് പദവിയാണ് മനുഷ്യന് ലഭിക്കാനുള്ളത്. ഖുർആൻ പറയുന്നു. **'വല്ലവരും അല്ലാഹുവിനെയും ഈ ദൈവദൂതനെയും അനുസരിക്കുന്നതായാൽ, അവർ അല്ലാഹു അനുഗ്രഹിച്ചിട്ടുള്ള പ്രവാചകന്മാർ, സിദ്ദീക്കുകൾ ശഹീദുകൾ, സാലിഹുകൾ എന്നിവരുടെ കൂടെയായിരിക്കും'** (4:70) ഖാതമുന്നബിയ്യീൻ എന്ന വിശേഷണത്തിന്ന് **'അന്ത്യപ്രവാചകൻ'** എന്ന് അർത്ഥം നൽകുന്നവർ അവിടത്തെ മഹത്തായ പദവിയെ വികലമാക്കുകയും ന്യൂനീകരിക്കുകയാണ് ചെയ്യുന്നതെന്ന് അവരറിയുന്നില്ല. വാഗ്ദത്ത മസീഹിലൂടെ റസൂൽ (സ) തിരുമേനിയുടെ സ്ഥാനം ഗ്രഹിക്കാനുള്ള സൗഭാഗ്യം മുസ്‌ലിംകൾക്കുണ്ടാകട്ടെ.



ഹദ്റത്ത് അഹ്മദ് (അ)

# മുഹമ്മദ് നബി(സ) യുടെ നുബൂവ്വത്ത്

പൂർവ്വകാല നുബൂവ്വത്തുകളേയും വേദഗ്രന്ഥങ്ങളേയും പ്രത്യേകം പ്രത്യേകം അനുഗമിക്കേണ്ടുന്ന ആവശ്യം ഇന്നില്ല. കാരണം മുഹമ്മദീ നുബൂവ്വത്ത് അവയെല്ലാംതന്നെ ഉൾക്കൊള്ളുന്ന ഒന്നാണ്. ഇതൊഴികെയുള്ള എല്ലാ വഴികളും അടഞ്ഞുപോയിരിക്കുന്നു. ദൈവസാമീപ്യപ്രാപ്തിക്കുള്ള എല്ലാ സത്യങ്ങളും ഇതിൽ അടങ്ങിയിരിക്കുന്നു. ഇതിന്ന് ശേഷം പുതിയൊരു സത്യം പ്രത്യക്ഷപ്പെടുകയോ ഇതിലടങ്ങിയിട്ടില്ലാത്ത മറ്റൊരു സത്യം ഇതിന്ന് മുമ്പ് ഉണ്ടാകുകയോ ചെയ്തിട്ടില്ല. അത്കൊണ്ട് ഈ നുബൂവ്വത്ത് എല്ലാ നുബൂവ്വത്തുകളുടേയും പരിസമാപ്തിയാണ്. അങ്ങനെ തന്നെ വേണ്ടതാണ് താനും. കാരണം ആരംഭം ഉള്ള ഒരു വസ്തുവിന്ന് ഒരവസാനവും വേണമല്ലോ. എന്നാൽ ഈ നുബൂവ്വത്ത് ഒരു ഔദാര്യം പ്രദാനം ചെയ്യുന്നതിൽ മറ്റു എല്ലാ നുബൂവ്വത്തുകളേയും അപേക്ഷിച്ച് എത്രയൊ മുന്നിലാണ് സ്ഥിതിചെയ്യുന്നത്. ദൈവസംപ്രാപ്തിക്കുള്ള എളുപ്പമാർഗ്ഗം ഈ നുബൂവ്വത്തിന്റെ അനുസരണവും അനുഗമനവും മാത്രമാണ്. അങ്ങനെ ചെയ്യുന്നത് കൊണ്ട് ദൈവസ്നേഹവും ദൈവഭാഷണവും ഇതിന്ന് മുമ്പ് ലഭിക്കാത്തവിധം ധാരാളമായി ലഭ്യമാവുന്നു. എന്നാൽ ഈ നുബൂവ്വത്തിനെ പൂർണ്ണമായും അനുസരിക്കുന്നത്കൊണ്ട് മാത്രം ഒരാൾ വെറും ഒരു നബിയെന്നപേരിന്നർഹനായി തീരുന്നില്ല. അയാൾ ഉമ്മത്തികൂടി ആയിത്തീരണം. അങ്ങനെ വരുമ്പോൾ മുഹമ്മദ് നബി (സ) യുടെ പരിപൂർണ്ണതക്ക് ഒരു കോട്ടവും തട്ടുന്നില്ല. മാത്രമല്ല പ്രസ്തുത നുബൂവ്വത്തിന്റെ പ്രകാശവും അനുഗ്രഹവും വളരെയധികം വ്യക്തമായ നിലയിൽ സ്ഫുടം ചെയ്യപ്പെടുകയാണ് ചെയ്യുന്നത്.

ദൈവിക ഭാഷണം എണ്ണത്തിലും ഗുണത്തിലും പരിപൂർണ്ണത പ്രാപിക്കുകയും ഒരു പോരായ്മയും അവശേഷിക്കാതിരിക്കുകയും അദൃശ്യ കാര്യങ്ങൾ അടങ്ങിയിരിക്കുകയും ചെയ്യുമ്പോൾ അതിന്ന് നുബൂവ്വത്ത് എന്ന് പറയപ്പെടുന്നു. ഈ കാര്യത്തിൽ എല്ലാ നബിമാർക്കും ഏകാഭിപ്രായമാണുള്ളത്. 'കുൻന്തു ഖൈറ ഉമ്മത്തിൻ ഉഖിരിജത്ത് ലിന്നാസ്' എന്ന് വിശേഷിപ്പിക്കുകയും 'ഇഹ്ദിന സിറാത്തൽ മുസ്തഖീം' എന്ന പ്രാർത്ഥന പഠിപ്പിച്ചു തരികയും ചെയ്യപ്പെട്ട ഒരു സമുദായത്തിന്ന് ഈ അനുഗ്രഹം നഷ്ടപ്പെടുക എന്നത് അസംഭവ്യമായ ഒരു കാര്യമാണ്. അങ്ങനെയാണെങ്കിൽ മുഹമ്മദീ ഉമ്മത്ത് അപൂർണ്ണവും അപര്യാപ്തവുമായ സമുദായമായിത്തീരുന്നതായിരിക്കും. എല്ലാവരും തന്നെ അന്ധരെപ്പോലെ ആയിത്തീരും എന്നു മാത്രമല്ല റസൂൽ തിരുമേനി(സ) യുടെ മഹൽ ശക്തിക്കും പരിശുദ്ധതക്കും കോട്ടം തട്ടുന്നതുമായിരിക്കും. അതോടൊപ്പം അഞ്ചനേരവും നമസ്ക്കാരത്തിൽ ഓതണമെന്ന് കൽപ്പിക്കപ്പെട്ട പ്രാർത്ഥനക്ക് ഒരർത്ഥവും ഇല്ലാതായി തീരും. എന്നാൽ മറു ഭാഗത്ത് മുഹമ്മദീ നുബുവ്വത്തിന്റെ ആത്മീയ പ്രകാശത്തെ പിൻപറ്റാതെ സ്വതന്ത്രമായ നുബൂവ്വത്ത് പദവി ലഭിക്കുന്നതാണെന്ന് പറയുകയാണെങ്കിലും തിരുനബിയുടെ (സ) ഖത്തമുന്നുബൂവ്വത് പദവി അർത്ഥ ശൂന്യമായി തീരുന്നതാണ്. ഈ രണ്ടു വിധത്തിലുള്ള ദോഷങ്ങളിൽ നിന്നും സംരക്ഷിക്കപ്പെടുന്നതിന്നായി അല്ലാഹു പരിശുദ്ധവും പരിപൂർണ്ണവും ആയ ദൈവഭാഷണത്തിന്നായി റസൂൽ തിരുമേനി(സ)യെ പരിപൂർണ്ണമായും അനുസരിക്കുകയും 'ഫനാഫിൽ റസൂൽ' ആയി തങ്ങളെ പരിപൂർണ്ണമായി റസൂലിൽ ലയിപ്പിക്കുകയും ചെയ്യുന്ന ചിലരെ തിരഞ്ഞെടുകുന്നു. ഉമ്മത്തി എന്നതുകൊണ്ടുള്ള ഉദ്ദേശവും അനുഗമിക്കുക എന്നതിന്റെ അർത്ഥവും പരിപൂർണ്ണമായും അവരതിൽ കാണുന്നു. ഈ അവസ്ഥയിൽ അവരുടെ അസ്തിത്വം അവരുടേതായി തീരുന്നില്ല. മറിച്ച് അവർ സ്വയമേവ മറന്നുകൊണ്ടുള്ള അവസ്ഥയിൽ റസൂൽ തിരുമേനി (സ) യുടെ പ്രതിരൂപമായി പരിണമിക്കുന്നു. ആ അവസ്ഥയിൽ ഇതര പ്രവാചകന്മാർക്ക് ലഭിച്ചത് പോലുള്ള ദൈവഭാഷണം അവർക്ക് ലഭിക്കുന്നു. അങ്ങനെ ഉമ്മത്തിയായിരിക്കെ നബി എന്ന പദവി കൂടി അവർക്ക് നൽകപ്പെടുന്നു.

(ചശ്മെ മസീഹി)

അമീറുൽ മുഅ്മിനീൻ ഖ്ലീഫത്തുൽ മസീഹ് ഹദ്റത് മിർസ മസ്റൂർ അഹ്മദ് (അയ്യദഹു) 2016 സെപ്തംബർ 23-ാം തീയതി യുകെ ബൈത്തുഫുത്തൂഹിൽ നിർവഹിച്ച ജുമുഅ ഖുത്ബയുടെ സംഗ്രഹം

# മാപ്പ്: മാനുഷതയുടെ ഉത്കൃഷ്ട ഭാവം




**ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്** (അയ്യദഹു...)

യഥാർഥ സത്യവിശ്വാസിയുടെ ലക്ഷണം വിശദീകരിച്ചുകൊണ്ട് നബി(സ)തിരുമേനി ഒരു അവസരത്തിൽ പറഞ്ഞു:' യഥാർഥ സത്യവിശ്വാസി താനിഷ്ടപ്പെടുന്നത് മറ്റുള്ളവർക്കും ഇഷ്ടപ്പെടുന്നവനായിരിക്കും.' ഇതൊരു മാർഗനിർദേശപരമായ അടിസ്ഥാന തത്വമാണ്. ഈ തത്വം ലോകത്ത് സർവ്വതലത്തിലും വീടുമുതൽ അന്താരാഷ്ട്ര ബന്ധങ്ങൾവരെ അനുരക്തിയുടേയും സ്നേഹത്തിന്റേയും ഐക്യത്തിന്റേയും അടിത്തറപാകുന്നു. കലഹങ്ങൾ അവസാനിപ്പിക്കുന്നു. മനസ്സുകളിൽ മാർദവം ഉണ്ടാക്കുന്നു. പരസ്പരം മുള്ള കടമകളെ പറ്റി ബോദ്ധ്യം വരുത്തുന്നു. ഞാൻ പല അവസരങ്ങളിലും അന്യരുടെ മുമ്പിൽ ഇക്കാര്യം സമർപിച്ചപ്പോൾ അവർ വളരെ ആകർഷിതരായി. എന്നാൽ, നമ്മുടെ ഉദ്ദേശ്യം വെറും നല്ലകാര്യങ്ങൾ പറഞ്ഞ് ജനങ്ങളെ ആകർഷിക്കുക എന്നതല്ല. മറിച്ച് നമ്മുടെ കർമങ്ങൾകൊണ്ട് ഇക്കാര്യത്തിന്റേയും എല്ലാ ഇസ്ലാമിക കല്പനകളുടേയും മനോഹാരിത സ്ഥാപിക്കുക എന്നതാണ്. 'വളരെ നല്ല കാര്യംതന്നെ, പക്ഷേ, നിങ്ങളിൽ എത്രപേർ ഇതനുസരിച്ച് പ്രവർത്തിക്കുന്നുണ്ട്' എന്ന് അന്യർ നമ്മളോടു ചോദിക്കാനിടയുണ്ട്. കാര്യത്തിന്റെ മനോഹാരിത വെളിപ്പെടുന്നത് കാര്യം പറയുന്നയാൾ സ്വയം അതനുസരിച്ച് പ്രവർത്തിക്കുമ്പോഴാണ്. ജനങ്ങൾക്ക് മറ്റുള്ളവരിൽനിന്നുള്ള നമ്മുടെ പ്രത്യേകമായ വ്യത്യാസം അറിയാൻ കഴിയുന്നത് നമ്മുടെ വാക്കും പ്രവൃത്തിയും ഒരു പോലെ ആയിരിക്കുമ്പോഴാണ്. ജനങ്ങൾ വെറും കാര്യം കേൾക്കാൻ ഇരിക്കുന്നവരല്ല, പ്രത്യുത അവർ നമ്മളെ നിരീക്ഷിക്കുന്നുണ്ട്.

അതിനാൽ, നമ്മൾ മതത്തിൽ നിന്നും വചനങ്ങൾ ഉദ്ദരിച്ച് ഉന്നതമായ സ്വഭാവഗുണങ്ങളെ കുറിച്ച് സംസാരിക്കുമ്പോൾ അന്യർ നമ്മുടെ കർമ്മം എന്താണെന്ന് നേക്കുന്നുണ്ട്. നിങ്ങൾ യഥാർഥ സത്യവിശ്വാസികളാണോ എന്ന് അറിയപ്പെടുന്നത് നിങ്ങളുടെ സ്വഭാവം ഉന്നതമായിരിക്കുമ്പോഴാണ്. ഒരാൾ മറ്റൊരാൾക്കുവേണ്ടി സ്ദ്വികാരങ്ങളുടെയും അറിവുകളുടേയും നിലവാരം ഉന്നതമാക്കുമ്പോഴാണ്. നബി(സ)തിരുമേനി സത്യവിശ്വാസിയുടെ ഉന്നത സ്വഭാവ ഗുണമായി പറഞ്ഞത്

അനിഷേധ്യമായ ഒരു യാഥാർത്ഥ്യമാണ്. ആ ഗുണനിലവാരമെന്താണ്? അതായത് എന്തൊന്ന് നിങ്ങൾ നിങ്ങൾക്കുവേണ്ടി ഇഷ്ടപ്പെടുന്നുവോ അത് മറ്റുളളവർക്കുവേണ്ടിയും ഇഷ്ടപ്പെടുക. തങ്ങളുടെ അവകാശങ്ങൾ വാങ്ങുന്നതിനുവേണ്ടി നീതി, നീതിയുടെ ശബ്ദം ഉയർത്തിക്കൊണ്ടിരിക്കുകയും മറ്റുളളവരുടെ അവകാശങ്ങൾ കൊടുക്കുന്ന നേരത്ത് നിഷേധാത്മകമായി പെരുമാറുകയും ചെയ്യുക എന്നതല്ല അത്.

അതിനാൽ നമ്മൾ നമ്മുടെ അവകാശങ്ങൾ നേടിയെടുക്കുന്നതിന് അസ്വസ്ഥരാകുന്നതുപോലെ, മറ്റുളളവരുടെ അവകാശം കൊടുക്കുന്നതിനും അതേ നിലവാരം നിലനിറുത്തേണ്ടതാണ്. നമ്മളിൽനിന്ന് എന്തെങ്കിലും തെറ്റുസംഭവിച്ചാൽ ആ തെറ്റ് മാപ്പാക്കികിട്ടണമെന്നും നമ്മൾ ശിക്ഷിക്കപ്പെടരുതെന്നും ആഗ്രഹിക്കുന്നെങ്കിൽ മറ്റുളള ആരെങ്കിലും നമ്മളെ ബാധിക്കുന്ന തെറ്റു ചെയ്താൽ അത് തെറ്റുചെയ്യുന്ന ശീലക്കാരനല്ലെങ്കിൽ, ആവർത്തിച്ചാവർത്തിച്ച് തെറ്റു ചെയ്യാത്തവനാണെങ്കിൽ നമ്മളും മാപ്പുകൊടുക്കുന്നരീതി അവലംബിക്കേണ്ടതാണ്. ഇനി ഏതെങ്കിലും തെറ്റ് ജമാഅത്തിനോ സാമൂഹികനേട്ടങ്ങൾക്കോ നഷ്ടമുണ്ടാക്കിക്കൊണ്ടിരിക്കുന്നതാണെങ്കിൽ അപ്പോൾ ഇത് വ്യക്തിപരമായ തെറ്റായിരിക്കുകയില്ല. ആ കുറ്റം പിന്നീട് സാമൂഹിക കുറ്റമായിത്തീരുന്നു. അത്തരം ആളുകളുടെ തീരുമാനം ഡിപ്പാർട്ടുമെന്റായിരിക്കും എടുക്കുന്നത്; വ്യക്തികളല്ല.

എന്തായാലും സാമൂഹികമായ നിത്യജീവിതത്തിലെ പരസ്പരമുള്ള കാര്യങ്ങളിൽ നമ്മുടെ അവകാശമാണെന്ന് നമ്മൾ മനസ്സിലാക്കുന്ന കാര്യം മറ്റുളളവർക്കും നാം നല്കുന്നുണ്ടോ ഇല്ലേ? കൊടുക്കാനുള്ള ചിന്ത നമുക്കുണ്ടോ ഇല്ലേ? എന്ന കാര്യമാണ് ഞാൻ സംസാരിച്ചുകൊണ്ടിരിക്കുന്നത്. ഇതിൽ അടിസ്ഥാനപരമായ ഘടകം വീടാണ്, സുഹൃത്തുക്കളാണ്, സഹോദരിസഹോദരന്മാരാണ് മറ്റുബന്ധുക്കളാണ്. ചെറിയ അളവിൽ ചെറിയ വൃത്തത്തിൽ ഈ ചിന്ത ഉണ്ടാകുമ്പോൾ പിന്നീട് സമൂഹത്തിൽ വിശാലമായ നിലയിലും ഇതേ ചിന്ത വ്യാപിക്കുന്നതാണ്. സ്വാർഥതകൾ അവസാനിക്കുന്നതാണ്. അവകാശങ്ങൾ കൊടുക്കുന്ന കാര്യങ്ങൾ അധികമായുണ്ടാകും. മാപ്പുകൊടുക്കാനുള്ള താൽപര്യം വർധിക്കും. ശിക്ഷ കൊടുക്കുന്നതിന് അല്ലെങ്കിൽ ശിക്ഷ കൊടുപ്പിക്കുന്നതിനുള്ള താൽപര്യത്തിൽ കുറവുണ്ടാകുന്നതാണ്. അല്ലാഹു വിശുദ്ധ ഖുർആനിലും ബാഹ്യമായ അവകാശങ്ങളും ആവശ്യങ്ങളും ശ്രദ്ധിക്കുന്നതിനോടൊപ്പം മാപ്പുകൊടുക്കാനുള്ള താൽപര്യം സ്വീകരിക്കുന്നതിലേക്കും ശ്രദ്ധ ക്ഷണിച്ചു. അല്ലാഹു വിശുദ്ധ ഖുർആനിൽ പറയുന്നു:

**'അല്ലദീന യുൻഫിഖൂന ഫിസ്സർറായി വള്ളർറായി വൽ കാളിമീനൽഗയ്ള വൽആഫീന അനിന്നാസി വല്ലാഹു യുഹിബ്ബുൽ മുഹ്സിനീൻ'**

***'ഐശ്വര്യഘട്ടത്തിലും വിഷമഘട്ടത്തിലും ദൈവമാർഗത്തിൽ ധനം ചെലവഴിക്കുന്നവരും കോപം നിയന്ത്രിക്കുന്നവരും ജനങ്ങൾക്കു മാപ്പുചെയ്തുകൊടുക്കുന്നവരുമത്രെ അവർ; അല്ലാഹു സുകൃതവാന്മാരെ ഇഷ്ടപ്പെടുന്നു.'*** (3:135)

ഇതിൽ ആദ്യം അല്ലാഹു ദാസരുടെ അവകാശങ്ങൾ നല്കുന്നതിന് ആവശ്യക്കാർക്കുവേണ്ടി ചെലവഴിക്കാൻ പറഞ്ഞിരിക്കുന്നു. പിന്നീട് സുകൃതവാന്മാരുടെ ലക്ഷണം തങ്ങളുടെ വികാരങ്ങൾ നിയന്ത്രിച്ച് വെക്കുന്നവരാണെന്ന് അല്ലാഹു പറഞ്ഞു. എല്ലാ തരത്തിലുള്ള ദ്വേഷവും പ്രതികാര വികാരവും മനസ്സിൽനിന്ന് നീക്കം ചെയ്യുക എന്നത് നിസ്സാരകാര്യമല്ല. ഇത് വളരെ വലിയ കാര്യമാണ്. ദ്വേഷം വരാതിരിക്കുകയും പകരം വീട്ടാനുളള വികാരങ്ങളും മനസ്സിൽനിന്ന് പുറത്തുപോകുകയും കോപവികാരങ്ങളെ പുറത്തുകളയുക എന്നതുമാത്രമല്ല പ്രത്യുത തെറ്റുചെയ്യുന്നവർക്ക് എന്തെങ്കിലും നന്മയും ചെയ്യുകയെന്നത് വളരെ വലിയ കാര്യമാണ്. സത്യവിശ്വാസികളിൽ ഇക്കാര്യങ്ങളുണ്ടാകണമെന്ന് അല്ലാഹു ആഗ്രഹിക്കുന്നു. നിവേദനങ്ങളിൽ ഹദ്റത്ത് ഹസൻ(റ)ന്റെ ഒരു സംഭവം വരുന്നുണ്ട്. അദ്ദേഹത്തിന്റെ ഒരു അടിമ എന്തോ തെറ്റുചെയ്തു. അതിൽ അദ്ദേഹത്തിന് കഠിനമായ ദ്വേഷം വന്നു. ശിക്ഷ കൊടുക്കണമെന്ന് വിചാരിച്ചതേയുള്ളു ആ അടിമ ആയത്തിന്റെ **വൽ കാളിമീനൽ ഗയ്ള** എന്ന ഭാഗം ഓതി. അവർ കോപം നിയന്ത്രിക്കുന്നവരാണെന്ന്. അപ്പോൾ ശിക്ഷിക്കുന്നതിന് കൈ ഓങ്ങിയ ഹസൻ(റ)അത് താഴേക്കിട്ടു. അപ്പോൾ അടിമ പറഞ്ഞു: **വൽആഫീന** അതായത് അത്തരക്കാർ ജനങ്ങൾക്ക് മാപ്പുചെയ്തുകൊടുക്കുന്നവരുമാണ്. അപ്പോൾ ഹദ്റത്ത് ഹസൻ(റ)അല്ലാഹുവിന്റെ കല്പന അനുസരിച്ച് പറഞ്ഞു: പൊയ്ക്കോ! ഞാൻ നിനക്ക് മാപ്പു തന്നിരിക്കുന്നു.' അതുകേട്ട് അടിമ പറഞ്ഞു: **വല്ലാഹു യുഹിബ്ബുൽ മുഹ്സിനീൻ** അല്ലാഹു സുകൃതവാന്മാരെ ഇഷ്ടപ്പെടുന്നു. അപ്പോൾ അദ്ദേഹം ആ അടിമയോടു പറഞ്ഞു: 'പൊയ്ക്കോ! ഞാൻ നിന്നെ സ്വതന്ത്രനാക്കിയിരിക്കുന്നു.' എവിടെ വേണമെങ്കിലും പൊയ്ക്കൊള്ളുക.

അല്ലാഹുവിനെ സ്നേഹിക്കണമെന്നാഗ്രഹിക്കുന്നവരുടെ പെരുമാറ്റമാണിത്. കുറ്റം ചെയ്തവരുടെ കുറ്റം മാപ്പാക്കുന്നുവെന്ന് മാത്രമല്ല, പ്രത്യുത അവരിൽ നന്മയും ചെയ്യുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ)ഈ ആയത്തുദ്ധരിച്ചുകൊണ്ട് ഒരിടത്ത് പറയുന്നു:''ആരാണോ കഠിനമായി പ്രവർത്തിക്കുന്നത്, ദ്വേഷപ്പെടുന്നത് അവന്റെ നാവിൽനിന്ന് ദൈവജ്ഞാനവും യുക്തിജ്ഞാനവും ഒരിക്കലും പുറപ്പെടുകയില്ല. ആ മനസ്സ് യുക്തിപരമായ കാര്യങ്ങളിൽനിന്ന് തടയപ്പെടുന്നു. തന്റെ എതിരാളി

നയുണ്ട് അല്ലാതെ മാപ്പുകിട്ടുന്നതോടെ തെറ്റുചെയ്യാൻ കൂടുതൽ തന്റേടമുള്ളവനും കടിഞ്ഞാണില്ലാത്തവനമാകുക എന്നതല്ല അത്തരം വ്യക്തി അല്ലാഹുവിൽനിന്ന് വലിയ പ്രതിഫലം പ്രാപിക്കുന്നതാണ്. അതിനാൽ കുറ്റവാളിയുടെ രീതി ഭാവിയിൽ കുറ്റകൃത്യം ചെയ്യുകയില്ലെന്ന് കാണുന്നനേരത്താണ് വിട്ടുവീഴ്ചയും മാപ്പും ചെയ്യുക. പക്ഷേ, കുറ്റകൃത്യം തൊഴിലാക്കിയിട്ടുള്ള കുറ്റവാളികളുണ്ട്. അവർ കുറ്റം ചെയ്യുകയും എപ്പോഴും മാപ്പുചോദിക്കുകയും ചെയ്യുന്നു. അത്തരക്കാർക്ക് ശിക്ഷ നല്കേണ്ടത് നിർബന്ധമാണ്. ആ ശിക്ഷയിലൂടെ അവന്റെ പരിഷ്കരണത്തിനുള്ള വഴി തുറക്കുംവിധമായിരിക്കണം ശിക്ഷിക്കേണ്ടത്.

അതുകൊണ്ട് ഇതാണ് ഇസ്‌ലാമിക ശിക്ഷയുടേയും മാപ്പിന്റേയും യുക്തി. അതായത് പരിഷ്കരണമായിരിക്കണം മുമ്പിലുണ്ടാവേണ്ടത്. കണ്ണും അടച്ചുകൊണ്ട് എല്ലാവർക്കും മാപ്പുകൊടുത്തുകൊണ്ടേ പോകാൻ അല്ലാഹു ആഗ്രഹിക്കുന്നില്ല; കോപാകുലനായിക്കൊണ്ട് ശിക്ഷയിലേക്ക് ചാഞ്ഞുകൊണ്ടിരിക്കാനും. മാപ്പുകൊടുത്തുകൊണ്ടേ പോകുന്നതിലൂടേയും സമൂഹത്തിൽ വിള്ളലുകൾ ഉണ്ടാകുന്നു. ശിക്ഷിച്ചുകൊണ്ടിരിക്കുന്നതിലൂടേയും വെറുപ്പും പകയും വർധിക്കുന്നു. സമൂഹത്തിൽ വെറുപ്പിന്റെ ഭിത്തികൾ ഉയർന്നുവരുന്നു. അശാന്തി വ്യാപിച്ചുകൊണ്ടുപോകുകയും ചെയ്യുന്നു.

എന്തായാലും ഇസ്‌ലാമിന്റെ ഒരു അടിസ്ഥാനപരമായ അധ്യാപനമാണിത്. നബി(സ)തിരുമേനി ഏതു പരിധിവരെ മാപ്പുകൊടുക്കാറുണ്ടായിരുന്നുവെന്ന് നമുക്ക് ഇനി നോക്കാം. മാപ്പുകൊടുക്കുന്നതിന്റെ മിഅ്റാജ്(കോണിപ്പടി)നമുക്ക് നബി(സ)തിരുമേനിയുടെ ജീവിതത്തിൽ കാണാൻകഴിയുന്നു. ശിക്ഷ വിധിക്കപ്പെട്ടവർക്കും നബി(സ)തിരുമേനി മാപ്പുകൊടുക്കുകയുണ്ടായി. മറ്റുള്ളവരുടെ ആരുടെയെങ്കിലും എന്ന്! മറിച്ച് മാപ്പിന്റേയും ശിക്ഷയുടേയും യുക്തി പറഞ്ഞുകൊണ്ട് വിധിക്കണമെന്നാണ് പറഞ്ഞിട്ടുള്ളത്. അല്ലാഹു പറയുന്നു:

**'വ ജസാഉ സയ്യിഅത്തിൻ സയ്യിഅത്തുൻ മിഥ്‌ലുഹാ ഫമൻ അഫാ വ അസ്‌ലഹ ഫഅജ്റുഹൂ അലല്ലാഹി ഇന്നഹൂ ലാ യുഹിബ്ബുൽള്ളാലിമീൻ** ***തിന്മയ്ക്കുള്ള പ്രതിഫലം തത്തുല്യമായ തിന്മയാണ്. എന്നാൽ, വല്ലവനും മാപ്പുചെയ്യുകയും നന്മ വരുത്തുകയും ചെയ്യുന്നതായാൽ അവന്റെ പ്രതിഫലം അല്ലാഹുവിന്റെ അടുക്കലാണ്. തീർച്ചയായും അവൻ അക്രമികളെ ഇഷ്ടപ്പെടുന്നില്ല'*** (42:41)

അതിനാൽ യഥാർഥകാര്യം കുറ്റവാളിക്ക് അവന്റെ കുറ്റത്തെകുറിച്ച് പറഞ്ഞുകൊടുത്ത് പരിഷ്കരിക്കുക എന്നതാണ്. പകരം വീട്ടുക എന്നതല്ല. കേസുകളിൽ കുടുക്കുക എന്നത് സ്വന്തം പണവും മറ്റുള്ളവരുടെ പണവും നഷ്ടപ്പെടുത്തുക എന്നതാണ്. സ്വന്തം സമയവും മറ്റുള്ളവരുടെ സമയവും നഷ്ടപ്പെടുത്തുക എന്നതാണ്. ജമാഅത്തിന്റെ ഓഫീസുകളിലാണ് കാര്യമെങ്കിൽ അവരെ തെറ്റു ധരിക്കുക എന്നതാണ്. മാപ്പുകൊടുക്കുന്നതുകൊണ്ട് നന്നാകുമെങ്കിൽ മാപ്പുകൊടുക്കുന്നതാണ് നല്ലത്. ഇനി നന്നാക്കാൻ ശിക്ഷകൊടുക്കേണ്ടതാണെങ്കിൽ വിവേകത്തിന്റെ തേട്ടമെന്നു പറയുന്നത് ശിക്ഷകൊടുക്കുക എന്നതാണ്. പിന്നീട് ബന്ധപ്പെട്ട ഡിപ്പാർട്ടുമെന്റുകൾവരെ കാര്യങ്ങൾ കൊണ്ടുപോകുക. ഹദ്റത്ത് മസീഹ് മൗഊദ്(അ)ഈ യുക്തിഭദ്രമായ കല്പനയെ കുറിച്ച് പലയിടത്തും എഴുതിയിട്ടുണ്ട്. ഒരിടത്ത് അവിടന്ന് പറയുന്നു:

"നിയമം നീതിയുടെ അടിസ്ഥാനത്തിൽ എല്ലാ ഓരോ തിന്മയ്ക്കുമുള്ള ശിക്ഷ തതുല്യമായ തിന്മയാണ്. പക്ഷേ, ആരെങ്കിലും തന്നോടു കുറ്റം ചെയ്ത ആൾക്ക് മാപ്പുകൊടുക്കുകയാണെങ്കിൽ, ആ മാപ്പുകൊടുക്കുന്നതിൽ കുറ്റവാളിയുടെ പരിഷ്കരണമുണ്ടാവണമെന്ന നിബന്ധയുടെ മുമ്പിൽ പെട്ടെന്ന് കോപാകുലനായി നിയന്ത്രണം വിടുന്നവരാണവർ. ദുർചിന്താഗതിക്കാരനും കടിഞ്ഞാണില്ലാത്തവനുമായവന്റെ ചുണ്ട് മധുരമുള്ള അരുവിയിൽനിന്ന് പാനം ചെയ്യാൻ ഭാഗ്യമില്ലാത്തതും തടയപ്പെടുന്നതും ആക്കപ്പെടുന്നതാണ്. കോപവും യുക്തിജ്ഞാനവും ഒരുമിച്ചു കൂടുകയില്ല. കോപത്തിന് അടിപ്പെടുന്നവരുടെ ബുദ്ധി സ്ഥൂലവും വിവേകം മന്ദവുമായിരിക്കും. അവന് ഒരിക്കലും ഒരു മൈതാനത്തും വിജയമോ സഹായമോ നല്കപ്പെടുകയില്ല. കോപം അര ഭ്രാന്താണ്. അത് കൂടുതൽ ജ്വലിക്കുമ്പോൾ മുഴുഭ്രാന്താകാനിടയുണ്ട്. ബുദ്ധിയും ദ്വേഷവും തമ്മിൽ ഭയാനകമായ ശത്രുതയാണ്. ദ്വേഷവും കോപവും വരുമ്പോൾ ബുദ്ധി നിലനില്ക്കുകയില്ല. പക്ഷേ, ആരാണോ ക്ഷമിക്കുന്നത് സംയമനത്തിന്റെ മാതൃകകാണിക്കുന്നത് അവന് ഒരു പ്രകാശം നല്കപ്പെടുന്നതാണ്. ഇതുമുഖേന അവന്റെ ബുദ്ധിയുടേയും ചിന്തയുടേയും ശക്തികളിൽ ഒരു പുതിയ പ്രകാശമുണ്ടാകുന്നു. പിന്നീട് പ്രകാശത്തിൽനിന്ന് പ്രകാശമുണ്ടാകുന്നു. ദ്വേഷത്തിന്റേയും കോപത്തിന്റേയും അവസ്ഥയിൽ മനസ്സും ബുദ്ധിയും ഇരുട്ടിലാകുന്നതുകൊണ്ട് ഇരുട്ടിൽനിന്ന് ഇരുട്ടാണ് പിന്നീടുണ്ടാകുന്നത്.

ചിലയിടത്ത് കാഠിന്യം കാണിക്കേണ്ടിവരും. പക്ഷേ, ദ്വേഷവും കോപവുംകൊണ്ട് കാഠിന്യം കാണിക്കുക അനുവദനീയമല്ല. ഇസ്‌ലാമിൽ ശിക്ഷകൾ കൊടുക്കുക എന്ന സംഗതിയുണ്ട്. പക്ഷേ, അതിന് നിയമങ്ങളും ചട്ടങ്ങളുമുണ്ട്. കോപത്തിൽവന്നുകൊണ്ടുള്ള ശിക്ഷ യുക്തിദീക്ഷയിൽനിന്നും നീതിയിൽനിന്നും അകറ്റിക്കൊണ്ടുപോകുന്നതാണ്.

അല്ലാഹു നമ്മളോട് കോപം അടക്കി മാപ്പുകൊടുക്കാനും പറഞ്ഞിരിക്കുന്നത് ഏതെങ്കിലും യുക്തികൂടാതെയല്ല. അതായത് മാപ്പുകൊടുത്തുകൊണ്ടേ പോകുക

കുറ്റവാളിയ്ക്കല്ല മാപ്പു കൊടുത്തത്. പ്രത്യുത സ്വന്തം മക്കളുടെ ഘാതകർക്കാണ് മാപ്പു കൊടുത്തത്. കാരണം അവരുടെ പരിഷ്കരണം നടന്നുകഴിഞ്ഞിരുന്നു. നിവേദനങ്ങളിൽ ഒരു സംഭവം വരുന്നുണ്ട്. ഹബ്ബാർ ബിൻ അസ്‌വദ് എന്നയാൾ നബി(സ)തിരുമേനിയുടെ മകൾ സയ്നബിനുമേൽ മക്കയിൽനിന്ന് മദീനയിലേക്ക് ഹിജ്റ പോകുന്ന നേരത്ത് കുന്തംകൊണ്ട് വധാക്രമണം നടത്തി. അവർ ആ സമയത്ത് ഗർഭിണിയായിരുന്നു. ആക്രമണം കാരണത്താൽ അവരുടെ ഗർഭം അലസിപ്പോയി. പരിക്കുമേറ്റു. ആ പരിക്കുകാരണത്താൽ അവിടന്ന് വഫാത്തുകുകയും ചെയ്തു. ഈ കുറ്റം കാരണത്താൽ ഹബ്ബാറിന്നെതിരെ വധശിക്ഷ വിധിക്കപ്പെട്ടു. മക്ക വിജയത്തിന്റെ അവസരത്തിൽ ഇയാൾ എവിടേക്കോ ഓടിക്കടന്നുകളഞ്ഞു. എന്നാൽ, പിന്നീട് നബി(സ)തിരുമേനി മടങ്ങി മദീനയിലെത്തിയപ്പോൾ ഹബ്ബാർ, നബി(സ)തിരുമേനിയുടെ സന്നിധിയിൽ ഹാജരായി കരുണ യാചിക്കുന്നുവെന്ന് പറഞ്ഞു. ആദ്യം ഞാൻ അങ്ങയെ ഭയന്ന് ഓടിപ്പോയതാണ്. പക്ഷേ, എന്നെ അങ്ങയുടെ മാപ്പും കരുണയും മടക്കിക്കൊണ്ടുവന്നു. അല്ലാഹുവിന്റെ നബിയേ! ഞങ്ങൾ അജ്ഞരായിരുന്നു. ബഹുദൈവാരാധകരായിരുന്നു. അല്ലാഹു ഞങ്ങൾക്ക് അങ്ങ് മുഖേന ഹിദായത്തുനല്കി. നാശത്തിൽനിന്ന് രക്ഷിച്ചു. എന്റെ അതിക്രമങ്ങൾ ഞാൻ സമ്മതിക്കുന്നു. അതുകൊണ്ട് എന്റെ അജ്ഞത അങ്ങ് വിട്ടുവീഴ്ച ചെയ്താലും. എനിക്കു മാപ്പുതന്നാലും. അങ്ങനെ നബി(സ)തിരുമേനി തന്റെ മകളുടെ ആ ഘാതകന് മാപ്പുകൊടുത്തു. പറഞ്ഞു, പൊയ്ക്കോ ഹബ്ബാറേ! ഞാൻ നിനക്കു മാപ്പ് തന്നിരിക്കുന്നു. പിന്നീടു പറഞ്ഞു അല്ലാഹു നിനക്ക് ഇസ്‌ലാം സ്വീകരിക്കാൻ തൗഫീഖ് നല്കിയത് അവന്റെ ഔദാര്യമാണ്. അങ്ങനെ പരിഷ്കരണം നടന്നുകഴിഞ്ഞിരിക്കുന്നുവെന്ന് നബി(സ)തിരുമേനി കണ്ടപ്പോൾ തന്റെ മകളുടെ ഘാതകനും പൊറുത്തുകൊടുത്തു.

ഹദ്റത്ത് ആയിശ(റ)പറയുന്നു:'നബി(സ)തിരുമേനി തന്റെമേൽ ഉണ്ടായിട്ടുള്ള ഒരു അതിക്രമത്തിനും ഒരിക്കലും പകരം വീട്ടിയിട്ടില്ല. അതുകൊണ്ടാണല്ലോ തന്നെ വിഷം കൊടുത്തുകൊല്ലാൻ ശ്രമിച്ച യഹൂദ സ്ത്രീക്കും അവിടന്ന് മാപ്പുകൊടുത്തത്. പിന്നെ ഹിന്ദാണ്. അവർ ഉഹുദ് യുദ്ധത്തിൽ നബി(സ)തിരുമേനിയുടെ പിതൃവ്യനായ ഹദ്റത്ത് ഹംസത്ത്(റ)ന്റെ മൃതശരീരം വികൃതമാക്കിയതാണ്. അവർക്കും മാപ്പുനല്കി. അവിടന്ന് നല്കിയ മാപ്പ് അവരുടെ മുഖച്ഛായ തന്നെ തികച്ചും മാറ്റിമറിച്ചു. വളരെ ആത്മാർഥയുള്ളവരായി. അതേ ദിവസം വൈകുന്നേരം അവർ നബി(സ)തിരുമേനിയ്ക്ക് വിരുന്നൊരുക്കി. രണ്ടാടുകളെ പാകം ചെയ്ത് കൊടുത്തയച്ചു. 'ഇക്കാലത്ത് മൃഗങ്ങൾ കുറവാണന്നും അതുകൊണ്ട് നിസാരമായൊരു ഉപഹാരമാണ് സമർപിക്കുന്നത്'എന്ന് പറയാനും പറഞ്ഞു. അതുകേട്ട് നബി(സ)തിരുമേനി ദുആ ചെയ്തു:'അല്ലാഹുവേ! ഹിന്ദിന്റെ ആട്ടിൻപറ്റത്തിനുമേൽ ഒരുപാട് അനുഗ്രഹം ചൊരിഞ്ഞാലും.' പറയുന്നു:ഈ ദുആയുടെ ഫലമായി ആട്ടിൻപറ്റങ്ങളെ സംരക്ഷിക്കാൻ പറ്റാത്തവിധം അവ വർധിച്ചു.

അബ്ദുല്ലാഹ് ബിൻ അബീ സുലൂലിന്റെ എല്ലാ ദൃഷ്ടതകളും പൊറുത്തുകൊടുത്തു. അയാളുടെ ജനാസയും നമസ്കരിച്ചു. കഅ്ബ് ബിൻ ഉഹീർ ഒരു പ്രശസ്തകവിയായിരുന്നു. ചില കാരണങ്ങൾകൊണ്ട് അയാൾക്കെതിരിലും ശിക്ഷ പുറപ്പെടുവിച്ചു കഴിഞ്ഞിരുന്നു. മക്ക വിജയത്തിനുശേഷം അയാളുടെ സഹോദരൻ അയാൾക്കെഴുതി:'ഇപ്പോൾ വന്ന് നബി(സ)തിരുമേനിയോടു മാപ്പു ചോദിക്കുക.'അങ്ങനെ അയാൾ മദീനയിൽ വന്ന് തന്റെ പരിചയമുള്ള ഒരാളുടെ അടുത്ത് താമസിച്ചു. സുബ്ഹി നമസ്കാരം മസ്ജിദ് നബ്‌വിയിൽ നബി(സ)തിരുമേനിയുടെ പിന്നിൽ നമസ്കരിച്ചു. നമസ്കാരത്തിനുശേഷം നബി(സ)തിരുമേനിയോടു പറയപ്പെട്ടു:'അല്ലാഹുവിന്റെ റസൂലേ, കഅ്ബ് ബിൻ ഉഹീർ തൗബ ചെയ്തുകൊണ്ട് വന്നിരിക്കുന്നു. മാപ്പിന് യാചിക്കുന്നു.' നബി(സ)തിരുമേനി രൂപംകൊണ്ട് അയാളെ തിരിച്ചറിഞ്ഞിരുന്നില്ല. അനുവാദമുണ്ടെങ്കിൽ അയാളെ ഹാജരാക്കാമെന്ന് പറയപ്പെട്ടു.' വരാൻ അവിടന്ന് പറഞ്ഞു. കടന്നുവന്നപ്പോൾ അദ്ദേഹം പറഞ്ഞു: 'അല്ലാഹുവിന്റെ റസൂലേ! ഞാൻ കഅ്ബ് ബിൻ ഉഹീറാണ്. അപ്പോൾ ഒരു അൻസ്വാരി അയാളെ കൊല്ലാൻ ചാടിയെഴുന്നേറ്റു. നബി(സ)തിരുമേനി പറഞ്ഞു:അയാൾ മാപ്പ് ആഗ്രഹിച്ചുകൊണ്ടാണ് വന്നിട്ടുള്ളത്. അയാളെ വെറുതെ വിടുക. അതിനുശേഷം അദ്ദേഹം നബി(സ)തിരുമേനിയുടെ സന്നിധിയിൽ ഒരു ഖസ്വീദ ആലപിച്ചു. അതിൽ സന്തോഷം പ്രകടിപ്പിച്ചുകൊണ്ട് നബി(സ)തിരുമേനി തന്റെ ചാദുറും അയാളെ അണിയിച്ചു. ഇതായിരുന്നു നബി(സ)തിരുമേനിയുടെ മാപ്പിന്റെ നിലവാരം. മാപ്പിനോടൊപ്പം ഉപഹാരങ്ങൾ നല്കി, ദുആകൾ ചെയ്ത് യാത്രയാക്കിയിരുന്നു. നബി(സ)തിരുമേനിയുടെ മാപ്പിന്റെ സംഭവങ്ങൾ നിരവധിയാണ്. അത് മനുഷ്യനെ അത്ഭുതപ്പെടുത്തുംവിധം ഉച്ചിയിലെത്തി നില്ക്കുന്നു.

ഒരിക്കൽ ഒരാൾ നബി(സ)തിരുമേനിയുടെ സന്നിധിയിൽ ഹാജരായി. അയാൾ പറഞ്ഞു:'അല്ലാഹുവിന്റെ റസൂലേ! എനിക്ക് ഒരു അടിമയുണ്ട്. അവൻ തെറ്റു ചെയ്യുന്നു. അവനെ ശാരീരികമായ ശിക്ഷിക്കാൻ എനിക്ക് അനുവാദമുണ്ടോ? നബി(സ)തിരുമേനി പറഞ്ഞു:'നീ അവന് നിത്യവും 70 തവണ വിട്ടുവീഴ്ച ചെയ്യുക.' അതായത് ധാരാളമായിട്ട് വിട്ടുവീഴ്ച ചെയ്യുക.

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: ഈ ജമാഅത്ത് തയ്യാറാക്കിയിരിക്കുന്നതിന്റെ ഉദ്ദേശ്യം നാവ്, ചെവി, കണ്ണ്, എല്ലാ ഓരോ അവയവങ്ങളിലൂടേയും തഖ്‌വ പ്രവേശി

ക്കുക എന്നതാണ്. തഖ്‌വയുടെ പ്രകാശം അതിന്റെ ഉള്ളിലും വെളിയിലും ഉണ്ടാകുക. ഉൽകൃഷ്ടമായ സ്വഭാവഗുണങ്ങളുടെ ഉന്നതമായ മാതൃക ഉണ്ടാകുക. അനാവശ്യമായ കോപം വിദ്വേഷം തുടങ്ങിയവ ഉണ്ടാകാതിരിക്കുക. പറയുന്നു, ജമാഅത്തിലെ മിക്ക അംഗങ്ങളിലും കോപം എന്ന ന്യൂനത ഇപ്പോഴും നിലനില്ക്കുന്നതായി ഞാൻ കാണുന്നു. ചെറിയ ചെറിയ കാര്യങ്ങളിൽ പകയും വിദ്വേഷവും ഉണ്ടാകുന്നു. പരസ്പരം വഴക്കിടുകയും കലഹിക്കുകയും ചെയ്യുന്നു. അത്തരക്കാർക്ക് ജമാഅത്തിൽനിന്ന് ഒരു ഭാഗവും ഉണ്ടാകുകയില്ല. ആരെങ്കിലും ചീത്ത വിളിച്ചാൽ ഇതരൻ മൗനം പാലിക്കുകയും മറുപടി കൊടുക്കാതിരിക്കുയും ചെയ്യുന്നതു കൊണ്ട് എന്തു ബുദ്ധിമുട്ടുണ്ടാകാനാണെന്ന് എനിക്കു മനസ്സിലാകുന്നില്ല. ജമാഅത്തിലെ ഓരോ വ്യക്തിയുടേയും പരിഷ്കരണം ഒന്നാമതായി സൽസ്വഭാവത്തിൽനിന്നാണ് തുടങ്ങുന്നത്. തുടക്കത്തിൽ ക്ഷമയോടുകൂടി ശിക്ഷണത്തിൽ അഭിവൃദ്ധിപ്പെടേണ്ടതാണ്. ആരെങ്കിലും ചീത്തവാക്കുപറഞ്ഞാൽ അവനുവേണ്ടി വേദനിക്കുന്ന മനസ്സോടെ ദുആ ചെയ്യുക എന്നതാണ് ഏറ്റവും നല്ല രീതി. നമ്മൾ ഈ നിലവാരം കരസ്ഥമാക്കുന്നവരാകാൻ അല്ലാഹു അനുഗ്രഹിക്കുമാറാകട്ടെ.

# അദൃശ്യത്തിന്റെ രഹസ്യം

ഹദ്റത്ത് അഹ്മദ്(അ)

അല്ലാഹു എല്ലാ തിരശ്ശീലയും ഉയർത്തിക്കളയുകയും ഒരു കാര്യവും തന്നെ ഗോപ്യവും അദൃശ്യവുമോ ആകാതിരിക്കുകയും മരണപ്പെട്ടവർ തിരിച്ചു വന്ന് സ്വർഗ്ഗവും നരകവുമെല്ലാം. സത്യമാണെന്ന് നേരിട്ട് വിവരിക്കുകയും ചെയ്യുകയാണെങ്കിൽ പറയുക, നിരീശ്വര വാദികളും ബിംബാരാധകരുമായി ഈ ലോകത്ത് ആരെങ്കിലും അവശേഷിക്കുമായിരുന്നോ? ഉദാഹരണത്തിന്ന് ഈ പ്രദേശത്ത് തന്നെയുള്ള ഏതാനും മരണപ്പെട്ട അളുകൾ തിരിച്ചു വന്നു കൊണ്ട് സത്യാവസ്ഥകൾ വിവരിക്കുകയും അവർ തങ്ങളുടെ പേരക്കുട്ടികൾക്കും ബന്ധുക്കൾക്കുമെല്ലാം കാര്യങ്ങൾ വിശദീകരിച്ചു കൊടുക്കുകയും ചെയ്തുവെന്ന് കരുതു. എങ്കിൽ ഒരൊറ്റ സത്യനിഷേധിയും ഉണ്ടാകുമായിരുന്നോ? ഒരിക്കലുമില്ല. അല്ലാഹു തആല അങ്ങനെ സംഭവിക്കാൻ ആഗ്രഹിച്ചിട്ടില്ല. സൂര്യനെ സംബന്ധിച്ച് ആരെങ്കിലും അത് ഉള്ളതാണെന്നും അത് പ്രകാശം നൽകുന്നുവെന്നും ഞാൻ വിശ്വസിക്കുന്നുവെന്ന് പറഞ്ഞാൽ ആ വിശ്വാസത്താൽ എന്തെങ്കിലും പ്രതിഫലം നേടാൻ അവനു സാധിക്കുമോ? ഒട്ടും സാധ്യമല്ല. അപ്രകാരം അല്ലാഹു ഈമാനെ വൈശിഷ്ട്യവത്ക്കരിക്കുന്നതിനും സൽക്കർമ്മങ്ങൾക്ക് പ്രതിഫലം നൽകുന്നതിനും വേണ്ടി ചില കാര്യങ്ങൾ ഗോപ്യമാക്കിവെക്കാൻ അല്ലാഹു ഇഷ്ടപ്പെടുകയുണ്ടായി. അത്മുഖേന ജ്ഞാനികൾക്ക് സൗഭാഗ്യം സിദ്ധിക്കുകയും അവിവേകികൾ ഹതഭാഗ്യരാവുകയും ചെയ്യുന്നു.

യഥാർത്ഥവും യുക്തി ഭദ്രവുമല്ലാത്ത ഒരു വിശ്വാസകാര്യവും ഇല്ലതന്നെ. ആ അദൃശ്യതയിൽ അത്യുന്നത യുക്തി അടങ്ങിയുട്ടുണ്ട്. ഞാനിപ്പോൾ പറഞ്ഞതു പോലെ ഒന്നും മറഞ്ഞിരിക്കാതെ എല്ലാം ദൃഷ്ടിഗോചരമായിത്തീരുകയും പ്രതിഫലനാളിന്റെ അവസ്ഥയും ദൈവപ്രീതിയെക്കുറിച്ചുള്ള വിവരങ്ങളും പ്രത്യക്ഷമാവുകയും ചെയ്യുകയാണെങ്കിൽ സൽക്കർമ്മം സലക്കർമ്മമല്ലാതായി തീരുന്നതാണ്. അതിനൊരു വിലയും ഉണ്ടായിരിക്കില്ല. ദൃഷ്ടിഗോചരവും സ്പർശനവേദ്യവുമായ വസ്തുക്കളിൽ വിശ്വസിക്കുന്നത് മൂലം ഒരു പ്രതിഫലവും ലഭിക്കുകയുയില്ല. മസ്ജിദിലോ വൃക്ഷത്തിലോ സൂര്യനിലോ വിശ്വസിക്കുകയും അവയുടെ അസ്തിത്വം അംഗീകരിക്കുകയും ചെയ്യുന്നവൻ ഏതെങ്കിലും പ്രതിഫലത്തിന്ന് അർഹത നേടുന്നില്ല. പക്ഷേ അഗോചരമായതിനെ അപഗ്രഥിച്ചു കൊണ്ട് അതിൽ വിശ്വാസം കൊള്ളുന്നവൻ നിസ്സംശ്ശയം സ്തുത്യർഹമായ പ്രവർത്തിചെയ്യുന്നവനായി ഗണിക്കപ്പെടുന്നതാണ്. അയാൾ പുകഴ്ത്തപ്പെടാനും പ്രശംസിക്കപ്പെടാനും യോഗ്യതയാർജ്ജിക്കുന്നു. എല്ലാം തീർത്തും ദൃശ്യമായി തീർന്നാൽ പിന്നെന്താണുള്ളത്. (മൽഫൂസാത്ത് വാ 3 പേ 147)

# ദൈവാസ്തിക്യത്തിന്റെ തെളിവുകൾ

ദൈവം ഉണ്ട് എന്നതിന് നനാവിധത്തിലുള്ള ചിന്തനീയമായ തെളിവുകളാണ് വിശുദ്ധ ഖുർആൻ നൽകുന്നത്.

**ഹദ്റത്ത് മിർസാ താഹിർ അഹ്മദ് (റഹ്)**

(ഖലീഫത്തുൽ മസീഹ് നാലാമൻ)

ദൈവം അവന്റെ തന്നെ അസ്തിത്വത്തെ സംബന്ധിച്ച് മുന്നോട്ട് വെക്കുന്ന സാക്ഷ്യത്തെ പറ്റി വിശുദ്ധ ഖുർആൻ അതീവ പ്രാധാന്യത്തോടെ പറയുന്ന കാര്യ ങ്ങളോടൊപ്പം നമുക്ക് ആരംഭിക്കാം. ദൈവം നിലനിൽക്കുന്നുണ്ടോ അതല്ല അവൻ നിലനിൽക്കുന്നില്ല യോ? ഈ അടിസ്ഥാനത്തിലാണ് എല്ലാ മതങ്ങളും കെട്ടിപൊക്കിയിരി ക്കുന്നത്. ചോദ്യം ഇതാണ്. ദൈവം നിലനിൽക്കുന്നുവെങ്കിൽ ആരാണ് അവനെ കണ്ടത്? അവൻ കാണു ന്നത്പോലെ നല്ലവനാണോ എന്നതി ന്ന് ആരാണ് സാക്ഷ്യം വഹിച്ചത്? മർമ്മ പ്രധാനമായ കാര്യം, ദൈവം അവന്റെ അസ്തിത്വത്തിന്ന് തെളി വായി അവൻ സ്വയം തന്നെ സംസാരിക്കണം. അവന്റെ ശബ്ദം കേട്ടവരെ തന്നെ സാക്ഷികളായി അവതരിപ്പിക്കുകയും വേണം. ആനുഷംഗികമായി പറയട്ടെ, ഇത് വിശുദ്ധ ഖുർആനെ ഇതര മത ഗ്രന്ഥങ്ങളിൽ നിന്നും വ്യതിരിക്ത മാക്കുന്ന മറ്റൊരു കാര്യമാണ്. **'ഞാൻ ഉണ്ട്'** എന്ന ദൈവത്തിന്റെ തന്നെ വ്യക്തമായ അവകാശവാദം അവതരിപ്പിക്കുന്നതിൽ അത്തരം മതഗ്രന്ഥങ്ങൾ പരാജയപ്പെടുന്നു. ചില മതഗ്രന്ഥങ്ങൾക്ക് ഈ ധ്വനി ഉണ്ടാക്കുന്ന വാക്കുകളുണ്ട്. പക്ഷേ മിക്ക മതഗ്രന്ഥങ്ങളിലും ഇത്പോലെ യുള്ള വാക്കുകളില്ല. തെളിവുകളു ടെ എല്ലാ മാനദണ്ഡങ്ങളും പാലിച്ചു കൊണ്ട് സാക്ഷികൾക്ക് പിറകെ സാക്ഷികളുമായി ഈ അവകാശ വാദത്തെ അനുകൂലിക്കുകയോ അനുകൂലിക്കാതിരിക്കുകയോ ചെയ്യുന്നവരുണ്ട്.

വിശുദ്ധ ഖുർആന്റെ നിരീക്ഷ ണം നോക്കുക.

**താനല്ലാതെ മറ്റൊരു ആരാധ്യ നുമില്ലെന്ന് നീതിയെ മുൻനിർത്തി അല്ലാഹു സാക്ഷ്യം വഹിക്കുന്നു. (അപ്രകാരം) തന്നെ മലക്കുകളും ജ്ഞാനികളും സാക്ഷ്യം വഹിക്കു ന്നു. പ്രതാപശാലിയും അഗാതജ്ഞ നുമായ അവനല്ലാതെ മറ്റൊരു ആരാധ്യനില്ല. (ആലു ഇംമ്രാൻ 3:19)**

ഇപ്പോൾ ആരാണ് അല്ലാഹു വിൽ നിന്നും ഈ അവകാശവാദം കേൾക്കുന്നത്, എങ്ങനെയാണ് ഈ അവകാശവാദം അവൻ പുറപ്പെടു വിച്ചതെന്ന് നമുക്കറിയാൻ സാധി ക്കുക? നമുക്ക് പരിശോധനക്കായി പല കോണുകളിൽ നിന്നും ഇത് നോക്കാവുന്നതാണ്. ആദ്യമായി ഇതിന്ന് യാതൊരു എതിർ തെളിവു കളും നിലനിൽക്കുന്നില്ല. ദൈവം സ്വയമല്ലാതെ ദൈവപദവിക്ക് മറ്റൊരു വാദിയുമില്ല. അങ്ങനെ ദൈവത്തെ കൂടാതെ താനും കൂടി ദൈവമായി ഇരിക്കുന്നു എന്ന വാദം ആരും ഒരിക്കലും പുറപ്പെടുവിച്ചിട്ടു മില്ല. ദൈവത്തെ കൂടാതെ മറ്റു ദൈവങ്ങളുമുണ്ട് എന്ന വാദം ഉന്നയിച്ചത് മനുഷ്യൻ മാത്രമാണ്. ദൈവ പദവിക്ക് മറ്റൊരു എതിർവാദി ഇല്ലാതിരിക്കുക എന്നത് വാസ്ത വത്തിൽ അല്ലാഹുവിന്റെ വാദത്തി ന്ന് അനുകൂലമായ ശക്തമായ ഒരു തെളിവാണ്. മറ്റുദൈവങ്ങളും ഉണ്ടായിരുന്നുവെങ്കിൽ അവർ എല്ലാവരും കൂടി 'ഞങ്ങൾകൂടി ഉണ്ട്', 'ഞങ്ങൾകൂടി ഉണ്ട്', 'ഞങ്ങ ൾകൂടി ഉണ്ട്' എന്ന് ഉച്ചത്തിൽ എതിർ വാദമുന്നയിച്ചുകൊണ്ട് തങ്ങളുടെ ശബ്ദജാലത്താൽ പ്രപ ഞ്ചമാസകലം നിറയുമായിരുന്നു. പക്ഷേ ഇത് സംഭവിക്കുന്നില്ല.

ഏക ദൈവത്തിലോ ബഹുദൈ വങ്ങളിലോ വിശ്വസിക്കുന്ന ഏതെ ങ്കിലും വിശ്വാസികൾ മേൽപറഞ്ഞ തെളിവുകളുടെ അഭാവം മാത്രം മതിയാകും. പക്ഷേ ദൈവത്തിൽ വിശ്വാസമില്ലാത്ത ആളുകൾക്ക് മറ്റൊരു രീതിയിൽ ഖുർആൻ നൽകുന്ന തെളിവ് നാം പിന്നീട് നൽകുന്നതാണ്.

മേൽ ഉദ്ദരിച്ച വചനത്തിലേക്ക് സമയോചിതമായി മടങ്ങി വരാം. നാം ഇവിടെ മലക്കുകളുടെ (മാലാഖമാർ) തെളിവുകൾ എന്ന വിഷയത്തിലേക്ക് വരാം. മലക്കു കൾ (മാലാഖമാർ) എന്ന പ്രതിപാ

ദനം വിശുദ്ധ ഖുർആനിലുടനീളം വ്യാപിച്ചു കിടക്കുന്നു. മലക്കുകൾ പ്രകൃതി നിയമങ്ങൾ നിയന്ത്രിക്കാനായി സൃഷ്ടിക്കപ്പെട്ട ബോധാത്മക അസ്തിത്വമാണെന്ന് സംശയലേശമന്യേ നമുക്ക് നിഗമനത്തിലെത്താവുന്നതാണ്. അഹ്മദിയ്യാ ജമാഅത്തിന്റെ സ്ഥാപകൻ വാഗ്ദത്ത മസീഹിന്റെ അത്യഗാതമായ ജ്ഞാനപ്രകാരം മലക്കുകൾ എന്നത് നിരന്തരമായ മാർഗ്ഗദർശനത്തിന്ന് കീഴിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന പ്രകൃതി നിയമങ്ങളുടെ യജമാനന്മാരാണ്. ഊർജ്ജതന്ത്രം, രസതന്ത്രം, സസ്യശാസ്ത്രം, ജന്തുശാസ്ത്രം എന്നിങ്ങനെ ശാഖകളായി പിരിഞ്ഞുകിടക്കുന്നു മുഴുശാസ്ത്രലോകവും ഒരുപോലെ ഈ മലക്കുകളാണ് ഭരിക്കുന്നത്. ആയതിനാൽ പ്രകൃതി നിയമങ്ങൾ സ്വയം തന്നെ ഭരിക്കപ്പെടുന്നതായി നിങ്ങൾ കാണുകയാണെങ്കിൽ, അത് ഒരു സങ്കടകരമായ മണ്ടത്തരമായിരിക്കും. മേൽപറഞ്ഞ മലക്കുകളെ കുറിച്ചുള്ള സാക്ഷ്യത്തെ പറ്റി ചിന്തിക്കുകയാണെങ്കിൽ നിങ്ങൾ മലക്കുകളിൽ വിശ്വസിച്ചാലും ഇല്ലെങ്കിലും പ്രകൃതിയിൽ പ്രകടിതമാവുന്ന അവരുടെ സാക്ഷ്യം നിങ്ങളെ അതേ നിഗമനത്തിലേക്ക് തന്നെയാണ് എത്തിക്കുക. ഇവിടെ ഒരു ദൈവമുണ്ടെങ്കിൽ അവൻ ഒരുവനായിരിക്കണം. ഒന്നുമാത്രമായിരിക്കണം. ബഹുദൈവ സങ്കൽപ്പം ഈ മഹിതമായ തെളിവിനെ തകർക്കുകയും പൊടിച്ചു പരത്തുകയും ചെയ്യും. പ്രപഞ്ചമാകെ അതിന്റെ വിരൽ ചൂണ്ടുന്നത് ഒരു സ്രഷ്ടാവിലേക്കാണ്.

എവിടെയെല്ലാം മതത്തിന്റെ ആളുകൾ അവരുടെ ഹൃദയത്തിൽ മലക്കുകൾ ഇറങ്ങുന്നുവെന്ന് വാദിച്ചുവോ അവർ നൽകിയ സന്ദേശത്തിൽ ഏകനായ ദൈവത്തെ ആരാധിക്കാൻ പാടില്ല. ബഹുദൈവങ്ങളെയും ആരാധിക്കുക. കാരണം അവന്ന് പുറമെ മറ്റുദൈവങ്ങളും സഹവർത്തിച്ചു നിൽക്കുന്നുണ്ട് എന്ന സന്ദേശം ലഭിച്ചതായി ആരോപിക്കപ്പെടുന്നില്ല

അതേ വചനത്തിൽ ഉള്ളടങ്ങിയ മൂന്നാമത്തെ തെളിവ്. ജ്ഞാനികളായ ആളുകളുടെതാണ്. ദൈവത്തിന്റെ ***ഖായിമൻ ബിൽ ഖിസ്തി*** അർത്ഥം – 'അവൻ എപ്പോഴും നീതിയുടെ പരിപാലകനാണ്' എന്ന ഗുണത്തിന്ന് കീഴിൽ അവരെ എപ്പോഴും മലക്കുകൾ പര്യാവരണം ചെയ്യുന്നു. അങ്ങനെ അതേ ഗുണങ്ങൾ തന്നെ മലക്കുകളുടെയും ജ്ഞാനികളായ ആളുകളുടെ തെളിവുകളിലും പതിയുന്നു. സമൂഹത്തിൽ മുഴുവനും സത്യസന്ധരും ജ്ഞാനികളുമാണെന്ന് അറിയപ്പെടുന്ന നീതിമാന്മാരായ ആളുകളോട് നിങ്ങൾ അന്വേഷിച്ചാൽ അവർ വ്യക്തിപരമായി ഏകനായ ഒരു ദൈവമല്ലാതെ മറ്റൊരു ദൈവവുമില്ലെന്ന് എപ്പോഴും സാക്ഷ്യം വഹിക്കുന്നവരായിരിക്കും. അദ്ദേഹം ഏത് മതം പിന്തുടരുന്ന ആളായാലും അദ്ദേഹം ഈ സാക്ഷ്യമാണ് നൽകുക. ഒരു ദൈവത്തിലും വിശ്വസിക്കാത്ത വ്യക്തി ആണെങ്കിൽ, അയാൾ ആ നിലപാട് തന്നെയാണ് പാലിക്കുക. നേരിട്ടുള്ള ചോദ്യമാണെങ്കിൽ അദ്ദേഹം നൽകാൻ സാദ്ധ്യതയുള്ള ഉത്തരം: എന്റെ ഹൃദയത്തിൽ ഒരു ദൈവവും ഇറങ്ങിയിട്ടില്ല എന്നായിരിക്കും. എന്നാൽ എന്റെ ഹൃദയത്തിൽ ഒന്നിലധികം ദൈവം ഇറങ്ങി എന്ന് അദ്ദേഹവും പറയില്ല.

## ദൈവാസ്തിത്വം: നാസ്തികന്ന് വേണ്ടിയുള്ള തെളിവ്

വിശുദ്ധ ഖുർആൻ മനുഷ്യപ്രകൃതിയുടെ ഒരു തെളിവിന്നായി മുന്നോട്ട് വെക്കുന്നു ഒരു വാദം കൂടിയുണ്ട്. ഈ വാദം സൂറ: അഅ്റാഫിൽ ഇപ്രകാരം കാണാം:

**ആദം സന്തതികളേ അവരുടെ നാഭീ പ്രദേശത്ത്നിന്നും അവരുടെ പിൻ തലമുറകളെ നിന്റെ നാഥൻ പുറത്ത് കൊണ്ട്വരുകയും ഞാൻ നിങ്ങളുടെ നാഥനല്ലയോ? എന്ന് ചോദിച്ചു കൊണ്ട് അവരുടെ ആത്മാക്കളുടെ മേൽ അവരെ തന്നെ സാക്ഷിനിർത്തുകയും ചെയ്തപ്പോൾ, അവർ പറഞ്ഞു: 'അതേ ഞങ്ങൾ സാക്ഷ്യം വഹിക്കുന്നു' ഞങ്ങൾ അതിനെ സംബന്ധിച്ച് അശ്രദ്ധരായിരുന്നു എന്ന് പുനരുത്ഥാന നാളിൽ പറയാതിരിക്കാൻ വേണ്ടിയാണിത്. (സൂറ: അഅറാഫ് 7: 173)**

ഇതിന്ന് അർത്ഥം, തന്റെ നാഭീ പ്രദേശത്തുനിന്നുമുള്ള രേതസ്ക്കണത്തിൽ നിന്നും പുറപ്പെടുന്ന എല്ലാ ആദം സന്തതികളും അവർ ഭൂതകാലത്തോ ഭാവിയിലോ പിറക്കുന്നവരായാലും അവരിൽ ദൈവാസ്തിക്യത്തെ കുറിച്ച് ഒരു ആഭ്യന്തര തെളിവ് ഉണ്ടാകും എന്നാണ്. മിക്ക ആളുകളും താൻ പിറന്ന അണ്ഡവും ബീജവും സങ്കലിതവും അത്യന്തം സങ്കീർണ്ണവുമായ ക്രോമോസോമിൽ നിന്നുമുള്ള ജനനത്തെ പറ്റി ചിന്തിക്കുന്നില്ല. ക്രോമോസോമാകട്ടെ അവിശ്വസനീയമാം വിധം സൂക്ഷ്മമായ ജീനുകളാൽ നിർമ്മിക്കപ്പെട്ടതാണ്. ജീനുകൾ വളരെയേറെ സങ്കീർണ്ണവും ദീർഘവുമായ ഒരു ശൃംഖലയിൽ നന്നായി ക്രമീകരിക്കപ്പെട്ടിരിക്കുന്നു. ഓരോന്നും അതാതിന്റെ കൃത്യ സ്ഥലത്താണ് വിന്യസിക്കപ്പെട്ടിരിക്കുന്നത്. ജീവനെ നശിപ്പിക്കാതെ അതിൽ വ്യതിയാനം വരുത്താൻ സാധിക്കില്ല. അവ അത്യന്തം സൂക്ഷ്മമായിരിക്കെത്തന്നെ എല്ലാ സ്ത്രീ പുരുഷന്മാരുടെയും ഭ്രൂണാവസ്ഥയിൽ തന്നെ രൂപം, സ്വഭാവം, വ്യക്തിപരമായ പ്രത്യേകതകൾ മുതലായ സകല രൂപരേഖയും നിർണ്ണയിക്കപ്പെട്ടിരിക്കുന്നു. പിറക്കാത്ത കുഞ്ഞിന്റെ വളരേണ്ട അവയവങ്ങൾ എപ്പോഴാണ് വളരേണ്ടതെന്നും വളർച്ച നിലക്കേണ്ട സമയം ഏതാണെന്നും എല്ലാം അതിൽ ഉള്ളടങ്ങിയിട്ടുണ്ട്. അതിൽ മനുഷ്യശരീരത്തിന്റെ എല്ലാ കഴിവുകളും അതിന്റെ ഹൃദയം, ഭാവിയിലെ പ്രവണതകൾ, രോഗ പ്രതിരോധ സംവിധാനം, ഭാവിയിൽ ഓരോ ഘട്ടങ്ങളിലും അതിന്നുണ്ടാകുന്ന മാറ്റങ്ങൾ അതിന്റെ പരിമിതികൾ

എല്ലാം അവയിൽ രേഖപ്പെടുത്തിയിരിക്കുന്നു.

മനുഷ്യശരീരത്തിലെ ഓരോ കോശങ്ങളിലും മുഴുവൻ ജീവന്റെ രൂപരേഖയും ഉല്ലേഖനം ചെയ്യപ്പെട്ടിരിക്കുന്നു. അത്തരം സമ്പൂർണ്ണ തികവാർന്ന കോശങ്ങളുടെ സംഘാടനം സ്വയംതന്നെ നിലവിൽ വരില്ല എന്ന് കാര്യബോധമുള്ളവർക്ക് ഇത് സൂചന നൽകുന്നു. ഇവിടെ എന്തായാലും സമാനതകളില്ലാത്ത ഈ അത്ഭുതം സൃഷ്ടിച്ച ഒരു സ്രഷ്ടാവ് ഉണ്ടായിരിക്കേണ്ടതുണ്ട്. ആ ജീനുകൾ ഉൾക്കൊള്ളുന്ന സന്ദേശം, ശാസ്ത്രജ്ഞന്മാർ തലമുറകളോളം മനസ്സിലാക്കാൻ സാധന ചെയ്താലും മനുഷ്യന്ന് പൂർണ്ണമായും ഉൾക്കൊള്ളാൻ സാദ്ധ്യമല്ല. മാത്രമല്ല ജീനുകൾക്ക് സ്വയം ജനിക്കാൻ സാദ്ധ്യമല്ല എന്ന് ജ്ഞാനികളായ മനുഷ്യർ ബോധപൂർവ്വം സാക്ഷ്യം വഹിക്കുന്നു. ഇത് സംബന്ധിച്ച് അഗാധമായ അജ്ഞതയിലായിരുന്നവർ ഇക്കാര്യം മനസ്സിലാക്കിയിട്ടില്ല. **'ഞാൻ നിങ്ങളുടെ രക്ഷിതാവല്ലയോ?'** എന്ന് ദൈവം ആരാഞ്ഞപ്പോൾ അവരുടെ ജീവന്റെ മൂലാധാരത്തിൽ ദൈവം അത് ഉല്ലേഖനം ചെയ്യപ്പെട്ടതാണ്. തങ്ങളുടെ പൂർവ്വ പിതാക്കളുടെ നാഭീദേശത്ത് നിന്നും ഉച്ചരിക്കപ്പെടാത്ത വാക്കുകളിൽ ഉതിർന്നു വീണ മറുപടി **'എന്തുകൊണ്ടില്ല?', 'എന്തുകൊണ്ടില്ല?'** എന്നായിരുന്നു.

ഈ വിഷയം അത്യന്തം ബൃഹത്താണ്. ഞാൻ മുമ്പ് പ്രതിപാദിച്ചത് പോലെ ഇത് സംബന്ധിച്ച് ശാസ്ത്രജ്ഞന്മാർ എഴുതിയ വിവരങ്ങൾ വായിച്ചുതീരാൻ ഒരു വായനക്കാരന്ന് ജീവിതം മുഴുവൻ ചെലവാക്കേണ്ടിവരും. ഈ വിവരങ്ങളെല്ലാം രേഖപ്പെടുത്തിവെക്കാൻ ശാസ്ത്രജ്ഞന്മാർ തലമുറ തലമുറയായി കഠിനമായി പരിശ്രമിക്കേണ്ടി വരും. ഇത് സംബന്ധിച്ച മുഴുവൻ ശാസ്ത്ര ഗവേഷണങ്ങളും എഴുതി രേഖപ്പെടുത്തുകയാണെങ്കിൽ അത് നൂറുക്കണക്കിന്ന് വാല്യങ്ങൾ വരുന്ന പുസ്തക ശേഖരം തന്നെ ആയിത്തീരും.

അതായത് ആദ്യമായി മേൽപറഞ്ഞ വചനത്തിൽ നിന്നും ദൈവം ഉണ്ട് എന്ന സങ്കൽപ്പം ഒരു കാലഘട്ടത്തിലെ ഒരു തലമുറയിലെ മനുഷ്യരിൽ മാത്രം അഭ്യന്തരമായി ബോധനം ചെയ്യപ്പെട്ടതല്ല എന്ന് വ്യക്തമാണ്. എന്നാൽ ആദം സന്തതികൾക്ക് മുഴുവൻ ഈ സങ്കൽപ്പം അനന്തരാവകാശമായി ലഭിച്ച പൈതൃകമാണ്. നാസ്തികരായ നിരീശ്വരവാദികൾ പോലും ആത്മ പരിശോധന നടത്തിയാൽ അത്തരത്തിലുള്ള നിരവധി സാക്ഷ്യങ്ങൾ അവർക്ക് സ്വയം തന്നെ കണ്ടെത്താവുന്നതാണ്. തീർച്ചയായും എല്ലാ മനുഷ്യരുടെ ബോധമണ്ഡലവും ദൈവത്തിന്റെ അസ്തിത്വം പിന്തുടരുന്നില്ല. ഈ വചനത്തിൽ **'അലാ'** എന്ന വാക്ക് ഉൾപ്പെടുന്നില്ലായിരുന്നുവെങ്കിൽ ഈ എഴുതപ്പെട്ട സാക്ഷ്യം അവരിൽ പലർക്കുമെതിരെ ഒരു സാക്ഷിയായി നിൽക്കുമായിരുന്നു.

വിശുദ്ധ ഖുർആനിലെ ഹാ മീം സജദ എന്ന അദ്ധ്യായത്തിൽ രണ്ട് വ്യത്യസ്ത വീക്ഷണകോണിലൂടെ ഇത് സംബന്ധിച്ച് അതേ വസ്തുതയിലേക്ക് തന്നെ മനുഷ്യന്റെ ശ്രദ്ധ ക്ഷണിക്കുന്ന മറ്റൊരു വചനമുണ്ട്. **'(ദൈവത്തിന്റെ അസ്തിത്വം) സത്യമാണെന്ന് (ഭൂമിയുടെ) ചക്രവാളങ്ങളിലും അവരിൽ തന്നെയും നാം എഴുതിയ ദൃഷ്ടാന്തങ്ങൾ അവരിൽ പ്രകടിതമാവുന്നത് വരെ നാം അവർക്ക് ഉടൻ കാണിച്ചുകൊടുക്കും. നിന്റെ നാഥൻ എല്ലാ കാര്യത്തിലും സാക്ഷിയാണെന്നത് മതിയായതല്ലേ (ഹാമീം അൽ-സജ്ദ 41:54)**

ഭൂമിയിൽ മുഴുവൻ ദൈവത്തിന്റെ അസ്തിത്വത്തെ സംബന്ധിച്ച തെളിവുകൾ ചിതറിക്കിടക്കുന്നു എന്ന് ഈ വചനം ഉണർത്തുന്നു. അതിഗഹനവും ബൃഹത്തായതുമായ ഈ പഠനത്തിൽ മുഴുകുവാൻ ഒരാൾക്ക് കഴിയുന്നില്ലെങ്കിൽ അയാൾ തന്റെ ഹൃദയത്തിലേക്കും ജീവിതത്തിന്റെ സങ്കീർണ്ണതയിലേക്കും തിരിയേണ്ടതുണ്ട്. അങ്ങനെ ദൈവത്തിന്റെ അസ്തിത്വത്തെ സംബന്ധിച്ച് അവനിൽ നിന്ന് തന്നെ മനസ്സിലാക്കാൻ കഴിയണം. ലോകത്തിന്റെ എല്ലാ ഭാഗങ്ങളിലുമുള്ള മനുഷ്യർക്കും ഏതെങ്കിലും വിധത്തിലുള്ള ദൈവവിശ്വാസമുണ്ട് എന്ന കാര്യം ഒരത്ഭുതമല്ല. അബോറിജിനുകൾക്കിടയിലും തദ്ദേശീയരായ അമേരിക്കൻ ജനത

മനുഷ്യശരീരത്തിലെ ഓരോ കോശങ്ങളിലും മുഴുവൻ ജീവന്റെ രൂപരേഖയും ഉല്ലേഖനം ചെയ്യപ്പെട്ടിരിക്കുന്നു. അത്തരം സമ്പൂർണ്ണ തികവാർന്ന കോശങ്ങളുടെ സംഘാടനം സ്വയംതന്നെ നിലവിൽ വരില്ല എന്ന് കാര്യബോധമുള്ളവർക്ക് ഇത് സൂചന നൽകുന്നു. ഇവിടെ എന്തായാലും സമാനതകളില്ലാത്ത ഈ അത്ഭുതം സൃഷ്ടിച്ച ഒരു സ്രഷ്ടാവ് ഉണ്ടായിരിക്കേണ്ടതുണ്ട്. ആ ജീനുകൾ ഉൾക്കൊള്ളുന്ന സന്ദേശം, ശാസ്ത്രജ്ഞന്മാർ തലമുറകളോളം മനസ്സിലാക്കാൻ സാധന ചെയ്താലും മനുഷ്യന്ന് പൂർണ്ണമായും ഉൾക്കൊള്ളാൻ സാദ്ധ്യമല്ല. മാത്രമല്ല ജീനുകൾക്ക് സ്വയം ജനിക്കാൻ സാദ്ധ്യമല്ല എന്ന് ജ്ഞാനികളായ മനുഷ്യർ ബോധപൂർവ്വം സാക്ഷ്യം വഹിക്കുന്നു. ഇത് സംബന്ധിച്ച് അഗാധമായ അജ്ഞതയിലായിരുന്നവർ ഇക്കാര്യം മനസ്സിലാക്കിയിട്ടില്ല.

ക്കിടയിൽ പോലും ദൈവാസ്തിത്വത്തെ സംബന്ധിച്ച അതേ ബോധം കുടികൊള്ളുന്നു. ഇത് മാത്രമല്ല രണ്ടു കൂട്ടരിലും പൊതുവായുള്ള അചഞ്ചല വിശ്വാസമെന്തെന്നാൽ ഭാവിയിൽ ഭീതിയും സന്തോഷവും ഉണ്ടാക്കുന്ന സംഭവങ്ങളെ പറ്റി ദൈവം ആളുകളെ അറിയിക്കുമെന്നാണ്.

മനുഷ്യൻ അംഗീകരിക്കാൻ വിശുദ്ധ ഖുർആൻ ഇടക്കിടെ നിർബന്ധിക്കുന്ന മറ്റൊരു തെളിവ് ഒന്നുമില്ലാത്ത അവസ്ഥയിൽ നിന്നും മനുഷ്യൻ അസ്തിത്വത്തിലേക്ക് വന്ന കാര്യമാണ്. അപ്രകാരം മനുഷ്യന്ന് അറിയാവുന്ന ഒരു കാര്യം അവൻ സ്വയം തന്നെ അവന്റെ സ്രഷ്ടാവല്ല എന്നതാണ്. അതായത്. മനുഷ്യൻ അവന്റെ സ്വയം സ്രഷ്ടാവല്ല. ആയതിനാൽ ഒന്നുമില്ലായ്മയിൽ നിന്നും അവൻ സൃഷ്ടിക്കപ്പെട്ടു എന്നിരിക്കെ പുറത്ത് നിന്നുള്ള ഒരു ശക്തിയുടെ ആവശ്യമുണ്ട് എന്ന കാര്യം അവൻ അറിയുന്നു.

മനുഷ്യ പ്രകൃതിയിൽ കൊത്തിവെച്ച മറ്റൊരു തെളിവ് എല്ലാ കാലത്തുമുള്ള ജനങ്ങളിൽ ധാർമികതയുടെ സാക്ഷാത്ക്കാരത്തെ പറ്റി കാണപ്പെടുന്ന സാമ്യതയാണ്. സർവ്വകാലത്തെ ജനതകൾക്കും തിന്മയും നന്മയും വേർതിരിച്ചറിയാം. പലവിധ വാദമുഖങ്ങളാൽ നാസ്തികതയെ പിന്തുണക്കുകയും അതിന്ന് വേണ്ടി പരിശ്രമിക്കുകയും ചെയ്യുന്ന നാസ്തികരായ തത്വശാസ്ത്രകാരന്മാർ പോലും ഈ സാർവ്വത്രിക സാക്ഷ്യത്തെ അഭിമുഖീകരിക്കുമ്പോൾ അന്ധാളിക്കുകയും ആശയക്കുഴപ്പത്തിലാവുകയും ചെയ്യുന്നു. ധാർമികതയെ സംബന്ധിച്ച സങ്കൽപ്പങ്ങൾ എല്ലാ മനുഷ്യരിലും സാർവ്വത്രികമായി ഒരുപോലെ കാണപ്പെടുന്നു എന്നതിനെ സംബന്ധിച്ച് അവർ വിസ്മയഭരിതരാവുന്നു. ദൈവം ഇല്ലായിരുന്നുവെങ്കിൽ ധാർമികതയെ സംബന്ധിച്ച് ഒരു സാർവ്വലൗകിക സങ്കൽപ്പം ഉണ്ടാകുമായിരുന്നില്ല. ഇതാണ് കമ്മ്യൂണിസ്റ്റ് തത്വശാസ്ത്ര ലോകം അഭിമുഖീകരിക്കുന്ന പ്രഹേളിക. അവരിൽ തന്നെ കുടികൊള്ളുന്ന ഈ ആഭ്യന്തര തെളിവിന്റെ സാന്നിദ്ധ്യം അവർ തിരിച്ചറിയുന്നുവെങ്കിലും അത് അവർക്ക് നിഷേധിക്കേണ്ടി വരുന്നു. മറ്റുവാക്കുകളിൽ പറഞ്ഞാൽ മനുഷ്യൻ അധാർമികനായ ഒരു ജീവിയാണ് എന്ന് പ്രഖ്യാപിച്ച മാർക്സിന്ന് കമ്മ്യൂണിസ്റ്റ് അടിത്തറയുടെ ആദ്യത്തെ ഇഷ്ടികപാകാൻ കഴിഞ്ഞിരുന്നില്ല.

ഖുർആൻ പ്രകാരം മനുഷ്യന്റെ ആത്യന്തിക അസ്തിത്വം നിലനിൽക്കുന്നത് അവന്റെ ധാർമികതയെ ആശ്രയിച്ചാണ്. ഈ വിവാദ വിഷയത്തെ പിന്തുണച്ചുകൊണ്ട് വിശുദ്ധ ഖുർആൻ തെളിവെന്നോണം ആവർത്തിച്ച് കഴിഞ്ഞകാല ജനതയുടെ ചരിത്രം പറയുന്നുണ്ട്. അവരുടെ പരസ്പരമുള്ള ബന്ധങ്ങളിൽ അധാർമികത പുലർത്തിയതാണ് അവർ നശിപ്പിക്കപ്പെടാനുള്ള കാരണം. ഇതാണ് പഴയ കാലത്തെ മഹത്തായ ജനതകളുടെ ഉത്ഥാന പതനങ്ങൾക്ക് അടിസ്ഥാന കാരണം. എന്ത് തന്നെയായാലും അല്ലാഹു അവന്റെ അനുഗ്രഹം കൊണ്ട് അവർ നശിപ്പിക്കപ്പെടുന്നതിന്ന് മുമ്പായി അവരിലേക്ക് താക്കീത്കാരെ അയച്ചുകൊണ്ടിരുന്നു. അവർ അത് ശ്രദ്ധിക്കാതെ പോയപ്പോൾ അവരുടെ കരങ്ങൾ കൊണ്ട് തന്നെ അവർ നശിപ്പിക്കപ്പെടുകയാണുണ്ടായത്.

അത്ഭുതകരമെന്ന് പറയട്ടെ, എല്ലാ ആരംഭവും അവ എത്രതന്നെ മഹത്തരമാകട്ടെ, അവ ജീർണ്ണനത്തിന്ന് വിധേയമാകുകയും അന്തിമമായി നശിപ്പിക്കപ്പെടുകയും ചെയ്യും. പക്ഷേ അവരുടെ ശൈഥില്യം നോക്കിക്കൊണ്ട് അവർ എത്തിച്ചേർന്ന ഔന്നത്യം നിഷേധിക്കപ്പെടാൻ സാധ്യമല്ല. ചരാചര ലോകത്തുള്ള എല്ലാറ്റിന്നും ഈ വിധി ഒരുപോലെ ബാധകമാണ്.

## പ്രപഞ്ചത്തിന്റെ തെളിവ്

തെളിവുകളുടെ വിത്ത് മലക്കുകളുടെ തെളിവിൽ വിതക്കപ്പെട്ടിരിക്കുന്നു എന്ന് ഇതിന്ന് മുമ്പ് വിവരിക്കുകയുണ്ടായി. അത് കൂടാതെ മറ്റൊരു പങ്കുകാരനുമില്ലാത്തവിധം ദൈവം ഏകനാണ് എന്ന യാഥാർത്ഥ്യത്തിലേക്ക് വിശുദ്ധ ഖുർആൻ നമ്മുടെ ശ്രദ്ധ ക്ഷണിക്കുകയാണ്. ഇതാണ് പ്രപഞ്ചത്തിലെ ഓരോ പരമാണുവിലും ആലേഖനം ചെയ്തിരിക്കുന്ന തെളിവ്. താഴെ കാണുന്നത് വളരെ പ്രസക്തമായ ഒരു വചനമാണ്.

**അല്ലെങ്കിൽ ആകാശങ്ങളെയും ഭൂമിയേയും സൃഷ്ടിക്കുകയും നിങ്ങൾക്ക് ആകാശത്ത് നിന്ന് വെള്ളം ഇറക്കിത്തരികയും ചെയ്തതാരാണ്? എന്നിട്ട് അത് മുഖേന മനോഹരമായ തോട്ടങ്ങൽ മുളപ്പിക്കുകയും ചെയ്തതാരാണ്? അവയിലെ വൃക്ഷങ്ങൾ മുളപ്പിക്കാൻ നിങ്ങൾക്ക് സാദ്ധ്യമായിരുന്നില്ല. അല്ലാഹുവിന്റെ കൂടെ മറ്റു വല്ല ആരാധ്യനുമുണ്ടോ? ഇല്ല, പക്ഷേ അവർ (സത്യപാതയിൽ നിന്നും വ്യതിചലിച്ച) ഒരു ജനതയാണ്.**

**അല്ലെങ്കിൽ ഭൂമിയെ ഒരു വാസസ്ഥലമാക്കുകയും അതിന്റെ വിടവുകളിൽ നദികളൊഴുക്കുകയും അതിന്ന് മുകളിൽ ഉറച്ച മലകളെ സ്ഥാപിക്കുകയും രണ്ടു ജലരാശികൾക്കിടയിൽ ഒരു തടസ്സമുണ്ടാക്കുകയും ചെയ്തതാരാണ്? അല്ലാഹുവിനോടൊപ്പം മറ്റു വല്ല ദൈവവുമുണ്ടോ? പക്ഷേ അവരിൽ അധികം പേരും അറിയുന്നില്ല. (സൂറ: അന്നംല് 27: 61-62)**

വിശുദ്ധ ഖുർആനിൽ അല്ലാഹു പറയുന്നത്. ജീവൻ നിലനിൽക്കാൻ അനുയോജ്യമായ വിധം ശരിയായ അനുപാതത്തിൽ എല്ലാ ഗുണങ്ങളും ഭൂമിക്ക് നൽകിയത് അവൻ മാത്രമാണ. എന്നാണ്. അവന്ന് പുറമെ മറ്റു ദൈവങ്ങളുണ്ടെങ്കിൽ ഇത് സത്യമായിരിക്കാൻ സാദ്ധ്യതയില്ല. ഭൂമി സംന്തുലിതമായ ഒരു ആവാസ വ്യവസ്ഥയായി മാറാൻ ആവശ്യമായ മുന്നുപാധിയെപറ്റി ഒരാൾ ചിന്തിക്കുകയാ

ണെങ്കിൽ, ആകസ്മികമായ അവസരങ്ങളിലൂടെ അത് ഉണ്ടാവാൻ സാദ്ധ്യതയില്ല എന്ന വിസ്മയകരമായ കാര്യം ശ്രദ്ധയിൽപ്പെടുന്നതാണ്. സ്വരൈക്യത്തിൽ വർത്തിക്കുന്ന പരസ്പര ബന്ധമുള്ള കാര്യകാരണ പരമ്പരകളുടെ കോടാനുകോടി വസ്തുതകളും യുക്തിയുമാണ് അഭിലഷിതമായ ഒരു ഫലം ഉണ്ടാക്കുക. ഈ ഘടകങ്ങളെല്ലാം എന്തുകൊണ്ട് യോജിച്ചു കൈകോർത്തു എന്ന കാര്യം വിശദീകരിക്കാൻ ശാസ്ത്രജ്ഞന്മാർക്ക് കഴിയുന്നില്ല. ഈ കാര്യകാരണ ശ്രേണിയിലെ ചെറിയ ഒരു ഘടകത്തിലെ ഒരു ചുവട് പിഴച്ചാൽ ഭൂമിക്ക് അതിന്റെ സംന്തുലിതമായ ആവാസ വ്യവസ്ഥ എന്ന ഗുണം നഷ്ടപ്പെടുമായിരുന്നു. ഈ ഒരു ലക്ഷ്യം പ്രാപിക്കണമെങ്കിൽ എവിടെ എപ്പോൾ നിയമത്തിന്റെ നീക്കുപോക്കുകൾ ആവശ്യമായി വരുമ്പോൾ അത് അനുവദിക്കപ്പെടേണ്ടതുണ്ട്. ആ നീക്കുപോക്കുകളുടെ ചില പ്രത്യേക ഉദാഹരണങ്ങൾ ഇതിന്ന് മുമ്പ് വിശദീകരിച്ചിട്ടുണ്ട്. ശക്തനും ജ്ഞാനിയുമായ ഒരു ആസൂത്രകൻ ഇല്ലാതെ ഇതൊന്നും പ്രാപ്യമാകുകയില്ല.

**അവൻ അതിന്റെ വിടവുകളിൽ നിന്ന് നദികളൊഴുക്കി**

**മുകളിൽ പറഞ്ഞത് പോലെ ജീവസന്ധാരണത്തിന്നുള്ള ഒരു വ്യവസ്ഥക്കായി ഭൂമിയെ സ്ഥിരപ്പെടുത്താൻ ആവശ്യമായ അത്തരം പർവ്വതങ്ങളെ അവനാണ് ഉണ്ടാക്കിയത്.**

**അവനാണ് ഇരു സമുദ്രങ്ങൾക്കിടയിലും ഒരു തടസ്സമുണ്ടാക്കിയത്.**

**ഈ കാര്യങ്ങളൊക്കെ നിർവ്വഹിക്കുന്ന അല്ലാഹുവിനെ കൂടാതെ അവനോടൊപ്പം മറ്റു ദൈവങ്ങളുണ്ടോ?**

**എന്നാൽ അവരിൽ കുറച്ച് പേർ മാത്രമേ അറിയുന്നുള്ളൂ.**

സൃഷ്ടിയുടെ ഈ പ്രകടനങ്ങളെല്ലാം പരസ്പരം സംഘട്ടനാത്മകമായ അവസരങ്ങളുടെ ആകസ്മികതയിൽ നിന്നും ഉണ്ടാവുന്നതല്ല. അവയെല്ലാം വ്യത്യസ്തവും സ്വതന്ത്രവുമായ ദൈവങ്ങളുടെ സൃഷ്ടിയുമാവാൻ തരമില്ല. അതങ്ങനെയായിരുന്നുവെങ്കിൽ യാതൊരു കലഹവുമില്ലാതെ ഒരേ ലക്ഷ്യത്തിന്ന് വേണ്ടി അവർ തമ്മിലുള്ള പരസ്പര കൈമാറ്റങ്ങളുടെ അന്തർധാര പ്രകൃതിയിൽ കണ്ടെത്താമായിരുന്നു. ഇതെല്ലാം തന്നെ അല്ലാഹുവിന്റെ നീതിയുടെ മഹത്തായ ഉദാഹരണമായി ഉദ്ദരിക്കപ്പെടുന്നു. സമുദ്രത്തിൽ നിന്നും വെള്ളം ശുദ്ധീകരിച്ച് വെള്ളം ഉയർത്തി ഒരു മഹത്തായ ലക്ഷ്യം നിർവ്വഹിച്ച് വീണ്ടും ആ ജലം അതേ സമുദ്രത്തിൽ തന്നെ തിരിച്ചെത്തുന്നു. ഈ പദ്ധതിയിലെ എല്ലാ അവശ്യഘടകങ്ങളും ഖുർആൻ പരാമർശിക്കുന്നു. ഈ കാര്യങ്ങളെ പറ്റി ചിന്തിക്കാൻ മനുഷ്യന്റെ ശ്രദ്ധ ക്ഷണിക്കുമ്പോൾ വ്യക്തമായും അതിന്നർത്ഥം പരിശുദ്ധ പ്രവാചകന്റെ കാലത്തെ ആളുകൾക്ക് ഈ വ്യവസ്ഥ പ്രവർത്തിക്കുന്നത് സംബന്ധിച്ച് വളരെ അവ്യക്തമായ ഒരു ധാരണ ഉണ്ടായിരുന്നു എന്നാണ്. വിശുദ്ധ ഖുർആൻ വെളിപ്പെട്ട ആ കാലഘട്ടത്തിൽ തീർച്ചയായും വെള്ളം സമുദ്രത്തിൽ നിന്നും ഉയർന്ന് അത് മഴയിലൂടെ സമതലങ്ങളിലുടെയും പർവ്വതങ്ങളിലൂടെയും ഒഴുകി സമുദ്രത്തിൽ തിരിച്ചെത്തുന്നു എന്ന് അറിയാമായിരുന്നു. എന്തുതന്നെയായാലും സമുദ്രജലം ശുദ്ധീകരിക്കപ്പെട്ട് ഉയരുന്നതിന്ന് കാരണമായ ശാസ്ത്രീയ നിയമങ്ങളെ സംബന്ധിച്ച് അക്കാലത്തെ മനുഷ്യർക്ക് മങ്ങിയ ആശയം പോലും ഉണ്ടാകാനുള്ള സാദ്ധ്യതയില്ല. ഈ പ്രക്രിയയുടെ ഘട്ടത്തിൽ തന്നെ ഉന്നത വോൾട്ടേജിലുള്ള വൈദ്യുതിയുടെ (മിന്നൽ) ഉൽപ്പാദനവും നടക്കുന്നു എന്ന കാര്യത്തെ സംബന്ധിച്ചും അവനറിയുന്നില്ല. അന്തരീക്ഷത്തിൽ തങ്ങി നിൽക്കുന്ന ജലബാഷ്പം ഘനമുള്ള വെള്ളതുള്ളിയായി മാറാൻ വിരുദ്ധ ചാർജ്ജുകളുള്ള വൈദ്യുതിയുടെ പ്രതി പ്രവർത്തനത്തെ പറ്റിയും അവനറിയുന്നില്ല.

## ദൈവത്തിന്റെ കാരുണ്യം

**ഹദ്റത്ത് അഹ്മദ്(അ)**

അവന്റെ കാരുണ്യം രണ്ട് വിധത്തിലുള്ളതാണ്. ഒന്നാമത്തേത് യാതൊരാളുടെയും പ്രയത്ന ഫലമായിട്ടല്ലാതെ അനശ്വരമായി പ്രകടമാവുന്നത്. ഉദാഹരണത്തിന്ന് നാം അസ്തിത്വത്തിലേക്ക് വരുന്നതിന് മുമ്പ് ആകാശവും ഭൂമിയും സൂര്യനും ചന്ദ്രനും ഗോളങ്ങളും വെള്ളവും അഗ്നിയും വായുവും നമ്മുടെ സൗകര്യത്തിന്നു വേണ്ടിയുള്ള പ്രപഞ്ചത്തിലെ എല്ലാ കണങ്ങളും നമ്മുടെ ആവശ്യത്തിന്ന് വേണ്ടുന്ന എല്ലാ വസ്തുക്കളും അവൻ നൽകിയിരിക്കുന്നു. നമ്മുടെ സാന്നിദ്ധ്യം പോലും ഇല്ലാത്ത അവസരത്തിലാണ് അവൻ ഇതെല്ലാം ചെയ്തിരിക്കുന്നത്. നമ്മുടെ ഭാഗത്ത് നിന്നും യാതൊരു പ്രവർത്തനവും ഉണ്ടായിട്ടില്ല. സൂര്യൻ സൃഷ്ടിക്കപ്പെട്ടത് തങ്ങളുടെ എന്തെങ്കിലും പ്രവർത്തനം കൊണ്ടാണെന്ന് ആർക്കെങ്കിലും പറയാൻ കഴിയുമോ? അല്ലെങ്കിൽ ഭൂമി സൃഷ്ടിക്കപ്പെട്ടത് തന്റെ സൽപ്രവർത്തന ഫലമാണെന്ന് ആർക്കെങ്കിലും പറയാൻ പറ്റുമോ? ഇതെല്ലാം മനുഷ്യൻ സൃഷ്ടിക്കപ്പെടുന്നതിന്ന് മുമ്പ് തന്നെ പ്രവർത്തനത്തിൽ വന്നിട്ടുള്ള അവന്റെ കാരുണ്യങ്ങളാണ്. ആരുടെയും കർമ്മഫലമല്ല. രണ്ടാമത്തെ കാരുണ്യം മനുഷ്യന്റെ പ്രവർത്തന ഫലമായുണ്ടാകുന്നതാണ്. ഇതിന് വിശദീകരണത്തിന്റെ ആവശ്യമില്ല. (ലക്ച്ചർ ലാഹോർ)

# മുഹമ്മദ് നബി (സ): സാർവ്വജനീന പ്രവാചകൻ

2022 ജൂൺ 30 കോഴിക്കോട് ടൗൺഹാളിൽ മജിലിസ് അൻസാറുല്ലായുടെ ആഭിമുഖ്യത്തിൽ പ്രവാചക സ്മൃതി സദസ്സിൽ ചെയ്ത പ്രസംഗം.

**എ. എം. മുഹമ്മദ് സലീം**

അദ്ധ്യാത്മികതയുടെയും ധാർമികതയുടെയും തികവുറ്റ മാതൃകയാണ് സാർവ്വജനീന പ്രവാചകനായ മുഹമ്മദ് നബി (സ). വിശുദ്ധ ഖുർആൻ പറയുന്നു.

**സന്തോഷ വാർത്ത അറിയിക്കുന്നവനും മുന്നറിയിപ്പ് നൽകുന്നവനുമായി സമസ്ത മനുഷ്യർക്കും വേണ്ടിയല്ലാതെ നിന്നെ ഞാൻ അയച്ചിട്ടില്ല. പക്ഷേ മനുഷ്യരിൽ അധിക പേരും ഈ യാഥാർത്ഥ്യം മനസ്സിലാക്കുന്നില്ല. (34:29)**

മനുഷ്യൻ അഭിമുഖീകരിക്കുന്ന എല്ലാ ജീവിത സാഹചര്യങ്ങൾക്കും തിരുദൂതരിൽ മാതൃകയുണ്ട്. പ്രവാചകൻ, ഭരണാധികാരി, ന്യായാധിപൻ, പിതാവ്, ഭർത്താവ് യോദ്ധാവ്, കച്ചവടക്കാരൻ, അയൽക്കാരൻ തുടങ്ങി ജീവിതത്തിന്റെ സമസ്തഭാവങ്ങളും പ്രവാചകനിൽ സമ്മേളിച്ചിരിക്കുന്നു. അവിടുത്തെ ശരീരവർണ്ണനകൾ അംഗചലനങ്ങൾ, വിചാരവികാരങ്ങൾ, ഉദീരണങ്ങൾ, കർമ്മരൂപങ്ങൾ തുടങ്ങി ജീവിതത്തിന്റെ എല്ലാ അടക്കവും അനക്കവും സമ്പൂർണ്ണമായും രേഖപ്പെടുത്തുപ്പെട്ടതാണ്. ഇതിഹാസവത്ക്കരിക്കപ്പെടാതെ മിത്തിന്റെ പരിവേഷമില്ലാതെ ഉച്ചസൂര്യനെപ്പോലെ ചരിത്രത്തിനു മുന്നിൽ ജ്വലിച്ചു നിൽക്കുന്ന ഒരേയൊരു മതപുരുഷനും ചരിത്ര പുരുഷനുമാണ് മുഹമ്മദ് നബി (സ). പരിശുദ്ധ പ്രവാചകൻ സ്വയം ദൈവമാണെന്നോ ദൈവാംശമാണെന്നോ അമാനുഷനാണെന്നോ അതിമാനുഷനാണെന്നോ അവകാശപ്പെട്ടിട്ടില്ല. മനുഷ്യന് മാതൃകകാണിക്കാൻ മനുഷ്യനായ പ്രവാചകനെയാണ് ദൈവം നിയോഗിച്ചത്. മദീനയിലെ സർവ്വാധികാരങ്ങളും ലഭിച്ചിട്ടും അധികാരത്തിന്റെ വേഷഭൂഷകളൊന്നും അവിടുന്ന് അണിഞ്ഞില്ല. ഒരിക്കൽ പ്രവാചകന്റെ മുന്നിൽ അതിഭവ്യതയോടെ ഭയന്നു നിന്ന ഒരു ഗ്രാമീണനായ ദരിദ്രനോട് അവിടുന്ന് പുഞ്ചിരി തൂവിക്കൊണ്ടരുളി. **'ഭയപ്പെടേണ്ട, ഞാനൊരു രാജാവല്ല. ഉണക്ക മാംസം ഭക്ഷിച്ചിരുന്ന പാവപ്പെട്ട ഒരു ഖുറൈഷി വനിതയുടെ മകനാണ് ഞാൻ' അതുകൊണ്ട് അരികിലേക്ക് വരിക. (തിർമിദി)** അവിടുന്ന് അത്രമാത്രം പച്ചയായ മനുഷ്യനാണ്. അല്ലാഹു ഖുർആനിൽ റസൂൽ തിരുമേനി (സ) യോടായി പറയുന്നു.

**'പറയുക ഞാൻ നിങ്ങളെപോലെയുള്ള ഒരു മനുഷ്യൻ മാത്രമാണ്. നിങ്ങളുടെ ആരാധ്യൻ ഏകനായ ദൈവം മാത്രമാണെന്ന് എനിക്ക് ദിവ്യബോധനം നൽകപ്പെടുന്നു.' (41:7)**

ജീവിത യാഥാർത്ഥ്യങ്ങളോട് സത്യസന്ധമായും യുക്തിപരമായും മനുഷ്യന്റെ സ്വഛ പ്രകൃതിക്കനുസരിച്ച് പ്രതികരിച്ച പ്രവാചകൻ മനുഷ്യന്റെ ആത്മീയ വികാസത്തിന്റെ പരമ സീമയിൽ എത്തുകയുണ്ടായി. പ്രപഞ്ചനാഥനായ ദൈവവും മനുഷ്യനും തമ്മിലുള്ള ബന്ധം ഒരു അനുഭവ യാഥാർത്ഥ്യമാക്കി മാറ്റി. അതിനുള്ള അനിഷേധ്യനിദർശനമാണ് പ്രവാചകന് ലഭിച്ച ശാബ്ദിക വെളിപാടുകളുടെ സമാഹാരമായ വിശുദ്ധ ഖുർആൻ. അത് ഒരു ലിഖിത പ്രമാണമായി നമ്മുടെ കൈകളിലുണ്ട്. മനുഷ്യസമൂഹത്തോടുള്ള നിസ്സീമമായ അനുരക്തിയാണ് അദ്ദേഹത്തെ മനുഷ്യകുലോത്തമനാക്കി മാറ്റുന്നത്. വിശുദ്ധ ഖുർആൻ പറയുന്നു:

**'സത്യമായും നിങ്ങളിൽ നിന്നു തന്നെയുള്ള ഒരു ദൂതൻ നിങ്ങളുടെ അടുക്കൽ വന്നിരിക്കുന്നു. നിങ്ങൾ വിഷമത്തിലാവുന്നത് അദ്ദേഹത്തിന്ന് അസഹ്യമാണ്. നിങ്ങളുടെ ക്ഷേമകാര്യങ്ങളിൽ ഉൽക്കടമായ ആഗ്രഹമുള്ള ആളാണ് അദ്ദേഹം. സത്യവിശ്വാസികളോട് കൃപയും കാരുണ്യവുമുള്ളയാളാണ്.'(9:128)**

### റസൂൽതിരുമേനി(സ)യുടെ മതം സാർവ്വജനീനമതം

എന്താണ് റസൂൽ തിരുമേനിയുടെ മതത്തിന്റെ പ്രത്യേകത? സർവ്വ മതങ്ങളും ദൈവത്തിൽ

കളിലെയും വിശ്വാസികളുടെയും പേരെടുത്ത് പറഞ്ഞ് സത്യവിശ്വാസികൾക്കും സത്കർമ്മകാരികൾക്കും നിർഭയത്വത്തിന്റെയും വ്യസനമില്ലായ്മയുടെയും ആത്മീയ സാന്ത്വനം ഖുർആൻ നൽകുന്നു. **'സാബി'** എന്ന പദം സെമിറ്റിക്ക് പാരമ്പര്യമില്ലാത്ത എല്ലാ മതങ്ങളെയും കുറിക്കുന്ന ഒരു അറബി പദമാണ്. ഹിന്ദു ബൗദ്ധ ജൈന സരതുഷ്ട കൺഫ്യൂഷ്യസ് എന്നീ പൗരസ്ത്യ മതങ്ങളെയെല്ലാം 'സാബി' എന്ന അറബി പദം കുറിക്കുമ്പോൾ മുഹമ്മദ് നബി (സ) യുടെ ആത്മീയ ഉദ്ഗ്രഥനം വിശ്വത്തോളം വിശാലമാകുകയാണ് ചെയ്യുന്നത്. എല്ലാ മതങ്ങളുടെയും യഥാർത്ഥ ആത്മീയ പൈതൃകം സ്വന്തം പൈതൃകമായി കാണുന്ന മുഹമ്മദ് നബി (സ) യുടെ മതത്തിന് എങ്ങനെ അന്യമത വിരോധിയും വർഗീയ വാദിയുമാകാൻ സാധിക്കും? ഇങ്ങനെ പേരെടുത്ത് പറഞ്ഞ് അന്യമതത്തിന്റെ ആത്മീയ പാരമ്പര്യം സത്യപ്പെടുത്തി പറഞ്ഞ വേറെ മതമുണ്ടോ? ഒരു ബഹുസ്വര സമൂഹത്തിൽ സമാധാനപൂർവ്വം ജീവിക്കാനുള്ള ഉന്നതമായ ആത്മീയ മൂല്യം നൽകുന്നതാണ് വിശുദ്ധ ഖുർആന്റെ സമീപനം.

റസൂൽ തിരുമേനി (സ) അധികാരവും ശക്തിയുമുപയോഗിച്ചല്ല അവിടുത്തെ അനുചരന്മാരെ തന്റെ അലൗകിക വലയത്തിൽ ചേർത്തു നിർത്തിയത്. ആർദ്രപൂരിതവും തത്വജ്ഞാനനിർഭരവും യുക്തി സമ്പൂർണ്ണവുമായിരുന്നു അവിടുത്തെ ഉദീരണങ്ങൾ. കഠിനമായ വാക്കുകളോ അഹങ്കാരത്തിന്റെ ധ്വനിയോ അധികാരത്തിന്റെ നിഴലോ അവയിൽ ഉണ്ടായിരുന്നില്ല. ഭൂമി വസ്തുക്കളെ ആകർഷിക്കുന്നത് പോലെ മനുഷ്യരുടെ ഹൃദയങ്ങൾ ആ ദിവ്യവ്യക്തിത്വത്തിൽ ബന്ധിതമായിരുന്നു. അഗ്നി പരീക്ഷകളുടെ കാലഘട്ടത്തിൽ പോലും ആ സവിധം വിട്ടു പോകാൻ സഹാബികൾ ഇഷ്ടപ്പെട്ടി

ആദം, അബ്രഹാം, മോസസ്, സോളമൻ, ജീസസ്, മുഹമ്മദ് എന്നീ മദ്ധ്യ പൗരസ്ത്യ ദേശക്കാരായ സെമിറ്റിക്ക് പ്രവാചകന്മാരെ മാത്രമല്ല ശ്രീ കൃഷ്ണൻ, ശ്രീരാമൻ ശ്രീ ബുദ്ധൻ, വർദ്ധമാന മഹാവീരൻ, സൊറോസ്റ്റർ (എല്ലാവരിലും ദൈവസമാധാനം വർഷിക്കുമാറാകട്ടെ) മുതലായ എല്ലാ പൗരസ്ത്യ മതപ്രവാചകന്മാരും ദൈവത്തിൽ നിന്ന് പ്രേഷിതരായവരാണെന്നും അവരുടെ യഥാർത്ഥ വേദങ്ങളിലും അദ്ധ്യാപനങ്ങളിലും യാതൊരു വ്യത്യാസവും കൽപ്പിക്കാതെ വിശ്വസിക്കുന്നു എന്ന് ഒരു മുസ്‌ലിം വിശ്വസിക്കേണ്ടതുണ്ടെന്നും മുഹമ്മദ് നബി (സ) പഠിപ്പിച്ചു.

## ശ്രീകൃഷ്ണൻ മഹാനായ സത്യ പ്രവാചകൻ

ഭാരതത്തിലെ ജനകോടികൾക്ക് അദ്ധ്യാത്മിക വെളിച്ചം നൽകിയ ഹദ്റത്ത് ശ്രീകൃഷ്ണൻ(അ) നെ പറ്റി മുഹമ്മദ് നബി (സ) പറഞ്ഞ ഒരു വചനം ഇപ്രകാരമാണ്. **'കാനഫിൽ ഹിന്ദി നബിയ്യുൻ അസ്‌വദുലൗനി ഇസ് മുഹു കാഹിനാ' = ഇന്ത്യയിൽ കാർവർണ്ണ നിറത്തോടു കൂടിയ ഒരു പ്രവാചകൻ ഉണ്ടായിരുന്നു. അദ്ദേഹത്തിന്റെ പേരാണ് കാഹിന അഥവാ 'കണ്ണൻ'** (ദയ്ലമി)

മറ്റൊരു ശ്രദ്ധേയമായ ഖുർആൻ വചനം നോക്കൂ.

**'വിശ്വസിച്ചവരും യഹൂദികളും സാബിഉകളും ക്രിസ്ത്യാനികളും ആർ അല്ലാഹുവിലും അന്ത്യ ദിനത്തിലും വിശ്വസിക്കുകയും സൽപ്രവർത്തികൾ ചെയ്യുകയും ചെയ്യുന്നുവോ അവർക്ക് യാതൊന്നും ഭയപ്പെടേണ്ടതില്ല അവർ വ്യസനിക്കുന്നതുമല്ല.'** (5:70)

ഈ വചനത്തിൽ ഖുർആന്റെ അനുയായികളായ മുസ്‌ലിംകൾക്ക് മാത്രമല്ല ആത്മീയ സാന്ത്വനം നൽകുന്നത് അമുസ്‌ലിംകളായ യഹൂദികളിലെയും ക്രിസ്ത്യാനികളിലെയും അത്പോലെ സാബി

നിന്ന് ആവിർ വിച്ചതാണെന്നും എല്ലാ മതഗുരുക്കന്മാരും ദൈവ നിയോഗിതരാണെന്നുമുള്ള മതലോകത്തെ ഏറ്റവും അർത്ഥപൂർണ്ണവും പ്രായോഗികവുമായ വിശ്വമാനവ ദർശനമാണ് മുഹമ്മദ് നബി (സ) അവതരിപ്പിച്ചത്. പൂർവ്വ മതങ്ങളെ അദ്ദേഹം അംഗീകരിക്കുകയും അവരുടെ യഥാർത്ഥ അദ്ധ്യാത്മിക സംസ്കൃതികളെ അവിടുന്ന് സ്വാംശീകരിക്കുകയും ചെയ്തു. മാത്രമല്ല ദിവ്യവെളിപാടുകൾ നിലച്ചിട്ടില്ലെന്നും മനുഷ്യനുള്ള കാലത്തോളം അത് ഒരിക്കലും നിലക്കുകയില്ല എന്നും വിളംബരം ചെയ്തുകൊണ്ട് മനുഷ്യവംശത്തെ യാകമാനം അവിടുന്ന് ദൈവിക ജ്ഞാനത്തിന്റെ അനുഗ്രഹീതഛായയിൽ കൊണ്ടുവന്നു. താൻ അയക്കപ്പെട്ടത് പോലെ ലോകത്ത് എല്ലാ ദേശങ്ങളിലും ജനവിഭാഗങ്ങളിലും പ്രവാചകന്മാരെ അയച്ചിട്ടുണ്ടെന്ന യാഥാർത്ഥ്യത്തെ പറ്റി മുഹമ്മദ് നബി (സ) ലോകത്തിന് അറിവ് നൽകി. വിശുദ്ധ ഖുർആൻ പറയുന്നു.

**'ഓരോ സമുദായത്തിനും ഓരോ ദൈവ ദൂതൻ വന്നിട്ടുണ്ട്' (10:48)**

പരിശുദ്ധ പ്രവാചകൻ ഈ ഒരറിവ് നൽകുക മാത്രമല്ല ചെയ്തത് ഒരു മുസ്‌ലിം മുഹമ്മദ് നബി (സ) യെ വിശ്വസിച്ചാൽ മാത്രം പോര. ലോകത്ത് അവതീർണരായ എല്ലാ പ്രവാചകന്മാരിലും അവരുടെ യഥാർത്ഥ വേദങ്ങളിലും വിശ്വസിച്ചാൽ മാത്രമെ ഒരു മുസ്‌ലിമിന്റെ വിശ്വാസം പൂർണ്ണമാകു എന്നാണ് മുഹമ്മദ് നബി (സ) പഠിപ്പിച്ചത്. വിശുദ്ധ ഖുർആൻ പറയുന്നു.

**'അല്ലാഹുവിലും അവന്റെ മലക്കുകളിലും അവന്റെ വേദങ്ങളിലും അവന്റെ ദൂതന്മാരിലും ഞങ്ങൾ വിശ്വസിക്കുന്നു. അല്ലാഹുവിന്റെ ദൂതന്മാർക്കിടയിൽ ആർക്കിടയിലും ഞങ്ങൾ വ്യത്യാസം കൽപ്പിക്കുന്നില്ല'(2:286)**

രുന്നില്ല. തങ്ങളുടെ എല്ലാമെല്ലാമായ ആത്മീയ ഗുരുവിന് ജീവൻ ബലിദാനമായി നൽകാൻ തയ്യാറായി അവർ നബിക്ക് ചുറ്റും നിന്നു. അത്രമാത്രം ഗാഢമായിരുന്നു റസൂൽ തിരുമേനി (സ) യോടുള്ള അവരുടെ അനുരക്തി.

അളവറ്റ ആത്മീയ തേജസ്സിന്റെ ആലക്തിക ശക്തികൾ പ്രവഹിച്ച അവിടുത്തെ കരസ്പർശത്താലും ചന്ദ്രബിംബംപോലെ വിളങ്ങിയ തിരുദൂതരുടെ മുഖദർശനത്താലും മൃഗപ്രായരായി ജീവിച്ച മനുഷ്യാത്മാക്കൾ മാലാഖമാരെപ്പോലെയായി. വലിയ വലിയ ആത്മീയനില പ്രാപിച്ചു. മുഹമ്മദ് നബി (സ) ആത്മീയശിഷ്യൻ വാഗ്ദത്ത മസീഹ് ഹദ്റത്ത് അഹ്മദ് (അ) പറയുന്നു:

**'ലക്ഷക്കണക്കിന്ന് മൃതന്മാർ ഏതാനും ദിനങ്ങൾ കൊണ്ട് ജീവനുള്ളവരായി മാറുകയും തലമുറതലമുറയായി വഴിപിഴച്ചു പോയവർ ദിവ്യ വർണ്ണങ്ങൾ സ്വീകരിച്ചവരായി രൂപാന്തരപ്പെടുകയും ചെയ്കയെന്ന അത്ഭുത പ്രതിഭാസം അറേബ്യൻ മരുഭൂമിയിൽ സംഭവിച്ചു. കുരുടൻ കാണുവാൻ തുടങ്ങുകയും ഊമകളുടെ നാവിൽ നിന്നും ദിവ്യജ്ഞാനം പ്രവഹിക്കാൻ തുടങ്ങുകയും ചെയ്തു' (ബറക്കാത്തു ദുആ)**

## പ്രവാചകനിലൂടെ നൽകപ്പെട്ട പാരിസ്ഥിതിക സന്ദേശം

റഹ്മത്തുൽ ലിൽ ആലമീൻ അഥവാ സമസ്ത ചാരാചരങ്ങൾക്കും കാരുണ്യാവനായി വന്ന മുഹമ്മദ് നബി (സ) ആഗമനത്തോടെ മനുഷ്യ വർക്ഷം മാത്രമല്ല അനുഗ്രഹീതരായത്. മിണ്ടാപ്രാണികളടക്കം ജീവജാലങ്ങൾക്കും സസ്യലതാദികൾക്കും പുല്ലു പുഷ്പങ്ങൾക്ക് പോലും അവയുടെ ഭൂമിയിലെ അവകാശം സ്ഥാപിക്കപ്പെട്ടു. ഏതൊരു പരിസ്ഥിതിവാദിയെയും ആവേശം കൊള്ളിക്കുന്ന രീതിയിൽ സമുജ്ജ്വലമായ പരിസ്ഥിതി സന്തുലന സന്ദേശമാണ് നൂറ്റാണ്ടുൾക്ക് മുമ്പ് മുഹമ്മദ് നബി (സ)ലൂടെ നൽകപ്പെട്ടത്. സസ്യലതാതികളും നക്ഷത്രങ്ങളും വൃക്ഷങ്ങളും അവന്റെ നിയമത്തിന് വഴങ്ങിക്കൊണ്ട് രമ്യമനോഹരവും പരസ്പര ബന്ധിതവും സന്തുലനാത്മകവുമായ ഒരു ബൃഹദ് പരിസ്ഥിതി വ്യൂഹത്തിലാണ് മനുഷ്യന്റെ ആവാസ വ്യവസ്ഥ നിലകൊള്ളുന്നത്. അത്കൊണ്ട് ലോലമായ സന്തുലന വ്യവസ്ഥ തകിടം മറിക്കുകയോ പ്രകൃതിയുടെ സന്തുലന ബന്ധങ്ങളിൽ അനാവശ്യമായ ഇടപെടലുകളോ നടത്താൻ പാടില്ല എന്ന സന്ദേശമാണ് മുഹമ്മദ് നബി(സ)യിലൂടെ അല്ലാഹു നൽകിയത്. വിശുദ്ധ ഖുർആൻ പറയുന്നു.

**'വൃക്ഷങ്ങളും നക്ഷത്രങ്ങളും (അവന്റെ നിയമത്തിന്) വഴങ്ങുന്നു ആകാശത്തെ അവൻ ഉയർത്തുകയും സംന്തുലനം സ്ഥാപിക്കുകയും ചെയ്തു. നിങ്ങൾ സന്തുലനത്തിൽ വ്യതിക്രമം ഉണ്ടാക്കരുത്. നിങ്ങൾ നീതിപൂർവ്വം സന്തുലനം നിലനിർത്തുക. തുലമാനങ്ങളിൽ നിങ്ങൾ അസന്തുലിതത്വം ഉണ്ടാക്കരുത്. ഭൂമിയെ അവൻ എല്ലാ ജീവജാലങ്ങൾക്കും വേണ്ടി സ്ഥാപിച്ചു' (55:11)**

ഈ ഭൂമി മനുഷ്യരുടെ മാത്രം വാസസ്ഥലമല്ല. മനുഷ്യനുമായി സഹജീവനം നടത്തുന്ന ജീവജാലങ്ങൾക്കെല്ലാം മനുഷ്യനെപ്പോലെ ഈ ഭൂമിയിൽ ജീവിക്കാൻ അവകാശമുണ്ടെന്ന് ഓർമ്മപ്പെടുത്തലാണ് റസൂൽ തിരുമേനി (സ) യിലൂടെ സ്രഷ്ടാവായ ദൈവം നൽകുന്നത്. ഒരിക്കൽ വിശന്ന് അവശനായ ഒരു ഒട്ടകം നബി (സ) അടുക്കൽ വന്ന് അതിന്റെ മൂകഭാഷയിൽ തന്റെ കഷ്ടപ്പാടുകൾ കണ്ണീരോടുകൂടി പരാതിയായി പറഞ്ഞ ഒരു സംഭവമുണ്ട്. പ്രവാചകൻ ആ സാധു മൃഗത്തിന്റെ മുതുകും തലയും തടവി അതിനെ ആശ്വസിപ്പിക്കുകയും അതിന്റെ ഉടമസ്ഥനെ ഒട്ടകത്തിനോട് ചെയ്ത ക്രൂരതയുടെ പേരിൽ കഠിനമായി ശാസിക്കുകയും താങ്കളെ അല്ലാഹു ഈ സാധു മൃഗത്തിന്റെ യജമാനനാക്കിയത് അതിനെ നല്ല രീതിയിൽ പോറ്റി വളർത്താനാണ്. താങ്കൾക്ക് അതിനെ സംരക്ഷിക്കാൻ കഴിയില്ലെങ്കിൽ മറ്റൊരാൾക്ക് നൽകുകയോ സ്വതന്ത്രമാക്കി വിടുകയോ ചെയ്യുക. പക്ഷികളെ വിനോദത്തിന് വേട്ടയാടരുതെന്ന് അവ മനുഷ്യനെ പോലെയുള്ള സമൂഹങ്ങളാണെന്നും ഉറുമ്പിൽ കൂടുകൾക്ക് തീവെക്കരുതെന്നും വൃക്ഷങ്ങൾ നടണമെന്നും അവിടുന്ന് കൽപ്പിച്ചു. ആയിരത്തിനാനൂറ് വർഷങ്ങൾക്ക് റസൂൽ തിരുമേനി(സ)യുടെ ഈ മാർഗ്ഗദർശനങ്ങൾ മനുഷ്യ സംസ്ക്കാരത്തെ വമ്പിച്ച തോതിൽ സ്വാധീനിച്ചിട്ടുണ്ട്. നിയമ നിർമ്മാണങ്ങളിൽ മിണ്ടാപ്രാണികളുടെ അവകാശങ്ങളെ സംബന്ധിച്ചും പരിസ്ഥിതി സംരക്ഷണത്തിന്റേയും നിയമങ്ങളായി മുസ്ലിം ഭരണ പ്രദേശങ്ങളിൽ ഉണ്ടായതായി ചരിത്രം രേഖപ്പെടുത്തുന്നു.

## പ്രവാചകന്റെ വിവാഹങ്ങൾ

മുഹമ്മദ് നബി(സ) ഏറ്റവും കൂടുതൽ വിമർശിക്കപ്പെട്ടത് അവിടുന്ന് നടത്തിയ വിവാഹങ്ങളുടെയും ധർമ്മയുദ്ധങ്ങളുടെയും പേരിലാണ്. റസൂൽ തിരുമേനി (സ) യുടെ വിവാഹ ജീവിതത്തെ സംബന്ധിച്ച് അൽപം പരാമർശിക്കാം.

ഒന്നാമതായി മറ്റുള്ള മതങ്ങളിൽ നിന്നും ഭിന്നമായി വിവാഹ ജീവിതമാണ് ആത്മീയ ജീവിതത്തിന്റെ പൂർണ്ണ രൂപമായി ഇസ്ലാം കാണുന്നത്. അവിവാഹിത ജീവിതം ഇസ്ലാം പ്രോത്സാഹിപ്പിക്കുന്നില്ല. മനുഷ്യന്റെ സർവ്വവിധ ധാർമിക ഗുണങ്ങളും കഴിവുകളും പുഷ്ക്കലമാവുന്നതും പൂർണ്ണത പ്രാപിക്കുന്നതും വിവാഹ ജീവിതത്തിലൂടെയാണ്. അനുഭവ സാന്ദ്രമായ അനേകം ജീവിത സന്ദർഭങ്ങളും വൈവിധ്യമാർന്ന ധാർമിക പരിശീലനങ്ങളും ഉത്തരവാദിത്തപൂർണ്ണമായ ബന്ധുത്വ സേവനങ്ങളും വിവാഹ ജീവിതവും കുടുംബ

ജീവിതവുമാണ് മനുഷ്യന്ന് സമ്മാനിക്കുന്നത്. മാത്രല്ല ജീവരാശിയുടെ നിലനിൽപ്പിന് ഒരു ജൈവികാവശ്യവുമാണ് വിവാഹം. മുഹമ്മദ് നബി (സ)ക്ക് മുമ്പുള്ള എല്ലാ പ്രവാചകന്മാരും വിവാഹിതരും സന്താനങ്ങളും ഉള്ളവരുമാണെന്ന് വിശുദ്ധ ഖുർആൻ പറയുന്നു.

**'സത്യമായും നിനക്ക് മുമ്പ് (മുഹമ്മദ് നബി) നാം പല ദൂതന്മാരേയും അയച്ചിട്ടുണ്ട്. അവർക്ക് ഭാര്യമാരെയും സന്താനങ്ങളെയും നാം നൽകി' (സൂറ: റഅദ്– 13:39)** അത്കൊണ്ടാണ് ആത്മീയ ജ്ഞാനത്തിന്റെ പാരമ്യം കണ്ട റസൂൽ തിരുമേനി (സ) പറഞ്ഞത്: **'വിവാഹം നമ്മുടെ ചര്യയാണ്. നമ്മുടെ ചര്യ പിന്തുടരാത്തവനുമായി നമുക്ക് ബന്ധമില്ല.' (ഇബ്നു മാജ)**

നബി തിരുമേനി(സ)യുടെ പൊതു സാമൂഹിക ജീവിതത്തിലെ എല്ലാ വാക്കും പ്രവർത്തിയും രേഖപ്പെടുത്താനും അവിടുത്തെ വിശുദ്ധ സാന്നിദ്ധ്യം അനുഭവിക്കാനും അനുചരന്മാർ സദാസമയവും ചുറ്റിലും ഉണ്ടാകുമായിരുന്നു. പക്ഷേ അവിടുത്തെ കുടുംബ ജീവിതം പ്രകാശിതമാക്കാൻ ഭാര്യാപദത്തിലുള്ള ഒരാൾക്കേ സാധ്യമാവൂ. മനുഷ്യ ജീവിതത്തിന് ഏറ്റവും കൂടുതൽ മാർഗ്ഗ ദർശനം ലഭിക്കേണ്ട ഒന്നാണ് കുടുംബ ജീവതം. നാനാതരത്തിലുള്ള കുടുംബ വിഷയങ്ങളിൽ മാർഗ്ഗദർശനം പ്രകാശിതമാവാൻ വിവിധ ജീവിത പശ്ചാത്തലമുള്ള ഭാര്യമാർ ഉണ്ടാവുക എന്നത് മാതൃകാപുരുഷൻ എന്ന നിലയിൽ പ്രവാചകന് ആവശ്യമാണ്. റസൂൽ തിരുമേനി (സ) വിവാഹ ജീവിതം ഭാര്യഭർതൃ ബന്ധത്തിന്റെ വിവിധ വശങ്ങൾ കർമ്മരൂപത്തിൽ പ്രമാണീകരിക്കപ്പെടേണ്ടതുണ്ട്.

മുഹമ്മദ് നബി (സ) ഭാര്യക്ക് ഉപയോഗിച്ച പദം 'സൗജ്'എന്നാണ്. ഇണ, ദ്വയം, ദ്വന്ദം എന്നെല്ലാമാണ് സൗജ്ന് **അർത്ഥം**. അറബി ഭാഷ ഗഹനമായ നിരുക്തമുള്ള ഒരു ഭാഷയാണ് ഭർത്താവിനും ഭാര്യക്കും തുല്യാർത്ഥത്തിൽ സൗജ് എന്ന പദമാണ് ഉപയോഗിക്കുക. നാം സാധാരണ മലയാളത്തിൽ ഉപയോഗിക്കുന്ന ഭാര്യ എന്ന പദത്തിന് സംസ്കൃത നിരുക്ത പ്രകാരം **'ഭർതും യോഗ്യാ ഭാര്യാ'** ഭരിക്കപ്പെടാൻ യോഗ്യയായവൾ ഭാര്യ എന്നാണ് അർത്ഥം. ഭാര്യക്ക് ഈ അർത്ഥം അൽപ്പം Patriarchal പുരുഷാധിപത്യപരമാണ്. എന്നാൽ ഇസ്‌ലാം എല്ലാ അർത്ഥത്തിലും പുരുഷനൊപ്പമാണ് സ്ത്രീയെ പ്രതിഷ്ഠിക്കുന്നത്.

## പ്രവാചകന്റെ വിവാഹവും നമ്മുടെ വിവാഹങ്ങളും

പ്രവാചകന്റെ (സ) വിവാഹത്തിലേക്ക് തന്നെ വരാം. ഒന്നാമതായി നമ്മുടെ വിവാഹത്തിന്റെ പരിമിതമായ ഉദ്ദേശ്യവും ലക്ഷ്യവുമായിരുന്നില്ല റസൂൽതിരുമേനി(സ) വിവാഹങ്ങളുടെത്. ഒരു മഹത്തായ മതസ്ഥാപനത്തിന് ആവശ്യമായ ജീവിതപാഠങ്ങൾ നൽകുന്ന സാമൂഹിക പ്രസക്തമായ സംഭവങ്ങളായിരുന്നു റസൂൽ തിരുമേനി(സ) യുടെ വിവാഹങ്ങൾ. ഏക പത്നീവ്രതം കൊണ്ട് മാത്രം പ്രകാശിതമാവാൻ സാദ്ധ്യമല്ലാത്ത ബഹുമുഖമായ ജീവിത സന്ദർഭങ്ങൾക്ക് അവിടുന്ന് മാർഗ്ഗദർശനം നൽകേണ്ടതുണ്ട്. വരാനിരിക്കുന്ന നൂറ്റാണ്ടുകളിലെ വിവിധങ്ങളായ സാമൂഹികാചാരങ്ങളെയും പാരമ്പര്യങ്ങളെയും ജീവിതാവസ്ഥകളെയും സമഗ്രമായി അഭിസംബോധന ചെയ്ത സാർവ്വജനീന മാർഗ്ഗദർശകനാണ് പരിശുദ്ധ പ്രവാചകൻ. അക്കാരണംകൊണ്ട് തന്നെ വിവാഹത്തെ സംബന്ധിച്ച് റസൂൽ തിരുമേനി(സ)ക്ക് ചില കാര്യങ്ങളിൽ ഇളവുകൾ പ്രഖ്യാപിച്ചുകൊണ്ട് അല്ലാഹു സൂറ: അഹ്സാബിൽ പറയുന്നു. **'ഇത് വിശ്വാസികൾക്കില്ലാത്ത നിനക്ക് മാത്രമായ ഒരു വിധിയാകുന്നു'(33: 51)**. തിരുമേനി (സ) ഭാര്യമാർ ഹദ്റത്ത് ആയിശ ഒഴികെ ബാക്കിയെല്ലാം വിധവകളും ഉപേക്ഷിക്കപ്പെട്ടവരും പ്രായമേറിയവരും ദരിദ്രരും സൗന്ദര്യം കുറഞ്ഞവരുമായിരുന്നു. പലവിധ സ്വഭാവ വൈവിധ്യങ്ങളും ജീവിത പശ്ചാത്തലങ്ങളുള്ളവരുമാണവർ. അവരോടെല്ലാമുള്ള പ്രവാചകന്റെ പ്രതികരണങ്ങളിലൂടെ നമുക്ക് ലഭിച്ചത് വൈവിധ്യപൂർണ്ണവും വിപുലവുമായ കർമ്മജീവിതത്തിലെ ജ്ഞാന ശേഖരമാണ്

ഊഹാതീതമായ കഠിന പരീക്ഷണങ്ങളുടെയും മർദ്ദനങ്ങളുടെയും വിദ്വേഷത്തിന്റെയും കനൽ പഥങ്ങളിലൂടെ മക്കയിൽ അവിടുന്ന് ജീവിച്ചു. ഘോര മർദ്ദനങ്ങളുടെയും പ്രയാസങ്ങളുടെയും സ്തോഭജനകമായ സംഭവങ്ങൾ അവിടുത്തെ ജീവിതം ദുസ്സഹമാക്കി. ഉടുതുണിക്ക് മറുതുണിയില്ലാതെ പട്ടിണിയുടെ നെടുംനാളുകൾ, അതിതീഷ്ണമായ ആദർശ ജീവിതം നയിച്ച അവിടുത്തെ ഭാര്യാപദം അലങ്കരിക്കാൻ സാധാരണ സ്ത്രീകൾക്ക് സാധിക്കുമായിരുന്നില്ല. അതുകൊണ്ട് ആദ്യമായി പ്രവാചക പത്നിമാരോട് റസൂൽ തിരുമേനി (സ) അല്ലാഹുവിന്റെ നിർദ്ദേശ പ്രകാരം അസാധാരണമായൊരു അഭ്യർത്ഥന നടത്തുന്നത് നാം പ്രത്യേകം ശ്രദ്ധിക്കേണ്ടിയിരിക്കുന്നു.

**'ഓ നബീ നിന്റെ ഭാര്യമാരോട് പറയുക നിങ്ങൾ ഐഹിക ജീവിതത്തെയും അലങ്കാരത്തേയുമാണ് ഉദ്ദേശിക്കുന്നതെങ്കിൽ വരൂ, ഞാൻ നിങ്ങൾക്ക് ജീവിത വിഭവങ്ങൾ നൽകുകയും മാന്യമായ നിലയിൽ നിങ്ങളെ വിട്ടയക്കുകയും ചെയ്യാം' (അൽ അഹ്സാബ് 33: 29)**

റസൂൽ തിരുമേനി(സ)യുടെ കഠിന ജീവിതം അറിഞ്ഞു കൊണ്ട് തന്നെയാണ് സത്യവിശ്വാസികളുടെ ഉമ്മമാർ എന്നറിയപ്പെട്ട ആ വിശുദ്ധാംഗനകൾ അങ്ങേയറ്റത്തെ പരീക്ഷണവേളയിലും ദരിദ്രാവസ്ഥയിലും അവിടുത്തെ ഭാര്യാപദത്തിലെത്തിയത്. ആ മഹിളാ രത്നങ്ങളാരും തന്നെ ആ പുണ്യസവിധം വിട്ട് എങ്ങുംപോയില്ല. സമൂഹം അഗ്നികുണ്ഡം തീർത്തെങ്കിലും

ചെറുപ്പത്തിൽ തന്നെ ബുദ്ധിപരമായ പക്വതയും വന്ന സ്ത്രീരത്നമായിരുന്നു, 14 വയസ്സിൽ പ്രവാചകനുമായി വിവാഹം നടന്ന ആയിശ (റ) എന്ന് നിസ്സംശയം പറയാം.

## ഹദ്റത്ത് ആയിശാ(റ)

പരിശുദ്ധ പ്രവാചകന്റെ അവികല വ്യക്തിത്വത്തിന് ചളിവാരിയെറിയുന്ന വിമർശകന്മാർ കരുവാക്കുന്ന വിഷയമാണ് ഹദ്റത്ത് ആയിശാ (റ) മായുള്ള വിവാഹം. സഹീഹുൽ ബുഖാരിയിൽ വന്ന ഹദീസാണ് ഈ വിമർശനങ്ങൾക്കും ഇപ്പോഴത്തെ വിവാദങ്ങൾക്കും അടിസ്ഥാനം. **'ആറ് വയസ്സിൽ പ്രവാചകൻ അവരെ (ഹദ്റത്ത് ആയിശയെ) നിഖാഹ് കഴിക്കുകയും ഒമ്പത് വയസ്സിൽ വീട് കൂടുകയുമാണുണ്ടായത്' (ബുഖാരി)** എന്നാണ് ഹദീസ്. ഈ ഹദീസ് ചരിത്ര വസ്തുതകൾക്കും യുക്തിക്കും നിരക്കുന്നതല്ല എന്ന് ആധികാരിക ചരിത്ര പണ്ഡിതൻ ഹദ്റത്ത് മിർസാ ബഷീർ അഹ്മദ് സാഹിബ് എം എ ഗവേഷണാത്മകമായി സയുക്തികം രേഖകൾ സഹിതം തെളിയിച്ചിട്ടുണ്ട്. ഹദ്റത്ത് ആയിശയുടെ വിവാഹ സമയത്തെ പ്രായം 14 വയസ്സാണ്.

റസൂൽ തിരുമേനി (സ) യുടെ മറ്റു 10 ഭാര്യമാർ ആരും തന്നെ ആയിശാ(റ)യെ പോലെ പൂർണ്ണമായും ഇസ്‌ലാമിക മാതാപിതാക്കന്മാരുടെ കീഴിൽ വളർത്തപ്പെട്ടവരായിരുന്നില്ല. ഇസ്‌ലാമിന്റെ സൂക്ഷ്മമായ കർമ്മകാര്യങ്ങളും അതിന്റെ ഉദ്ദേശ്യവും റസൂൽ തിരുമേനി (സ)യുടെ വാക്കുകളും അതിന്റെ വിവക്ഷയും അറിയാൻ ഈയൊരു ഇസ്‌ലാമിക പശ്ചാത്തലം കൂടിയാണ് റസൂൽ തിരുമേനി (സ) ആയിശയെ പരിണയിക്കാൻ കാരണം. ആയിശാ (റ) ക്കെതിരെ മറ്റു പല രൂക്ഷമായ അപവാദ പ്രചാരണമുണ്ടായിട്ടും അക്കാലത്തെ ശത്രുക്കളാരും തന്നെ ആയിശാ(റ) റസൂൽ തിരുമേനി(സ) മായുള്ള പ്രായ വ്യത്യാസം എല്ലാറ്റിനും അയവുള്ള ഒരു മൂല്യനിർദ്ധാരണ പദ്ധതിയാണ് മുന്നോട്ട് വെക്കുന്നത്. പലകാര്യങ്ങളിലും വകതിരിവില്ലാത്ത യുക്തിവാദികൾ എന്നറിയപ്പെടുന്ന ഒരു പറ്റം ആളുകളുടെ വിവരക്കേടുകളിലൊന്നായി പ്രായപരിധികളെ പറ്റിയുള്ള വിമർശനത്തെ നമുക്ക് കാണാം. വിവാഹപ്രായത്തെ സംബന്ധിച്ച് വിശുദ്ധ ഖുർആൻ അനാഥകളെ പരാമർശിക്കുന്നിടത്ത് മാർക്ഷ നിർദ്ദേശാത്മകമായ ഒരു ഉൾക്കാഴ്ച്ച നൽകുന്നുണ്ട്.

**'അനാഥരെ (അവരുടെ കാര്യ പ്രാപ്തിയെ) പരീക്ഷിച്ചു കൊണ്ടിരിക്കുക. അങ്ങനെ അവർ വിവാഹ പ്രായമെത്തിയാൽ അപ്പോൾ അവരിൽ നിങ്ങൾ ഒരു പക്വതക കണ്ടറിയുന്നുവെങ്കിൽ അവരുടെ മുതലുകൾ അവർക്ക് വിട്ടുകൊടുക്കുക'**(4:7)

ഇവിടെ നാം പ്രത്യേകം ശ്രദ്ധിക്കേണ്ട വിഷയം ഖുർആൻ വിവാഹ പ്രായത്തെ പറ്റി പറയുന്നത് ശാരീരിക വളർച്ചയുടെ ഒരു ഘട്ടമായ പ്രായപൂർത്തിയെ പറ്റിയല്ല (Puberty). അല്ല മറിച്ച് വിവേകത്തോടുകൂടിയ പക്വത (Maturity) ആണ്. അതാണ് ഖുർആൻ പറഞ്ഞ പക്വത. **ഫയിൻ അനസ്തും മിൻഹും രുശ്ദാ** = (you perceive in them sound judgement) എന്ന് അതായത് വിവാഹ പ്രായത്തിന്റെ മാനദണ്ഡം ശാരീരികമായുണ്ടാകുന്ന പ്രായപൂർത്തിയല്ല. അതിനേക്കാളുപരി ജീവിതായോധനത്തിന് യോജിച്ച ബുദ്ധിപരമായ പക്വതയാണ് (റുശ്ദൻ) വിവാഹ പ്രായമായി വിശുദ്ധ ഖുർആൻ നിർദ്ദേശിക്കുന്നത്. പ്രായപൂർത്തിയും പക്വതയും മിക്കവാറും ഒരെ സമയം തന്നെയാണ് സമാഗതമാവുക പക്ഷേ വളരെ ചുരുക്കം ആളുകളിൽ ശാരീരിക പ്രായപൂർത്തിയാവുന്നതിന് മുമ്പായി ബുദ്ധിപരമായ പക്വത പ്രാപിച്ചവരായിരിക്കാം. ആയിശാ (റ) സംബന്ധിച്ചേടത്തോളം ശാരീരിക പൂർത്തിയോടൊപ്പം അതിനേക്കാൾ കൂടുതലായി നന്നേ

അവിടത്തെ സ്വർഗ്ഗീയ സാന്നിദ്ധ്യത്തിലും സാന്ത്വനത്തിലും അവർ ആത്മനിർവൃതിയും സായൂജ്യവുമടയുകയായിരുന്നു.

ഇസ്‌ലാമതത്തോട് ബദ്ധവൈരം പുലർത്തിയിരുന്ന പല ഗോത്രങ്ങളുമായും അക്കാലത്തെ സമ്പ്രദായമനുസരിച്ച് വിവാഹ ബന്ധത്തിലൂടെ അവിടുന്ന് സമാധാനം സ്ഥാപിക്കുകയുണ്ടായി. ഹദ്റത്ത് ജുവൈരിയയുമായുള്ള വിവാഹം മുഖേനയാണ് ഇസ്‌ലാമിന്റെ ബദ്ധവൈരികളായിരുന്ന മുസ്ദലിഖ് ഗോത്രവുമായുള്ള ശത്രുത അവസാനിപ്പിച്ചത്. അബൂസുഫിയാന്റെ മകൾ ഉമ്മുഹബീബയെ വിവാഹം കഴിച്ചതിന് ശേഷം അദ്ദേഹം പ്രവാചകനുമായി യുദ്ധം ചെയ്തിട്ടില്ല. ഉന്നതകുലജാതയായ ഒരു യഹൂദ വനിതയായ സഫിയായുമായുള്ള വിവാഹത്തിന് ശേഷം യഹൂദരുടെ ഗോത്രവുമായുള്ള ശാത്രവത്തിന് അൽപ്പം ശമനമുണ്ടായി. ഇങ്ങനെ ഗോത്രബന്ധിതമായ പുരാതന അറബ് സമൂഹത്തിൽ സമാധാനം സ്ഥാപിക്കാനുള്ള ഒരു ഉപാധി കൂടിയാരുന്നു അവിടുത്തെ വിവാഹങ്ങൾ.

## ഖുർആനിലെ വിവാഹ പ്രായം

വിശുദ്ധ ഖുർആൻ ഒരു നിയമ പുസ്തകമല്ല. നിയമ പുസ്തകങ്ങളിൽ കാണുന്നത് പോലെ ശുഷ്ക്കവും നിയതവുമായ വചനങ്ങൾ മതഗ്രന്ഥങ്ങളിലുണ്ടാവില്ല. ഒരു കൃത്യമായ വിവാഹപ്രായം (കട്ട് ഓഫ് ഡേറ്റ്) നിശ്ചയിക്കുക എന്നത് നൂറ്റാണ്ടുകളെ അഭിസംബോധന ചെയ്യുന്ന വിശുദ്ധ ഖുർആനെ പോലെയുള്ള ഒരു മതഗ്രന്ഥത്തിന് ചേർന്നതല്ല. ഗവൺമെന്റുകൾ തന്നെ വിവാഹ പ്രായം മാറ്റിക്കൊണ്ടിരിക്കുന്നത് നാം കാണുന്നു. അത്തരം നിയമ നിർദ്ദേശങ്ങൾ സമൂഹത്തിന്റെ വികാസ വളർച്ചക്ക് വിഘാതം നിൽക്കുന്നത് കൊണ്ട് വിശുദ്ധ ഖുർആൻ നിയമ രൂപങ്ങളെ നിരുത്സാഹപ്പെടുത്തുന്നു. പകരം

ആക്ഷേപകരമായി ഉന്നയിക്കാത്തതിനാൽ അത് അക്കാലത്തെ സാമൂഹിക മൂല്യങ്ങൾക്ക് വിഘാതമായിരുന്നില്ല എന്നാണ് മനസ്സിലാക്കേണ്ടത്. മാത്രമല്ല പ്രവാചകനുമായി വിവാഹം ഉറപ്പിക്കുന്നതിന് മുമ്പ് മുത്വഇമുബ്നു അദിയ്യിന്റെ പുത്രൻ ജുബൈറുമായി ആയിശാ(റ) മായി വിവാഹ നിശ്ചയം കഴിഞ്ഞിരുന്നു. ആ വിവാഹം ജുബൈർ(റ) സ്വയം ഒഴിവായിട്ടാണ് റസൂൽ തിരുമേനിയുമായുള്ള വിവാഹം ആയിശയുടെ പിതാവ് ഹദ്റത്ത് അബൂബക്കർ നിശ്ചയിച്ചത്.

ഖുർആനിൽ പറഞ്ഞ പക്വത ആയിശാ (റ) കാര്യത്തിൽ ഉണ്ടായിരുന്നുവോ എന്ന് പരിശോധിക്കാം. വാസ്തവത്തിൽ ഇത്രയധികം പ്രതിഭ, ബുദ്ധിശക്തി, നേതൃപാടവം ഓർമ്മ, തീരുമാനങ്ങൾ എടുക്കാനുള്ള കഴിവ് എന്നീ ഗുണങ്ങൾകൊണ്ട് അനുഗ്രഹീതയായ ഒരു സ്ത്രീ, ലോകചരിത്രത്തിൽ തന്നെ ഉണ്ടായിരുന്നോ എന്ന് സംശയമാണ്. പിൽക്കാല ചരിത്രം അതിന് തെളിവ് നൽകുന്നു. വിവാഹം കഴിക്കുമ്പോൾ തന്നെ അക്കാലത്തെ മിക്ക വിജ്ഞാനങ്ങളിലും പാരംഗതയായിരുന്നു. ഖുർആൻ തഫ്സീർ, ഹദീസ് ഫിഖ്ഹ് സാഹിത്യം കവിത ചരിത്രം എന്നിവയിലെല്ലാം ആയിശ (റ) യോട് കിടപിടിക്കുന്ന പുരുഷന്മാർ തന്നെ ഇല്ലായിരുന്നു. ഹദീസ് നിവേദനത്തിൽ അഞ്ചാം സ്ഥാനമാണ് ആയിശക്കുണ്ടായിരുന്നത്. മറ്റു നാലു പേർ അബൂഹുറൈറ, ഇബ്നു ഉമർ, ഇബ്നു അബ്ബാസ്, അനസ് എന്നീ പുരുഷന്മാരായിരുന്നു. ഹദീസു നിവേദനത്തിൽ അഗ്രേസരനായ മറ്റുനാല് പുരുഷന്മാർ പോലും തങ്ങൾ മനപ്പാഠമാക്കിയ ഹദീസുകളുടെ സംശയനിവാരണത്തിനും ഉച്ചാരണശുദ്ധി ഉറപ്പാക്കുവാനും സമീപിച്ചിരുന്നത് ഹദ്റത്ത് ആയിശ(റ)യെ ആയിരുന്നു. മറ്റെല്ലാ സഹാബിമാരും ഖലീഫമാരും ഉപദേശം തേടിയിരുന്നത് അവരിൽ നിന്നാണെന്ന് പറയുമ്പോൾ, ഖുർആൻ പറഞ്ഞ വിവാഹ പ്രായത്തിന്റെ ബുദ്ധിപരമായ പക്വത അസാധാരണമാം വിധം അവരിൽ ചെറുപ്രായത്തിൽ തന്നെ ഉണ്ടായിരുന്നുവെന്ന് ചരിത്ര വസ്തുത വ്യക്തമാണ്.

## വിവാഹം: എഗ്രിമെന്റും സാക്രമെന്റും

മുഹമ്മദ് നബി (സ) കൊണ്ട് വന്ന വിവാഹം, വിവാഹമോചനം എന്നീ സങ്കൽപ്പങ്ങളിൽ ഇസ്‌ലാമും മറ്റു മതങ്ങളും തമ്മിൽ അടിസ്ഥാന പരമായ ചില അന്തരങ്ങളുണ്ട്. ഇതിൽ ഏതാണ് പുരോഗമനപരം നീതിയുക്തം ആധുനികം എന്ന് 21-ാം നൂറ്റാണ്ടിൽ ഒരു സിവിൽ സമൂഹമായി ജീവിക്കുന്ന നാം തിരിച്ചറിയേണ്ടിയിരിക്കുന്നു. ഓരോ മത സമൂഹങ്ങളും അതിന്റെ വിവാഹ നിയമങ്ങൾ കെട്ടിപ്പടുത്തിരിക്കുന്നത് ഈ ആധാരശിലകളിലാണ്.

ഇസ്‌ലാമിലെ വിവാഹം ഒരു കരാറാണ് Agrement ആണ്. എന്നാൽ മറ്റു മതങ്ങളിൽ വിവാഹം ഒരു Sacrement ആണ്. അതായത് അലംഘനീയ ദൈവിക നിയമമാണ്. ഇസ്‌ലാമിലെ വിവാഹം മറ്റുമതങ്ങളിലുള്ളത്പോലെ അത്യന്തം സുദൃഢവും ഇഹത്തിലും പരത്തിലും ഒന്നിച്ചു ജീവിക്കേണ്ട ഒരു വിശുദ്ധ സംയോജനം തന്നെയാണ്. പക്ഷേ ഇസ്‌ലാമിൽ വിവാഹത്തിന്റെ ഘടന ഒരു സിവിൽ കരാറിന്റേതാണ്. ഖുർആൻ പറയുന്നു:

**'നിങ്ങൾ പരസ്പരം ഒട്ടിചേർന്ന് ജീവിക്കുകയും അവർ നിങ്ങളിൽ നിന്ന് ഒരു ഉറച്ച കരാർ (മീസാക്കൻ ഖലീളൻ) സ്വീകരിക്കുകയും ചെയ്ത സ്ഥിതിക്ക് നിങ്ങൾ അതെങ്ങനെ തിരിച്ചു വാങ്ങും' (4:22)**

ആ ബലവത്തായ കരാറിൽ പങ്കുകൊള്ളുന്ന പങ്കാളികളായ ദമ്പതികളാണ് ദാമ്പത്യ ജീവിതം വിജയിപ്പിക്കേണ്ടത്. ഉദാഹരണത്തിന് ക്രിസ്തു മതത്തിൽ വിവാഹം ഒരു സാക്രമെന്റ് അഥവാ കൂദാശയാണ്. മാമോദീസ, മൂറോന്നഭിഷേകം, കുംബസാരം, കുർബാന, വിവാഹം, പൗരോഹിത്യം, അന്ത്യകൂദാശ. ഈ ഏഴു കൂദാശകളിലൊന്നാണ് വിവാഹ കൂദാശ. കൂദാശയിലൂടെ അഥവാ ദൈവിക സാന്നിദ്ധ്യത്തിൽ പുരോഹിതന്റെ കാർമികത്വത്തിൽ സ്ഥാപിതമാവുന്ന വിവാഹ ബന്ധം വിഛേദിക്കാൻ മനുഷ്യന്ന് അനുവാദമില്ല. ബൈബിളിൽ ഇതിന്റെ വ്യക്തമായ അദ്ധ്യാപനങ്ങൾ കാണാം. **'അതിനാൽ പിന്നീട് അവർ രണ്ടല്ല, ഒരു ശരീരമാണ് ദൈവം യോജിപ്പിച്ചതിനെ മനുഷ്യൻ വേർപ്പെടുത്താതിരിക്കട്ടെ' (മാർകോസ് 10:9)** ഹിന്ദുമതത്തിൽ ദ്വിജന്മാർക്ക് കൽപ്പിച്ച ഷോഡശ (പതിനാറ്) സംസ്ക്കാരങ്ങളിൽ ഒന്നാണ് വിവാഹം. ജാതകം, നാമകരണം, ഉപനയനം, ഗർഭാധാനം, വൈവാഹികാഗ്നി ചയനം, തുടങ്ങി ആനാഗ്നി ചയനം (ശവദാഹം) വരെയുള്ള സംസ്ക്കാരങ്ങളാണ് ഷോഡശ സംസ്ക്കാരങ്ങൾ എന്ന് പറയുന്നത്. ഇതിൽ അഗ്നി ദേവനെ സാക്ഷിയാക്കി ദേവവഗണങ്ങളുടെ സാന്നിദ്ധ്യത്തിൽ നടത്തുന്ന വിവാഹം വിഛേദിക്കാൻ കഴിയാത്ത വിളക്കിചേർത്ത് ഒരു ദൈവിക ബന്ധമാണ് എന്നാണ് ഹിന്ദുമതം പറയുന്നത്. അതുകൊണ്ട് മറ്റെല്ലാ മതങ്ങളിലും വിവാഹ ബന്ധം മതപരമായി വിഛേദിക്കൽ പാപമാണ്. വിവാഹ മോചനം എന്നത് പാപമാണെന്ന സങ്കൽപ്പം പരാജയപ്പെടുന്ന ദാമ്പത്യ ബന്ധങ്ങൾക്ക് പ്രായോഗിക പരിഹാരമാവുന്നില്ല. അല്ലാഹുവിന് ഏറ്റവും വെറുക്കപ്പെട്ട ഒന്നാണ് വിവാഹ മോചനം എന്നാണ് പ്രവാചകന്റെ അദ്ധ്യാപനം. എങ്കിലും മനുഷ്യൻ പ്രതിജനഭിന്നനായാണ് സൃഷ്ടിച്ചിട്ടുള്ളത്. ദമ്പതിമാർക്കിടയിൽ സ്വരചേർച്ചയില്ലായ്മയും പൊരുത്തക്കേടുകളും ഉടലെടുക്കുക എന്നത് ഒരു യാഥാർത്ഥ്യമാണ്, പ്രത്യേകിച്ച് ആധുനിക കാലത്ത്. അങ്ങനെ മാനസികമായ അകൽച്ചയിൽ നീറിപ്പുകയുന്ന ദമ്പതികളുടെ

കൂടിചേരാനുള്ള പലശ്രമങ്ങളും നടത്തിയിട്ടും തൽസ്ഥിതി തുടരുകയാണെങ്കിൽ അവരെ വിവാഹ ബന്ധത്തിൽ നിന്നും മോചിപ്പിച്ച് സ്വതന്ത്രരാക്കുകയാണ് ആ ദമ്പതികളോട് ചെയ്യുന്ന ദൈവിക നീതി.

വിവാഹ മോചനത്തെ സ്വയം ദുർബലപ്പെടുത്തി വേർപിരിയാൻ തയ്യാറെടുക്കുന്ന ദമ്പതികളെ അനുരഞ്ജനത്തിന്റെ മാർഗ്ഗത്തിലേക്ക് ആനയിക്കുന്നതാണ് ഇസ്‌ലാമിലെ വിവാഹ മോചന നിയമത്തിന്റെ പ്രത്യേകത. ഇദ്ദ കാലഘട്ടം എന്നത് ഗർഭപരിശോധനയുടെ കാലഘട്ടമായാണ് ചിത്രീകരിക്കപ്പെടാറ്. വാസ്തവത്തിൽ അതിനേക്കാൾ പ്രധാനമായി ഇദ്ദാ കാലം വിവാഹ മോചിതരായ ദമ്പതിമാർക്ക് വിവാഹ ബന്ധം പുനസ്ഥാപിക്കാനുള്ള അവസരമൊരുക്കുന്ന കാലഘട്ടം കൂടിയാണ്. അത്രയും യുക്തി സഹമാണ് ഇസ്‌ലാമിലെ വിവാഹ മോചന നിയമങ്ങൾ. ദാമ്പത്യം ദമ്പതിമാർക്ക് ഒരിക്കലും ശാന്തത നൽകാത്ത ദുസ്സഹമായ ഒരു അഗ്നി കുണ്ഡമായി തീരാൻ അനുവദിക്കാതെ ഇസ്‌ലാം ദമ്പതിമാരെ പരാജയപ്പെട്ട ദാമ്പത്യത്തിൽ നിന്നും വിമോചിതരാക്കുന്നു.

സഹസ്രസഹാബ്ദങ്ങൾക്ക് ശേഷം 1955 ൽ മാത്രമാണ് സെക്കുലർ ഇന്ത്യയിലെ Hindu Marriage Act, 1955 എന്ന നിയമ നിർമ്മാണത്തിലൂടെയാണ് പരാജയപ്പെട്ട ഹിന്ദു ദാമ്പത്യങ്ങൾക്ക് വിവാഹ മോചനം അനുവദിക്കപ്പെട്ടത്. അതിന് മുമ്പ് ഇന്ത്യയിലെ ക്രിസ്ത്യൻ വിവാഹ മോചന നിയമം 1889 ൽ ബ്രിട്ടീഷുകാരാണ് ഉണ്ടാക്കിയത്. കാനോൻ നിയമത്തിൽ വിവാഹമോചനമില്ല. അപ്പോൾ തകർന്ന ദാമ്പത്യങ്ങൾക്ക് വിവാഹമോചനമാണ് യുക്തിസഹവും പുരോഗമന പരവുമായ നിലപാട്. പരാജിതമായ ദാമ്പത്യങ്ങൾക്ക് വിവാഹ മോചനം അനുവദിക്കുന്നു എന്നുള്ള പുരോഗമന പരമായ കാഴ്ച്ചപാടായി യുക്തിവാദികളും ഇസ്‌ലാം വിമർശകരും കാണാത്തതെന്ത്? ഇന്ത്യൻ മുസ്ലിം വിവാഹമോചന നിയമത്തിലെ പഴുതുകൾ ഉപയോഗിച്ച് പല മുസ്‌ലിം വിവാഹ വീരന്മാരും വിവാഹമോചനം ആവുന്നത്ര സമൂഹത്തിനു മുമ്പിൽ വികൃതമാക്കിയിട്ടുണ്ട്. അതാണ് മുസ്‌ലിം വിവാഹ മോചനങ്ങളും ബഹുഭാര്യാത്തവും വിമർശന വിധേയമാവാൻ മുഖ്യ കാരണം.

### റസൂൽ തിരുമേനി(സ)യുടെ ബഹുഭാര്യാത്തം ഗോത്രസങ്കലനത്തിന്

**റസൂൽ തിരുമേനി(സ)യുടെ ബഹുഭാര്യാത്ത**മാണ് മറ്റൊരു വിമർശന വിഷയം. ഊഹാതീതമായ വമ്പിച്ച എതിർപ്പും വിദ്വേഷാഗ്നിയുമാണ് ഇസ്‌ലാമിന്റെ രൂപീകരണ വേളയിൽ ഉണ്ടായിരുന്നത്. ഇതിന് ശമനമുണ്ടാക്കാൻ കൂടിയായിരുന്നു അവിടുത്തെ പല വിവാഹങ്ങളും. ഗോത്രസമൂഹങ്ങളുടെ ഒരു ഫെഡറേഷനാണ് അക്കാലത്തെ അറേബ്യ. പലപ്പോഴും ഗോത്രങ്ങൾ തമ്മിൽ നൂറ്റാണ്ടുകളായി യുദ്ധത്തിലായിരുന്നു. കുലം മുടിഞ്ഞു ഒടുങ്ങിത്തീരുന്നത് വരെ യുദ്ധം ചെയ്യുക അറബിഗോത്രങ്ങളുടെ ശീലമായിരുന്നു. ഏതൊരു സാമൂഹിക പ്രവർത്തനങ്ങൾക്കും പരിഷ്ക്കരണ സംരംഭങ്ങൾക്കും ശക്തമായ ഗോത്രങ്ങളുടെ പിന്തുണ ആവശ്യമാണ്. മുസ്‌ലിംകളുടെ ഗോത്രാതീതമായ ഒരു ഉമ്മത്ത് അഥവാ ഒരു സൊസൈറ്റി ഉണ്ടാക്കിയെടുക്കാൻ ഗോത്രങ്ങൾ തമ്മിലുള്ള ബന്ധം സുദൃഢമാക്കുകയും വിളക്കി ചേർക്കുകയുമാണ് ആദ്യം വേണ്ടത്. അക്കാലത്ത് അതിന് പറ്റിയ ഏറ്റവും ശക്തവും ഫലപ്രദവുമായ ഉപാധിയാണ് വിവാഹം. വിവാഹത്തോടെ ആ ഗോത്രത്തിന്റെ സംരക്ഷണം വിവാഹിതന് ലഭ്യമാകുന്നു. ഈ അലിഖിതമായ ഗോത്ര നയതന്ത്രം പുരാതനകാലത്തെ മിക്ക സാമൂഹിക പരിഷ്ക്കർത്താക്കളും രാജാക്കന്മാരും നടത്തിയതായി ചരിത്രത്തിൽ കാണാൻ കഴിയും. പ്രവാചകന്റെ കാര്യത്തിൽ ബനൂമുസ്ത്ലിഖ ആദ്യം ഇസ്‌ലാമിന്റെ ബദ്ധ ശത്രുക്കളായിരുന്നു. ഒരു യുദ്ധത്തിൽ അവർ പരാജയപ്പെടുകയും ആ ഗോത്രത്തിൽ പെട്ട ഹദ്റത്ത് ജുവൈരിയയെ പ്രവാചകൻ വിവാഹം കഴിക്കുകയും യുദ്ധതടവുകാരെയെല്ലാ വെറുതെ വിടുകയും ചെയ്തപ്പോൾ അവർ മുഴുവനും ഇസ്‌ലാം മതം സ്വീകരിച്ചു. അത്പോലെ ഹദ്റത്ത് മൈമൂനയുടെ ഹിലാൽ ഗോത്രം അതികഠിനമായ എതിരാളികളായിരുന്നു. ഹദ്റത്ത് മൈമൂനയുടെ വിവാഹ ശേഷം അവർ ഇസ്‌ലാമിന്റെ മിത്രമായി മാറി.

### ബഹുഭാര്യാത്തം സാർവ്വത്രിക നിയമമല്ല. ഉപാധികളോടുകൂടിയ അനുവാദം മാത്രം

പ്രത്യേകം മനസ്സിലാക്കേണ്ടത് ഇസ്‌ലാമിൽ ബഹുഭാര്യാത്വം സാർവ്വത്രിക നിയമമല്ല. General Law അല്ല. കർശനമായ ഉപാധികളോടെയുള്ള സോപാധിക പ്രത്യേക നിയമമാണ് Special Law. ബഹുഭാര്യാത്തം മുഖ്യമായും വിധവകളുടേയും അനാഥകളുടേയും ക്ഷേമം ലക്ഷ്യമാക്കിയാണ് ആവിഷ്ക്കരിച്ചത്. ബഹുഭാര്യാത്വത്തിന്റെ ദുരുപയോഗം ഇസ്‌ലാമിന്ന് വിവാഹമോചനം പോലെ ചീത്തപേരുണ്ടാക്കിയിട്ടുണ്ട് എന്നത് ഒരു യാഥാർത്ഥ്യമാണ്. സാധാരണ നിയമം പറയുമ്പോൾ അതിന്റെ പൊതുനിയമമാണ് പറയുക. പൊതുനിയമം എന്ന നിലക്ക് ഏകഭാര്യയെ വേൾക്കാനാണ് ഖുർആന്റെ കൽപ്പന. മാത്രമല്ല ഏകഭാര്യയെ മാത്രമേ വേൾക്കാൻ പാടുള്ളൂ എന്ന നിശ്ക്കർശിച്ചു പറഞ്ഞ ഏക മതഗ്രന്ഥവും ഖുർആൻ മാത്രമാണ്. ബഹുഭാര്യാത്വം എന്നത് ഇസ്‌ലാമിൽ കർശനമായ ഉപാധികളോടെ ഖുർആൻ ശുപാർശ ചെയ്ത പ്രത്യേക ഉപാധികളോടുകൂടിയ വിവാഹമാണ്. ഖുർആൻ പറയുന്നു:

**'അനാഥകളുടെ കാര്യത്തിൽ നിങ്ങൾക്ക് നീതി പാലിക്കാനാവി ല്ലെന്ന് നിങ്ങൾ ഭയപെടുന്ന പക്ഷം നിങ്ങൾക്ക് നന്നായി തോന്നുന്ന മറ്റു സ്ത്രീകളിൽ നിന്നും രണ്ടോ മൂന്നോ നാലോ വിവാഹം ചെയ്തു കൊള്ളുക. എന്നാൽ നിങ്ങൾക്ക് നീതി പാലിക്കാനാവില്ലെന്ന് നിങ്ങൾ ഭയപ്പെടുന്നുവെങ്കിൽ ഒരു സ്ത്രീയെ മാത്രം (വിവാഹം ചെയ്യുക) അല്ലെങ്കിൽ നിങ്ങളുടെ ഉടമയിലുള്ള അധീന സ്ത്രീകളിൽ നിന്ന് (വിവാഹം ചെയ്തു കൊള്ളുക.) നീതി പാലനത്തിൽ നിന്നും വ്യതിചലിക്കാതിരിക്കാനു ള്ള ഏറ്റവും ഉത്തമ മാർഗ്ഗമാണി ത്.' (4:3,4)**

അനാഥ സംരക്ഷണത്തെയും അവരോട് നീതി പാലിക്കേണ്ടതിനെ ക്കുറിച്ചും പറഞ്ഞുകൊണ്ടാണ് ഈ ആയത്ത് ആരംഭിക്കുന്നത്. അനാഥ കളുടെ നിസ്സയാവസ്ഥ പരിഗണിച്ച് അവരെ തങ്ങളുടെ ഭാര്യയായോ, രണ്ടാം ഭാര്യയായോ സ്വീകരിക്കാ നാഗ്രഹിക്കുന്നവർ കർശനമായ നീതി തത്വങ്ങൾ പാലിച്ചിരിക്കണം. എങ്കിൽ മാത്രമേ രണ്ടാം വിവാഹ ത്തിന്നും തുടർന്നുള്ള വിവാഹ ങ്ങൾക്കും അനുമതിയുള്ളൂ. അല്ലാത്തപക്ഷം സാധാരണ പോലെ ഏക ഭാര്യയേ മാത്രമെ വേൾക്കാൻ പാടുള്ളുള്ളൂ. **'എന്നാൽ നിങ്ങൾക്ക് നീതി പാലിക്കാനാവില്ലെന്ന് നിങ്ങൾ ഭയപ്പെടുന്നുവെങ്കിൽ ഒരു സ്ത്രീയെ മാത്രം (വിവാഹം ചെയ്യുക'** ഇങ്ങനെ ഒരു സ്ത്രീയെ മാത്രമേ വിവാഹം ചെയ്യാൻ പാടുള്ളൂ എന്ന നിശ്ക്കർശ വിശുദ്ധ ഖുർആനിൽ മാത്രമെ കാണാൻ കഴിയൂ എന്ന കാര്യവും ശ്രദ്ധേയമാണ്. മറ്റുമതങ്ങളിൽ അത്തരം ഒരു നിർക്കർശ ഉണ്ടായി രിക്കാൻ സാദ്ധ്യതയില്ല. ബഹുഭാര്യാ ത്വത്തെ ഒന്നുകൂടി പരിമിതപ്പെടു ത്തുന്ന വിധം അതേ സൂറത്തിൽ 130-ാം വചനത്തിൽ മറ്റൊരു പ്രതിപാദനം കാണാം.

**'നിങ്ങൾ എത്ര തന്നെ ആഗ്ര ഹിച്ചാലും സ്ത്രീകൾക്കിടയിൽ നിങ്ങൾക്ക് നീതി പുലർത്താനാ വുകയില്ല. അതിനാൽ നിങ്ങൾ (ഒരുത്തിയുടെ ഭാഗത്തേക്ക്) മുഴുവനായും ചാഞ്ഞുപോകരുത് (അതിന്റെ ഫലം) മറ്റവളെ നിങ്ങൾ ബന്ധിക്കപ്പെട്ട വസ്തുവിനെ പോലെ വിടുകയായിരിക്കും. നിങ്ങൾ പരസ്പരം രഞ്ജിപ്പുണ്ടാ ക്കുകയും ദോഷബാധയെ സൂക്ഷി ക്കുകയും ചെയ്യുന്നതായാൽ (ഓർ ക്കുക). തീർച്ചയായും അല്ലാഹു വളരെയധികം പൊറുക്കുന്നവനും കരുണാമയനുമാണ്.'(4:130)**

വ്യക്തികളും സമൂഹവും നീതിപീഠങ്ങളും ഭരണകൂടങ്ങളും ഖുർആന്റെ ഈ കൽപ്പനകൾ പ്രത്യേകം പരിഗണിക്കേണ്ടതുണ്ട്. രണ്ടോ മൂന്നോ നാലോ ഭാര്യമാരെ സ്വീകരിക്കുന്ന ഭർത്താക്കന്മാർ ഒന്നിൽ നിന്നും രണ്ടിലേക്കും മൂന്നിലേക്കും നാലിലേക്കും പോകു മ്പോൾ നീതിയുടെ ഉത്തരവാദിത്വ ങ്ങളും അത്രകണ്ട് വർദ്ധിക്കുന്നുണ്ട് എന്ന കാര്യം പ്രത്യേകം ഓർക്ക ണം. ബഹുഭാര്യമാരെ സ്വീകരി ക്കുവാൻ പോവുന്ന ഭർത്താക്കന്മാർ അത്തരം ഭാരിച്ച ഉത്തരവാദിത്ത ങ്ങൾ നിറവേറ്റാൻ കെൽപ്പുള്ള വരാണോ എന്ന് ഭരണകൂടങ്ങളും നീതിപീഠങ്ങളും അധികാര സ്ഥാപനങ്ങളും നിയമ നിർമ്മാണം മുഖേന ഉറപ്പ് വരുത്തേണ്ടതാണ്. അനാഥകളെയും സമൂഹത്തിലെ അവശ വിഭാഗങ്ങളെയും സംരക്ഷി ക്കാൻ ബഹുഭാര്യാത്വ നിയമം ഉപയോഗിക്കാം.

## വലംകൈക്ക് ഉടമയാക്കപ്പെട്ടവർ

അതുപോലെ വലം കൈക്ക് ഉടമയാക്കപ്പെട്ടവർ എന്ന ഖുർആ ന്റെ പ്രയോഗം യാതൊരു അവകാശ വുമില്ലാത്ത അടിമസ്ത്രീകളെ പറ്റിയുള്ള പ്രയോഗമല്ല. ഇസ്ലാം ആവിർഭവിക്കുന്നതിന് മുമ്പും ശേഷം യുദ്ധം മുഖേനയും പരമ്പരാഗതമായും എത്തിചേർന്ന അധീന സ്ത്രീകളെ സംബന്ധിച്ചാ ണ് വലം കൈക്ക് ഉടമയാക്കപ്പെട്ട വർ എന്ന സവിശേഷ പ്രയോഗം വന്നത്. അത് നിയമപരമായി പരസ്പര അവകാശങ്ങളുള്ള അധീ നരും ഉടമകളുമായുള്ള ബന്ധമാ ണ്. അതിൽ അധീന സ്ത്രീക്ക് അവകാശങ്ങളുണ്ട്. ആ വിഷയം കൂടുതൽ ഇപ്പോൾ വിശദീകരിക്കു ന്നില്ല. 'മലക്കത്ത് അയ്മാനുക്കും' എന്നതിന് ചരിത്രം തന്നെ മറുപടി നൽകിയിട്ടുണ്ട്. മംലൂക്ക് എന്നാൽ 'ഉടമസ്ഥനുള്ള അടിമ' എന്നാണ് അർത്ഥം 'മലക്കത്ത് അയ്മാനു ക്കും' എന്നതിലെ മലക്കത്ത് എന്ന ആദ്യപദത്തിൽ നിന്നാണ് **മംലൂക്കു കൾ** അഥവാ അടിമ രാജവംശം എന്ന രാജവംശപരമ്പരയുടെ നാമം നിഷ്പന്നമായത്. അതായത് അടിമ സ്ത്രീകളുടെ സന്താനങ്ങൾക്ക് രാജാക്കന്മാർ വരെ ആകാൻ കഴിഞ്ഞു. ഇന്ത്യയിലും ഈജിപ്തും മുസ്ലിം അടിമരാജാക്കന്മാരായ മംലൂക്കുകൾ ഭരിച്ചു. നമ്മുടെ ഭാരതത്തിന്റെ അഭിമാന സ്തംഭമാ യി നിലകൊള്ളുന്ന പ്രൗഢ നിർമ്മിതി ഡൽഹിലെ ഖുതബ് മിനാർ നിർമ്മിച്ചത് മുഹമ്മദ് ഗോറിയുടെ ഒരു അടിമയായിരുന്ന ഖുത്ബുദ്ദീൻ ഐബക്ക് എന്ന ഒരു അടിമ രാജാവായിരുന്നു. മുഹമ്മദ് നബി അടിമകളെ രാജാവാക്കിയ പ്രവാചകനാണ്. ഇസ്ലാം ആവിർഭവിക്കുന്നതിന് മുമ്പും അതിന് ശേഷവുമുള്ള സാമൂഹിക തിന്മയുടെ പരിശിഷ്ടം ഏറ്റവും മാനവീയമായി മുഹമ്മദ് നബി (സ) പരിഹരിച്ചു. അതായത് അടിമകളെ രാജാക്കന്മാരാക്കി അവിടുന്ന മാറ്റി. അജ്ഞാന കാലത്ത് മൃഗസമാനം പെരുമാറിയിരുന്ന ആഫ്രിക്കൻ അടിമയായ ഹദ്റത്ത് ബിലാൽ (റ)നെ തന്റെ കോടിക്കണക്കിന് അനുയായികളെക്കൊണ്ട് 'സയ്യിദുനാ ബിലാൽ' ഞങ്ങളുടെ യജമാനനായ ബിലാൽ എന്ന് ആദരപൂർവ്വം വിളിപ്പിച്ച യഥാർത്ഥ മനുഷ്യവിമോചകനാണ് മുഹമ്മദ് നബി(സ). ആ നബിക്ക് അല്ലാഹുവി ന്റെ സലാമും സലാത്തും എന്നെ ന്നും വർഷിക്കുമാറാകട്ടെ.

# ആഗോളപ്രതിസന്ധിയും സമാധാനത്തിലേക്കുള്ള പാതയും

അഹ്മദിയ്യ ഖലീഫ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് സാഹിബിന്റെ 'ആഗോള പ്രതിസന്ധിയും സമാധാനത്തിലേക്കുള്ള പാതയും' (World Crisis and the Pathway to Peace) എന്ന പുസ്തകത്തെ പറ്റി കരുനാഗപ്പള്ളി നാടകശാല ബുള്ളറ്റിൻ എന്ന പ്രസിദ്ധീകരണത്തിൽ വന്ന ലേഖനം.

**രത്നമ്മ ബ്രാഹ്മ മുഹൂർത്തം**

മതഗ്രന്ഥങ്ങളും മതപ്രസംഗങ്ങളും വളരെ ഇഷ്ടപ്പെടുന്ന എനിക്ക് ഈ പ്രാവശ്യം വായിക്കാൻ കിട്ടിയത് മതങ്ങൾക്കെല്ലാം അതീതമായ 'ആഗോള പ്രതിസന്ധിയും സമാധാനത്തിലേക്കുള്ള പാതയും' എന്ന ഗ്രന്ഥമാണ്. ഇത് വിശുദ്ധ ഖുർആൻ ഉൾക്കൊള്ളിച്ചു കൊണ്ടാണെങ്കിലും ഗ്രന്ഥത്തിൽ ഒരു വിധത്തിള്ള മതപ്രയോഗവുമില്ലാതെ ദാരിദ്ര്യനിർമ്മാർജ്ജനവും ലോകസമാധാനവുമാണ് ഈ 294 പേജുള്ള പുസ്തകത്തിൽ പ്രതിപാദിച്ചിട്ടുള്ളത്. 1950 ൽ പാകിസ്താനിലെ റബ്വയിൽ ജനിച്ച മിർസാ മസ്റൂർ അഹ്മദ് ആണ് ഈ ഗ്രന്ഥത്തിന്റെ കർത്താവ്.

1889 ൽ ദൈവിക കൽപ്പനയനുസരിച്ച് മുസ്ലിം പ്രസ്ഥാനം രൂപീകരിക്കുകയും അത് ലോകത്ത് ഏതാണ്ട് ഇരുനൂറോളം രാജ്യങ്ങളിൽ വ്യാപിച്ചിരിക്കുകയുമാണ്. മതയുദ്ധങ്ങൾ അവസാനിപ്പിക്കണമെന്നും വ്യക്തിസ്നേഹത്തിന്റെയും സാഹോദര്യത്തിന്റെയും അനുകമ്പയുടെയും ചൈതന്യം ഉൾക്കൊള്ളുന്ന പരിസ്ഥിതിയിലായിരിക്കണം പ്രവർത്തിക്കേണ്ടതെന്നും സമാധാനവും രഞ്ജിപ്പും ഐക്യവും സ്ഥാപിക്കാനുള്ള ഉറവിടമാകുന്നതിന്വേണ്ടി ഇസ്ലാമിന്റെ യഥാർത്ഥ അദ്ധ്യാപനങ്ങളിലധിഷ്ഠിതമായ പ്രധാന വീക്ഷണമാണ് അഹ്മദിയ്യാ മുസ്ലിം പ്രസ്ഥാനമെന്നും ഇതിന് കോടിക്കണക്കിന് അനുയായി വൃന്ദങ്ങളുണ്ടെന്നും രേഖപ്പെടുത്തിയിരിക്കുന്നു. ഈ പുസ്തകത്തിൽ ധാരാളം പുസ്തകങ്ങളുടെ രത്ന ചുരുക്കവും ലോക നേതാക്കന്മാർക്കുള്ള കത്തുകളുമാണ് ഉൾക്കൊള്ളിച്ചിരിക്കുന്നത്. വായനക്കാർക്കു വേണ്ടി നല്ല വചനങ്ങളും ഉപദേശങ്ങളും ഇതിൽ നൽകിയിട്ടുണ്ട്. വിശുദ്ധ ഖുർആൻ പ്രകാരം സമാധാനം സ്ഥാപിക്കാനുള്ള ഒരു സുവർണ്ണ തത്വം അടങ്ങിയിരിക്കുന്നു. രണ്ട് രാജ്യങ്ങൾ തമ്മിലോ ഗ്രൂപ്പുകൾ തമ്മിലോ തർക്കം ഉടലെടുത്താൽ മൂന്നാമതൊരു കക്ഷി അതിൽ മധ്യസ്ഥം വഹിച്ചു കൊണ്ട് സമാധാനപരമായ ഒരു ഒത്തുതീർപ്പ് ഉണ്ടാക്കണമെന്നും ലോകത്ത് സമാധാനവും സൗഹാർദ്ദവും പരത്താൻ നിങ്ങൾ നിങ്ങളുടെതായ സ്വാധീനം ഉപയോഗിക്കണമെന്നും നിങ്ങളുടെ ശത്രുക്കൾ ദുഷ്ട വിചാരത്തോടെ നിങ്ങൾക്ക് നാശം വരുത്തുവാൻ തയ്യാറെടുക്കുകയും പിന്നീട് അതിൽ നിന്ന് പിന്തിരിയുകയും അനുരഞ്ജനത്തിന്റെ മാർഗ്ഗം അവലംബിക്കുകയുമാണെങ്കിൽ അവരുടെ ഉദ്ദേശം എന്തു തന്നെയാണെങ്കിലും നിങ്ങളതിനോട് അനുകൂലമായി പ്രതികരിച്ചുകൊണ്ട് സമാധാന പൂർണ്ണമായ ഒത്തുതീർപ്പിലെത്തണമെന്നും എന്തൊക്കെയായാലും സമാധാന സ്ഥാപനത്തിനുള്ള ഒരവസരവും പാഴാക്കരുതെന്നും അതൊരു വിദൂര പ്രതീക്ഷ മാത്രമാണെങ്കിൽ പോലും അതിന്നായി ശ്രമിക്കണമെന്നും നമ്മെ ഓരോരുത്തരേയും ഓർമ്മപ്പെടുത്തുന്നു. വിശുദ്ധ ഖുർആനിലെ പ്രഥമ അദ്ധ്യായത്തിന്റെ പ്രഥമ വചനം ഇപ്രകാരമാണ്. സർവ്വ ലോകങ്ങളുടെയും നാഥൻ അല്ലാഹുവാകുന്നു. അവൻ മുസ്ലിംകളുടെ മാത്രം നാഥനല്ല മറിച്ച് ക്രൈസ്തവരുടെയും ജൂതരുടെയും ഹൈന്ദവരുടെയും നാഥൻ കൂടിയാണ്. മതവിശ്വാസങ്ങളും ആചാരങ്ങളും എന്തുമായിക്കോള്ളട്ടെ തീർച്ചയായും അവൻ എല്ലാ മനുഷ്യരുടെയും രക്ഷിതാവാകുന്നു. കൂടാതെ പ്രബലരായ രാജ്യങ്ങൾ ദുർബലരായ രാജ്യങ്ങളുടെ പ്രകൃതി വിഭവങ്ങളെ ചൂഷണം ചെയ്ത് കൊണ്ട് അതിൽനിന്ന് പ്രയോജനമെടുക്കുകയും എന്നാൽ അവർക്ക് അവകാശപ്പെട്ട അവരുടെ ആസ്തിയിന്മേലുള്ള വിഹിതം നൽകാതിരിക്കുകയും ചെയ്യുന്നത് നല്ലതല്ലെന്നും സൂചിപ്പിക്കുന്നു. മതമോ വിശ്വാസമോ കണക്കിലെടുക്കാതെ നമ്മളിലോ

ശേഷം പേജ് 39 ൽ

# ഇബ്നു അറബി (1165 – 1240) സൂഫിയും പണ്ഡിതനും

ലോക പ്രശസ്തനായ സൂഫിവര്യനും തത്ത്വജ്ഞാനിയും ആത്മീയദർശകനും അഗാതപണ്ഡിതനുമായ ഇബ്നു അറബിയെ കുറിച്ച്. വിവ : കെ വി ഹസ്സൻ കോയ

സകരിയാ വിർക്

മുഹ്‌യുദ്ദീൻ ഇബ്നു അറബി ഇസ്‌ലാമിക സ്പെയിനിലെ പ്രസിദ്ധനായ സൂഫിയും കവിയും പുണ്യവാളനും തത്ത്വജ്ഞാനിയും ആയിരുന്നു. അദ്ദേഹത്തിന്റെ ജീവിതകാലത്ത് സൂഫികളിൽ ആത്മീയ ഗുരുക്കന്മാരിൽ സുപ്രസിദ്ധനായിരുന്നു. മികവുറ്റ ഒരു അദ്ധ്യാപകനായിരുന്നതോടൊപ്പം ആത്മീയ ദർശനശേഷിയും അദ്ദേഹത്തിന്റെ കഴിവുകൊണ്ട് പ്രശസ്തി നേടിയിരുന്നു. അദ്ദേഹത്തിന്റെ മുഴുവൻ പേര് മുഹമ്മദ്ബിനു അലിയിബ്നു അൽ അറബി അൽതായിൽ ഹാത്തിമി എന്നായിരുന്നു. മുസ്‌ലിം സ്പെയിനിൽ മദീനത്തുൽ മുർസിയ (മുറീഷ്യ) പട്ടണത്തിൽ 1165 ആഗസ്റ്റിൽ അദ്ദേഹം ഭൂജാതനായി. അദ്ദേഹത്തിന്റെ അറബി കുടുംബത്തിന്റെ വേരുകൾ ഔദാര്യത്തിന് കേൾവികേട്ട ഹംത്തിതായിയിൽ നിന്നാണ് ആരംഭിക്കുന്നത്.

അദ്ദേഹത്തിന്റെ പിതാവ് അലി ഇബ്നു അൽ അറബി വളരെ സ്വാധീനമുള്ള വ്യക്തിയായിരുന്നു. കോർഡോബയിലെ മുഖ്യജഡ്ജ് ഇബ്നു റുഷ്ദിനെപ്പോലെയുള്ളവർ അദ്ദേഹത്തിന്റെ സുഹൃത്തുക്കളായിരുന്നു. മുഹമ്മദ്ബിൻ സഈദ് മർദാനിഷിന്റെ രാജകൊട്ടാരവുമായി ബന്ധപ്പെട്ട ഇബ്നു അറബിക്ക് എട്ടു വയസ്സായപ്പോൾ മുർഷ്യയിലെ ജോലി കാരണം കുടുംബം ലിസ്ബൻ വഴി സെവില്ലയിലേക്ക് താമസം മാറ്റി. സെവില്ലയിലെ അമീർ ആയിരുന്ന അബുയൂസഫ് യാക്കൂബ് തന്റെ കൊട്ടാരത്തിൽ പിതാവിന് ഉന്നതസ്ഥാനം നൽകിയതിനാൽ ഇബ്നു അറബി തന്റെ ജീവിതത്തിലെ മുപ്പത് വർഷം കഴിച്ചുകൂട്ടിയത് ഇവിടെയായിരുന്നു. സെവില്ലെ പട്ടണം സൂഫിസത്തിന്റെ ഒരു കേന്ദ്രമായിരുന്നു. വളരെയേറെ സൂഫികൾ അവിടെ നിവസിച്ചിരുന്നു. രണ്ടു പുണ്യവതികളും അവിടെയുണ്ടായിരുന്നു. മാർച്ചനയിലെ യാസ്മിനും കോർഡോവയിലെ ഫാത്തിമയുമായിരുന്നു അവർ. യാസ്മിനെക്കുറിച്ചുള്ള ഇബ്നു അറബിയുടെ നിരീക്ഷണം.

‘‘ആത്മീയ പ്രവർത്തനങ്ങളിലും ആശയവിനിമയങ്ങളിലും ഏറ്റവും ഉന്നതയായിരുന്നു അവൾ. അവരുടെ ഹൃദയം ശക്തവും പരിശുദ്ധവുമായിരുന്നു. നല്ല വിവേചനബോധവും ഉണ്ടായിരുന്നു. അവയിൽ ചിലവ അവർ എന്നോട് വെളിപ്പെടുത്തുകയുണ്ടായി. എന്റെ നേട്ടത്തെക്കുറിച്ച് അവർക്ക് അറിയാമായിരുന്നുവെന്നത് എന്നെ സന്തുഷ്ടനാക്കി. (1) ഇബ്നു അറബി തന്റെ അടിസ്ഥാന വിദ്യാഭ്യാസം പൂർത്തിയാക്കിയത് മൂറീഷ്യയിലും ലിസ്ബനിലുമായിരുന്നു. സെമാല്ലെയിൽ അദ്ദേഹം വിശുദ്ധ ഖുർആനും ഹദീസും ശരീഅത്തും അറബി വ്യാകരണവും സമഗ്രമായി പഠിച്ചു. അദ്ദേഹത്തിന്റെ പഠനത്തിലുള്ള വൈദഗ്ധ്യം കാരണം സെവില്ലെ ഗവൺമെന്റ് അദ്ദേഹത്തെ ഒരു സെക്രട്ടറിയായി നിയമിച്ചു. ഇബ്നു അറബിയുടെ ആത്മീയനേട്ടങ്ങൾ ഇളംപ്രായത്തിൽത്തന്നെ പ്രകടമായിരുന്നു. അദ്ദേഹം തന്റെ അധികസമയവും ചെലവഴിച്ചിരുന്നത് സൂഫിമാർക്കിടയിലായിരുന്നു. കാരണം തസവ്വുഫ് ആദ്യമേ അദ്ദേഹത്തിന്റെ കുടുംബത്തിൽ പ്രയോഗവൽക്കരിക്കപ്പെട്ടിരുന്നു. 20–ാം വയസ്സിൽ സൂഫി പാതയിൽ പ്രവേശിച്ചു.

### കുടുംബത്തിലെ സൂഫിസം

അദ്ദേഹത്തിന്റെ കുടുംബത്തിന് സാംസ്കാരികമായ ബന്ധങ്ങൾക്കു പുറമെ മതപരമായ പ്രവണതകളിലും ഒരു ചായ്‌വുണ്ടായിരുന്നു. അദ്ദേഹത്തിന്റെ രണ്ട് അമ്മാവന്മാർ സൂഫിമാരായിരുന്നു. അബൂമുസ്‌ലിം അൽ ഖൗലാനിയും യഹ്‌യാ ഇബ്നു യോഹ്മാനും. അൽ ഖൗലാനി രാത്രി മുഴുവൻ നിസ്കരിക്കാറുണ്ടായിരുന്നു. പതിവായി നിൽക്കുന്നത് കാരണം ക്ഷീണിതനായ തന്റെ കാലുകളിൽ സ്വയം വടി കൊണ്ട് അടിച്ച് ആത്മപീഢനം നടത്തുമായിരുന്നു.

രണ്ടാമത്തെ അമ്മാവൻ യഹ്‌യാ ബിൻ യോഗ്മാൻ ഒരു കാലത്ത് ലെംസനിലെ ഭരണാധികാരിയിരുന്നു. പിന്നീട് അദ്ദേഹം അബൂ അബ്ദുല്ലാ തുനീഷസി എന്ന ഒരു പുണ്യവാളനെ കണ്ടുമുട്ടി. രാജപദവി ഉപേക്ഷിച്ച് തത്ത്വജ്ഞാനിയായിരുന്ന അദ്ദേഹത്തിന്റെ ശിഷ്യത്വം

സ്വീകരിച്ചു. ഇബ്നു അറബിയോട് അദ്ദേഹത്തിന്റെ ജനങ്ങൾ പ്രാർഥിക്കാൻ അപേക്ഷിച്ചാൽ ഇബ്നു അറബി പറയുമായിരുന്നു: ''യഹ്‌യാബ്നു യോഹ്മാനോട് അപേക്ഷിക്കുക. എന്തെന്നാൽ അദ്ദേഹം ഒരു രാജാവായിരുന്നു. പിന്നീട് ഒരു തത്ത്വജ്ഞാനിയായി. അത്തരമൊരു പരീക്ഷണം എന്നെ കൂടി നേരിട്ടിരുന്നുവെങ്കിൽ ഞാനൊരിക്കലും വിജയിക്കില്ലായിരുന്നു.''

## സൂഫിസത്തിലേക്കുള്ള ബൈഅത്ത്

1184ൽ തനിക്ക് 20 വയസ്സുള്ളപ്പോഴാണ് താനൊരു സൂഫിയായത് എന്ന് ഇബ്നു അറബി പറയുമായിരുന്നു. സെവില്ലെയിലെ മറ്റു പൗരാന്മാരോടൊപ്പം തന്നെയും അവിടുത്തെ ഒരു പ്രധാനി സൽക്കാരത്തിനു ക്ഷണിച്ചിരുന്നതായി ഇബ്നു അറബി പറയുന്നു. അവരെല്ലാം ഒരു പാനീയം കുടിക്കുകയായിരുന്നു. പാനീയം ഇബ്നു അറബിക്ക് നല്കപ്പെട്ടപ്പോൾ അദ്ദേഹം ഇങ്ങനെ ഒരു ശബ്ദം കേട്ടു: "ഓ മുഹമ്മദ്, ഇതിനാണോ നാം നിന്നെ സൃഷ്ടിച്ചത്?" അദ്ദേഹം പാനീയം താഴെ വച്ചു ഉടനെ അവിടം വിട്ടിറങ്ങി. വീട്ടിനു പുറത്ത് അദ്ദേഹം ഒരു ഇടയനെ കണ്ടുമുട്ടി. അവന്റെ കൂടെ പട്ടണത്തിന്റെ പ്രാന്തപ്രദേശത്തേക്കു പോയി. വസ്ത്രങ്ങൾ പരസ്പരം കൈമാറി. കുറേനേരം കറങ്ങിയ ശേഷം ഒരു ശ്മശാനത്തിൽ എത്തി. അവിടെ അദ്ദേഹം നാലു ദിവസം 'ദിക്റെ ഇലാഹി' (ദൈവസ്മരണ) യിൽ മുഴുകി. അവിടെ നിന്ന് പുറത്തേക്ക് വന്നപ്പോൾ അത്യധികമായ ജ്ഞാനത്താൽ അദ്ദേഹം അനുഗൃഹീതനായി.

ജീവിതം തന്നെ മാറ്റിമറിക്കപ്പെട്ട ഈ അനുഗ്രഹത്തിനുശേഷം തന്റെ യജമാനനായിരുന്ന ശേഖ് യൂസുഫ് ബിൻ ആഖ്ലഫാൽ കുമിയുടെ മാർഗദർശനത്തിൽ ഒമ്പത് മാസം ഏകാന്തതയിൽ കഴിച്ചുകൂട്ടി. ഇബ്നു അറബി പറയുന്നു:

'എന്റെ ഏകാന്തവാസം ഫജ്ർ നേരത്തായിരുന്നു ആരംഭിച്ചിരുന്നത്. സൂര്യനുദിക്കാൻ ആരംഭിച്ചപ്പോൾ പരോക്ഷമായ (ഗൈബിയായ) ലോകത്തെ രഹസ്യങ്ങൾ എന്നിൽ വെളിപ്പെട്ടു. ഈ ഉപാസനയിൽ ഞാൻ പതിനാല് മാസം കഴിച്ചുകൂട്ടി. എന്നോട് പറയപ്പെട്ട എല്ലാ രഹസ്യങ്ങളും ഞാൻ എഴുതിവെച്ചിട്ടുണ്ട്.

ക്യാബിനറ്റിൽ ഒരു പ്രധാന പദവിയായ ഒരു എഴുത്തുകാരന്റെ ജോലിയാണ് എനിക്ക് സിവിൽ സർവീസിൽ ആദ്യമായി ലഭിച്ചത്. അദ്ദേഹത്തിന്റെ പിതാവ് സംസ്ഥാനമന്ത്രിയായിരുന്നു. അദ്ദേഹത്തിന്റെ കുടുംബം രാജ്യം മുഴുവൻ അറിയപ്പെട്ടിരുന്നു. ആത്മീയാനുഭവത്തിനു ശേഷം അദ്ദേഹം തന്റെ ജോലി ഉപേക്ഷിച്ചു. അദ്ദേഹം ഒരു ദർവേശായി ജീവിക്കുന്നതിന് മുൻഗണന നൽകി.

## ഇബ്നുറശ്ദുമായുള്ള കൂടിക്കാഴ്ച

ഇബ്നുഅറബിയുടെ അസാധാരണമായ പാണ്ഡിത്യവും ആത്മീയമായ ഉൾക്കാഴ്ചയും കാരണം അദ്ദേഹത്തിന്റെ ഖ്യാതി സ്പെയിൻ മുഴുവൻ വ്യാപിച്ചു. അരിസ്റ്റോട്ടിലിന്റെ തത്ത്വങ്ങളുടെ വ്യാഖ്യാതാവായ കൊർഡോബയിലെ ഖാസി ഇബ്നു റുശ്ദ് (1126–1198) ഇബ്നുഅറബിയുമായി കൂടിക്കാഴ്ച നടത്താൻ തന്റെ പിതാവിനോടപേക്ഷിച്ചു.

പ്രശസ്തരായിരുന്ന ഈ രണ്ടു പേരുടെയും കൂടിക്കാഴ്ച സുപ്രധാനമായിരുന്നു. ഒരാൾ ബൗദ്ധിക ദർശനങ്ങളുടെ വ്യാഖ്യാതാവായിരുന്നു. അദ്ദേഹം യൂറോപ്പിലെ ഏറ്റവും സ്വാധീനമുള്ള ചിന്തകനായിരുന്നു. അറിവ് എന്നാൽ ദർശനം ആണെന്നു മനസ്സിലാക്കിയ ഒരു തത്ത്വജ്ഞാനിയായിരുന്നു മറ്റേ ആൾ. അദ്ദേഹം സൂഫിസത്തിലെ അത്യുന്നതനുമായിരുന്നു.

ഇബ്നു അറബി ഈ സന്ദർശനത്തെ സ്വന്തം വാക്കുകളിൽ നിവേദനം ചെയ്യുന്നു:

''ഒരു ദിവസം ഞാൻ കൊർഡോവയിലെ ഖാസിയായ അബൂവാലിദ് ഇബ്നു റുശ്ദിനെ കാണാൻ പോയി. എന്റെ ഉപാസന കാലത്ത് എനിക്കുണ്ടായ ദൈവിക വെളിപാടുകളെക്കുറിച്ച് കേട്ടറിഞ്ഞതുകൊണ്ടാണ് അദ്ദേഹം എന്നെ കാണാൻ ആഗ്രഹിച്ചത്. ഈ രഹസ്യങ്ങളെക്കുറിച്ചു കേട്ട എല്ലാവരും അത്ഭുതം പ്രകടിപ്പിക്കാറുണ്ടായിരുന്നു. ഞാനപ്പോഴും അനാഗതശ്മശ്രുവായിരുന്നു. ഇബ്നു റുശ്ദ് എന്റെ പിതാവിന്റെ അടുത്ത സുഹൃത്തായിരുന്നു. ഞാൻ മുറിയിൽ പ്രവേശിച്ച ഉടൻ എന്നോടുള്ള ആദരസൂചകമായി എഴുന്നേറ്റു നിന്നു. അദ്ദേഹം എന്നെ ആലിംഗനം ചെയ്തു. പിന്നെ അദ്ദേഹം എന്നോട് 'അതെ' എന്നു പറഞ്ഞു. ഞാൻ അദ്ദേഹത്തെ മനസ്സിലാക്കി എന്ന വിധമുള്ള എന്റെ പ്രതികരണം അദ്ദേഹത്തെ സന്തുഷ്ടനാക്കി. എന്നാൽ നേരെ മറിച്ച്, അദ്ദേഹത്തിന്റെ സന്തുഷ്ടിക്ക് കാരണം എന്നെ മനസ്സിലാക്കി എന്നതാണെന്ന കാരണത്താൽ ഞാൻ 'ഇല്ല' എന്നു പറഞ്ഞു. അപ്പോൾ ഇബ്നു റുശ്ദ് എന്നിൽ നിന്നും പിൻവാങ്ങി. അദ്ദേഹത്തിന്റെ നിറംമാറി. എന്നെക്കുറിച്ചദ്ദേഹം വിചാരിച്ചതിൽ സംശയമുദിച്ചു. അദ്ദേഹം എന്നോടു ചോദിച്ചു. ''തത്ത്വശാസ്ത്രപരമായ പ്രകാശത്താലും (കശ്ഫ്)ലും ദൈവീകവെളിപാടു കൊണ്ടും എന്തു പരിഹാരമാണ് താങ്കൾ കണ്ടെത്തിയത്? ധ്യാനപരമായ ചിന്തയും എന്തിലാണോ എത്തിച്ചേർന്നത് അതുമായി യോജിക്കുന്നുണ്ടോ? ' ഞാൻ 'അതേ' 'ഇല്ല' എന്നും മറുപടി പറഞ്ഞു. 'അതെ' എന്നും 'ഇല്ല' എന്നുമുള്ളതിനിടയിൽ ആത്മാക്കൾ പദാർഥത്തിനപ്പുറത്തും പറയുന്നു, കഴുത്തുകൾ ശരീരത്തിൽ നിന്നും വേറിടുന്നു.' ഇതു കേട്ടപ്പോൾ റുശ്ദ് മടങ്ങിപ്പോയി. അദ്ദേഹം കുലുങ്ങിപ്പോയി. എന്നിട്ട് പിറുപിറുത്തു "ലാ ഹൌല ബിലാ കുവ്വത്ത'' (ഒരു ശക്തിയുമില്ല, അല്ലാഹുവിന്റെതൊഴികെ) ഇത് എന്റെ കുത്ത് വാക്ക് കാരണമായിരുന്നു. ഗൂഡാർഥമായ ഭാഷയിൽ ആ യുവാവ് അറിയിച്ച

തെന്തെന്നാൽ യുക്തിപരമായ പര്യവേഷണം ദൈവത്തെക്കുറിച്ചുള്ള പരിപൂർണമായ ജ്ഞാനവും ലോകജ്ഞാനവും നേടാൻ അപര്യാപ്തമാണ് എന്നാണ്.

മറ്റൊരവസരത്തിൽ എന്റെ പിതാവിനോട് ഞാനുമായി അഭിമുഖം നടത്താൻ അദ്ദേഹം അഭ്യർത്ഥിച്ചു. അതുമുഖേന അദ്ദേഹത്തിന്റെ പക്കലുള്ള കാര്യങ്ങൾ (ജ്ഞാനം) എന്നോടു പറയുവാൻ സാധിക്കുമല്ലോ. അദ്ദേഹം ബുദ്ധിമാന്മാരിൽ ഏറ്റവും മികച്ചു നിൽക്കുന്ന ആളായതിനാൽ അദ്ദേഹുവിന് കൃതജ്ഞത രേഖപ്പെടുത്തി. അജ്ഞനായ ഒരാൾ ഏകാന്തവാസത്തിനുപോയി മടങ്ങിവന്നപ്പോൾ പരിപൂർണ ജ്ഞാനിയായിരിക്കുന്നു. എന്തെങ്കിലും ചർച്ചയോ പ്രമേയമോ ഗവേഷണമോ അദ്ധ്യാപകന്റെ കീഴിൽ പഠിക്കാതെയോ ആണിത്. അദ്ദേഹം പറഞ്ഞു: എല്ലാ പ്രതാപവും അല്ലാഹുവിനത്രെ. എന്റെ ജീവിതകാലത്ത് ഈ അനുഭവത്തിന്റെ ഉടമസ്ഥൻ ഉണ്ടായിരിക്കുന്നു. അല്ലാഹുവിന്റെ വാതിലുകളുടെ പൂട്ട് തുറക്കാൻ കഴിയുന്ന ഒരാൾ ഉണ്ടായിരിക്കുന്നു. അങ്ങനെയുള്ള ഒരു വ്യക്തിയെ നേരിൽ കാണാനുള്ള വ്യക്തിപരമായ അനുഗ്രഹം നൽകിയ അല്ലാഹുവിനത്രെ സർവപ്രതാപവും" (2)

ഈ സംവാദത്തിൽ യുവാവായ തത്ത്വജ്ഞാനി മേൽക്കൈ നേടിയിരിക്കുന്നു. പ്രായമുള്ള പര്യടനം നടത്തുന്ന തത്ത്വജ്ഞാനി നിരുദ്ധകണ്ഠനായി. ഇത് കാണിക്കുന്നത് അദ്ദേഹത്തിന്റെ തത്ത്വജ്ഞാനപരമായ ചിന്തയും നിഗൂഢമായ അനുഭവവുമാണ്. ഇവിടെ നിഗൂഢജ്ഞാനം തത്ത്വജ്ഞാനത്തെ മറികടന്നിരിക്കുന്നു. എന്തെന്നാൽ ഇബ്നു അറബി സ്വയം തന്നെ ഒരു തത്ത്വജ്ഞാനി കൂടിയായിരുന്നു.

## അദ്ദേഹത്തിന്റെ യാത്രകൾ

1193ൽ 30 വയസ്സുള്ളപ്പോൾ അദ്ദേഹം ആദ്യമായി വിദേശ യാത്ര ചെയ്തു. അദ്ദേഹം തുനീസിലേക്ക് പോയി. അവിടെ വെച്ച് അബ്ദുൽ അസീസ് ഇബ്നു അബൂബക്കർ അൽഖുറൈശി അൽ മഹ്ദാവിയെ കണ്ടുമുട്ടി. അദ്ദേഹത്തിന്റെ അപേക്ഷപ്രകാരം ഇബ്നു അറബി അന്തലൂസിൽ (സ്പെയിൻ) താനുമായി ബന്ധമുള്ള 55 സൂഫി പുണ്യവാളന്മാരുടെ ജീവചരിത്രമെഴുതി അത് 'റൂഹുൽ ഖുദ്സ്' എന്ന് നാമകരണം ചെയ്യപ്പെട്ടു.

ഒരു പക്ഷേ വടക്കെ ആഫ്രിക്കയിലെ ആഭ്യന്തരയുദ്ധം കാരണമായി ഇബ്നു അറബി അന്തലുസിലേക്ക് മടങ്ങി. 1994-ൽ അദ്ദേഹം ഫെസിലേക്ക് യാത്ര ചെയ്തു. അലാകോസിലെ ക്രിസ്തീയ സൈന്യത്തിനെതിരിൽ യാക്കൂബ് അൽ മൻസൂറിലെ ഭരണാധികാരിയായ അൽമൊഹാദ് വിജയിക്കുമെന്ന് ഇബ്നു അറബി മുൻകൂട്ടി പറഞ്ഞു. 1195 ആവുമ്പോഴേക്ക് അദ്ദേഹം സെവില്ലയിലേക്ക് മടങ്ങി. അവിടെ അദ്ദേഹം മിക്കവാറും സമയവും പഠനത്തിലും ചർച്ചയിലും മുഴുകി. ഇത്രയുമായപ്പോഴേക്കും ആത്മീയമായ ആധികാരികതയുടെ ബഹുമതികാരണം മറ്റുള്ളവർ അദ്ദേഹത്തെ സാദരം വീക്ഷിച്ചു.

1196ൽ അദ്ദേഹം ഫെസിലേക്ക് മടങ്ങി. അസ്ഹർ പള്ളിയിലെ ഇമാമായ അബ്ദുൽ കരീമിന്റെ പ്രഭാഷണം കേൾക്കാനായിരുന്നു ഇത്. അദ്ദേഹം ഇബ്നു ഹയ്യൂമിന്റെ തോട്ടത്തിൽ ഇടയ്ക്കിടെ സന്ദർശനം നടത്തി. ആത്മീയതയുള്ള ആളുകളെ കണ്ടുമുട്ടാനായിരുന്നു ഇങ്ങനെ ചെയ്തത്. ഇവിടത്തെ താമസക്കാലത്ത് അദ്ദേഹത്തിന് നിരവധി ശിഷ്യന്മാരുണ്ടായി. അദ്ദേഹത്തിന്റെ ആത്മീയപദവി അത്യന്തം ഉന്നതമായിരുന്നു. മുഹമ്മദിന്റെ പുണ്യവാളത്തത്തിന്റെ അറിവിന്റെ മുദ്ര താൻ നേടിയതിനാൽ 'അൻഖാത്തമുൽ ഔലിയ' എന്ന് അറിയപ്പെട്ടു. 1193ൽ അദ്ദേഹം ഗ്രനഡ വഴി മുർസിലയിലേക്ക് തിരിച്ചു വന്നു. അദ്ദേഹം കൊർഡോബയിൽ ഇബ്നുറുശ്ദിന്റെ മരണാനന്തരചടങ്ങുകളിൽ സംബന്ധിച്ചു. ഇബ്നു റുശ്ദ് മരാക്കേശിൽ ചരമം പ്രാപിച്ചെങ്കിലും അദ്ദേഹത്തിന്റെ മൃതദേഹം കബറടക്കാനായി ജന്മദേശത്തേക്ക് കൊണ്ടുവന്നിരുന്നു. ഈ അവസരത്തിൽ അദ്ദേഹം താഴെ കൊടുത്ത വരികൾ രചിച്ചു.

> ഇതാണ് ഇമാം ഇവ അദ്ദേഹത്തിന്റെ പ്രവൃത്തികളും.
>
> അദ്ദേഹത്തിന്റെ അഭിലാഷങ്ങൾ സഫലീകരിക്കപ്പെട്ടുവെന്ന് ഞാനറിഞ്ഞിരുന്നെങ്കിൽ.

1200ൽ അദ്ദേഹം മറാകേശിലേക്ക് പോയി. അവിടെ അദ്ദേഹം ദാനസൂക്ഷിപ്പുകാരനായ കൂത്തയിലെ അബു അൽ അബ്ബാസിന്റെകൂടെ കുറച്ചുസമയം ചെലവഴിച്ചു. ഇവിടെ അദ്ദേഹത്തിന് രണ്ടനുഭവങ്ങളുണ്ടായി. അതോടെ അദ്ദേഹത്തിന്റെ ആത്മീയ പദവിയിൽ കൂടുതൽ ഔന്നത്യം ഉണ്ടായി. കിഴക്കോട്ടുള്ള മാർഗമദ്ധ്യേ അദ്ദേഹം ബുജിയയിലേക്കും തുനീസിലേക്കും യാത്രചെയ്തു.

## കിഴക്ക് അദ്ദേഹത്തിന്റെ ജീവിതം

അദ്ദേഹം തന്റെ കൂട്ടുകാരനായ അൽഹസറിന്റെ കൂടെ കിഴക്കോട്ട് യാത്ര ചെയ്തു. വളരെ ചുരുങ്ങിയ കാലം കൈറോയിലും അലക്സാന്റിറിയയിലും ചിലവഴിച്ച ശേഷം 1201 ൽ മക്കയിൽ എത്തി.

ഒരിക്കൽ അദ്ദേഹം മക്കടിലെ സാഹിർ ഇബ്നു റന്റസ്തം ഇസ്ഫഹാനിയുടെ ആതിഥ്യം സ്വീകരിച്ചു. അദ്ദേഹവും ഒരു സൂഫിയും സൂഹത്തിൽ ഉന്നതസ്ഥാനമലങ്കരിച്ച ആളുമായിരുന്നു.

സാഹിറിന് നിസാം ഐൻ അശ്ശംസ് എന്ന് പേരുള്ള ഒരു മകളുണ്ടായിരുന്നു. അവളുടെ ശ്രദ്ധയാകർഷിക്കുന്ന നോട്ടങ്ങൾ ഇബ്നു അറബിയെ തർജുമാനുൽ അസ്ഖാഖ് എന്ന പേരിൽ പ്രേമകവിതകൾ എഴുതാൻ പ്രചോദിതനാക്കി. നിസാം അതീവ സൗന്ദര്യം കൊണ്ടും ബുദ്ധിശക്തികൊണ്ടും ആത്മീയമായ അനുഭവങ്ങൾ കൊണ്ടും അനുഗൃഹീതയായിരുന്നു. "അവളുടെ കണ്ണഞ്ചപ്പിക്കുന്ന സൗന്ദര്യവും പെരുമാറ്റത്തിന്റെ

വശ്യതയാർന്ന മിതത്വവും മൃദുഭാഷണത്തിന്റെ സ്വരമാധുര്യവും കാരണം അവളുടെ സാന്നിദ്ധ്യം ചുറ്റുമുള്ളവരെ വശീകരിക്കുമായിരുന്നു.”

ഇബ്നു അറബി ‘തർജ്ജുമാനുൽ അശ്ഫാഖി’ൽ എഴുതി.

മക്കയിലായിരുന്നപ്പോൾ അദ്ദേഹം ഹജ്ജ് നിർവഹിച്ചു. കഅബ പ്രദക്ഷിണം (തവാഫ്) ചെയ്യുമ്പോൾ ‘ഹജറുൽ അസ്വദ് ’ കടന്നുപോകുമ്പോൾ അദ്ദേഹത്തിന് ഒരു ദർശനമുണ്ടായി. ഇതദ്ദേഹത്തിന്റെ ആത്മീയപക്വതയുടെ നിർണായകഘട്ടം രേഖപ്പെടുത്തുന്നു.

മക്കയിൽ അദ്ദേഹത്തിന്റെ മാസ്റ്റർപീസായ ‘ഫുത്തുഹാത്തുൽ മക്കിയ’ എഴുതാൻ തുടങ്ങി. 1204ൽ അദ്ദേഹം മക്ക വിട്ടു. അവിടെ നിന്ന് ബാഗ്ദാദിലേക്കും പിന്നീട് മോസുലിലും പോയി. ഇവിടെ വച്ച് അദ്ദേഹം ‘അൽതനസ്സുലാത്ത് അൽ മൗസുലിയ്യ’ (മോസുലിലെ വെളിപാടുകാർ) എന്ന പേരിൽ രചിച്ച ഗ്രന്ഥത്തിൽ അംഗശുദ്ധി (വുളു)യുടെയും സ്വലാത്തി(നിസ്കാരം)ന്റെയും പ്രാധാന്യം വിവരിക്കുന്നു. 1206ൽ കൈറോയിൽ നിന്ന് മടങ്ങുന്ന വഴി ഹെബ്രോണിൽ എത്തി. അവിടെ അദ്ദേഹത്തിനെതിരിൽ മതനിന്ദാരോപണമുണ്ടായി. പക്ഷേ, ഭരണകർത്താവായ നാസിറുദ്ദീൻ അൽ മാലിക്ക്അദിൽ ഇടപെട്ടു. ബുജിയയിൽ നിന്ന് അബുൽ ഹഖിന്റെ കത്തിന്റെ അടിസ്ഥാനത്തിലായിരുന്നു ഇത്.

## കോനിയയിലെ ജീവിതം

കൈറോയിൽ അദ്ദേഹത്തിന് ലഭിച്ച സ്വീകരണം ഇബ്നുഅറബിയെ നിരുത്സാഹപ്പെടുത്തി. 1207ൽ അദ്ദേഹം മക്കയിലേക്ക് മടങ്ങി. ഒരു വർഷം നീണ്ട താമസത്തിനുശേഷം അദ്ദേഹം ഏഷ്യാമൈനറിലേക്ക് (തുർക്കി) യാത്രയായി. 1210ൽ അദ്ദേഹം എത്തിയപ്പോൾ റോമിലെ സൽജ്ജുക്ക് സുൽത്താൻ കെ കയ്സും (1210–1220) കൊനിയയിലെ ജനങ്ങളും അദ്ദേഹത്തെ വരവേറ്റു. ഇവിടെ, സദറുദ്ദീൻ അദ്ദേഹത്തിന്റെ വിശ്വസ്ത ശിഷ്യനായിരുന്നു. അദ്ദേഹം ഇബ്നു അറബിയുടെ അദ്ധ്യാപനങ്ങളുടെ പ്രധാന പ്രയോക്താവായി. അദ്ദേഹത്തിന്റെ രചനകളുടെ ബൃഹത്തായ വ്യാഖ്യാനങ്ങൾ സദറുദ്ദീൻ എഴുതി: സദറുദ്ദീൻ മൗലാനാ ജലാലുദ്ദീൻ റൂമിയുടെ അടുത്ത ശിഷ്യനായിരുന്നു. ഖുത്തുബുദ്ദീൻ ശിറാസിയുടെ (1236–1311) അദ്ധ്യാപകനുമായിരുന്നു. ഖുത്തുബുദ്ദീൻ ശിറാസി 13–ാം നൂറ്റാണ്ടിലെ എണ്ണപ്പെട്ട സൂഫിയുമായിരുന്നു.

1211ൽ തന്റെ ഏതാനും ശിഷ്യരോടൊപ്പം അദ്ദേഹം കൊനിയയിൽ നിന്ന് ബാഗ്ദാദിലേക്ക് പോയി. ഇവിടെ അദ്ദേഹം ഒരു വലിയ സൂഫി ഗുരുവായ ശിഹാബുദ്ദീൻ സുഹ്രവർദിയുമായി കൂടിക്കാഴ്ച നടത്തി. 1212ൽ ഇബ്നു അറബി സുൽത്താൻ കെക്കോസിന് ഒരു കത്തെഴുതി. അദ്ദേഹം പ്രജകളെന്ന നിലയിൽ ക്രിസ്ത്യാനികളുടെ പെരുമാറ്റം എങ്ങനെയായിരുന്നുവെന്ന് ചോദിച്ചിരുന്നു. അവരുമായുള്ള കൈകാര്യങ്ങളിൽ കർശന നിലപാട് കൈക്കൊള്ളണമെന്നും ഇസ്ലാമിന് തന്റെ രാജ്യത്ത് ദോഷം വരുത്തുന്നതിൽ നിന്ന് അവരെ തടയണമന്നും അദ്ദേഹം എഴുതി. ഇതൊരു പക്ഷേ, ആ സമയത്ത് നടന്നിരുന്ന കുരിശുയുദ്ധം കാരണമായിരിക്കണം.

1213ൽ അദ്ദേഹം മക്കയിലേക്ക് യാത്ര ചെയ്യുകയും രണ്ടുവർഷത്തിനുശേഷം ഒരിക്കൽ കൂടി അദ്ദേഹം തുർക്കിയിൽ പോകുകയും കെകോസിനെ കണ്ടുമുട്ടുകയും അന്ത്യോക്യ യുദ്ധത്തിൽ അദ്ദേഹത്തിന് വിജയമുണ്ടാകുമെന്ന് മുൻകൂട്ടി പറയുകയും ചെയ്തിരുന്നു. അദ്ദേഹം 1221ൽ ആലെപ്പോയിൽ എത്തി. പിന്നീട് ഡമാസ്കസ്സിൽ താമസിക്കാൻ തീരുമാനിച്ചു. തന്റെ സംഭവബഹുലമായ ജീവിതത്തിൽ നിന്നും ഒഴിഞ്ഞ് മാറി സമാധാനപൂർവ്വം ചെലവഴിക്കാൻ ആഗ്രഹിച്ചു.

അവിടുത്തെ ഭരണാധികാരി അൽമലിക്കുൽ ആദിൽ അദ്ദേഹത്തോട് വളരെ ബഹുമാനപുരസ്സരമാണ് പെരുമാറിയത്. 1240ൽ അദ്ദേഹം അന്ത്യശ്വാസം വലിച്ചു. ഡമാസ്കസ്സിന്റെ വടക്ക് ഖാസിയൂൻകുന്നിന്റെ അടുത്തുള്ള സാലിഹിയയിലാണ് അന്ത്യവിശ്രമം കൊള്ളുന്നത്. 16–ാം നൂറ്റാണ്ടിൽ അദ്ദേഹത്തിന്റെ സ്മാരകമണ്ഡപം നിർമിക്കപ്പെട്ടു. ഇന്നും അത് സൂഫികളുടെ തീർഥാടനകേന്ദ്രാണ്.

## അദ്ദേഹത്തിന്റെ സന്തതികൾ

ഇബ്നു അറബി മൂന്നു തവണ മൂന്ന് രാജ്യങ്ങളിൽ വിവാഹിതനായിട്ടുണ്ട്. സെവില്ലെയിലെ താമസക്കാലത്ത് അദ്ദേഹം സൂഫിയാവണമെന്ന തന്റെ ആഗ്രഹം പങ്കുവെച്ചു. മുഹമ്മദ്ബ്ൻ അൽദൂനിന്റെ മകൾ മറിയമിനെയാണ് വിവാഹം ചെയ്തത്. രണ്ടാം ഭാര്യ മക്കയിലെ ശരീഫിന്റെ മകളായിരുന്നു. അദ്ദേഹം ഇമാദുദ്ദീന്റെ മാതാവായിരുന്നു. അവസാനമായി അദ്ദേഹം ഡമാസ്ക്കസ്സിലെ ഖാസിയുടെ മകളെയായിരുന്നു വിവാഹം ചെയ്തത്. (5)

അദ്ദേഹത്തിന് 2 പുത്രന്മാരുണ്ടായിരുന്നു. സദ്അദ്ദീൻ മുഹമ്മദ് (1221–1258). അദ്ദേഹം അംഗീകരിക്കപ്പെട്ട ഒരു കവിയായിരുന്നു. പിന്നെ ഇമാദുദ്ദീൻ മുഹമ്മദ് (മരണം 1268)

## ഇബ്നു അറബിയുടെ പ്രവർത്തനങ്ങൾ

സൂഫികൾക്കിടയിൽ ഇബ്നു അറബി പരാമർശിക്കപ്പെട്ടിരുന്നത് അശ്ശൈഖുൽ അക്ബർ, ഏറ്റവും മഹാനായ അദ്ധ്യാപകൻ എന്നാണ്. ഇതിനുള്ള കാരണം വാചികമായ പ്രക്ഷേപണത്തിലും പരോക്ഷ സൂചനയിലും ഒതുങ്ങിയ സിദ്ധാന്തങ്ങൾ എഴുത്തു മുഖേനയാക്കി എന്നതാണ്. അങ്ങനെ ചെയ്യുന്നതു വഴി അദ്ദേഹം പല വിഷയങ്ങളും ക്രോഡീകരിച്ചു. അതിഭൗതികമായ സിദ്ധാന്തങ്ങൾ ആചാരപരമായ സംശുദ്ധി (വുളു) ബഹിരാകാശ ശാസ്ത്രം, സംഖ്യാശാസ്ത്രം, നിഗൂഢമായ അവസ്ഥകൾ, സൂഫി സി

ദ്ധാന്തങ്ങൾ എന്നിവ എഴുത്തുമുഖേന രേഖപ്പെടുത്തി ഇബ്നു അറബി തന്റെ സ്വന്തം ഗ്രന്ഥങ്ങളുടെ പട്ടികയിൽ 251 എണ്ണം ചേർത്തിട്ടുണ്ട്. ചില ഗ്രന്ഥങ്ങൾ അച്ചടിക്കപ്പെടുകയോ പരിഭാഷപ്പെടുത്തപെടുകയോ ചെയ്തിട്ടുണ്ട്. 110 രചനകളുടെ കയ്യെഴുത്തുപ്രതികൾ ഇപ്പോഴും ഉണ്ട്. അവയിൽ 18 എണ്ണം ഇബ്നു അറബിയുടെ സ്വന്തം കൈപ്പടയിൽ ഉള്ളതാണ്. 71 രചനകൾ അച്ചടിക്കപ്പെട്ടിട്ടുണ്ട്. 33 രചനകളുടെ വ്യാഖ്യാനങ്ങൾ മുസ്ലിം പണ്ഡിതന്മാർ നിർവഹിച്ചിട്ടുണ്ട്.

ഭാഷാശാസ്ത്രം, അക്ഷരപ്രതീകാത്മകത്വം, തത്ത്വശാസ്ത്രം, രാസവാദവിദ്യ, ബഹിരാകാശശാസ്ത്രം എന്നിവയായിരുന്നു അത്. വിശുദ്ധ ഖുർആനിലും ഹദീസിലും അഗാധ പാണ്ഡിത്യമുള്ള വ്യക്തിയായിരുന്നു ഇബ്നു അറബി.

ഗദ്യത്തിലും പദ്യത്തിലും അദ്ദേഹം വിദഗ്ദനായിരുന്നു. വിശുദ്ധ ഖുർആനിലുള്ള ഗദ്യതാളലയങ്ങൾ (ബജ്) അദ്ദേഹത്തിന്റെ കൃതികളിൽ മുഴുവൻ കാണാമായിരുന്നു.

സൂഫിസത്തെ സംബന്ധിച്ച (ആത്മീയജ്ഞാനം) യഥാർഥമായ ഒരു സർവവിജ്ഞാനകോശമാണ് അദ്ദേഹത്തിന്റെ ഫുത്തുഹാത്തുൽ മക്കിയ എന്ന ഗ്രന്ഥം. പാരമ്പര്യം, ബുദ്ധി, ഗൂഢാർഥപരമായ ഉൾക്കാഴ്ച എന്നിവയെ കയറിഴ പോലെ കൂട്ടിച്ചേർക്കുകയും വേർതിരിയുകയും ചെയ്യുന്നു. ഈ ഉദ്യമം അദ്ദേഹം 1201ൽ മക്കയിൽ വെച്ച് ആരംഭിക്കുകയും 1237ൽ ഡമാസ്കസ്സിൽ വച്ച് പൂർത്തിയാക്കുകയും ചെയ്തു. അതിലടങ്ങിയിരിക്കുന്നത് ഗൂഢാർഥപരമായ അനുഭവങ്ങൾ, അതിഭൗതിക ശാസ്ത്രസിദ്ധാന്തങ്ങൾ, ദർശനങ്ങൾ, ജ്യോതിശാസ്ത്രം, സൂഫീസിദ്ധാന്തങ്ങൾ ധ്യാനം എന്നിവയാണ്. 560 അദ്ധ്യായങ്ങളിൽ രചിക്കപ്പെട്ട ബൃഹത്തായ ഒരു ഗ്രന്ഥമാണിത്. ഇബ്നു അറബി മനസ്സിലാക്കുകയും അനുഭവിക്കുകയും ചെയ്ത ഇസ്ലാമിലെ എല്ലാ വിഷയങ്ങളും അടങ്ങിയ ഒരു വിശ്വവിജ്ഞാനകോശമാണിത്. അതോടൊപ്പം അദ്ദേഹത്തിന്റെ ആന്തരികമായ ആത്മീയ ജീവിതത്തെക്കുറിച്ചുള്ള വിലമതിക്കാനാവാത്ത വിവരണങ്ങളും ഇതിൽ ഉണ്ട്. ഇതിന്റെ സ്വതന്ത്രമായ തിരഞ്ഞെടുപ്പിന്റെയോ ചിന്തയുടെയോ ഫലമല്ലെന്നും അദ്ദേഹം തറപ്പിച്ചു പറയുന്നു.

"പ്രചോദനത്തിന്റെ മലക്കുമുഖേന അല്ലാഹു പറഞ്ഞുതന്നതാണിവയെല്ലാം."

ഈ മഹത്തായ രചനയുടെ നൂറിലധികം വ്യാഖ്യാനങ്ങൾ എഴുതപ്പെട്ടിട്ടുണ്ട്.

''ഫുസൂസുൽ ഹിക്കം' (ജ്ഞാനത്തിന്റെ കൈപ്പിടികൾ) എന്ന ഗ്രന്ഥം രചിക്കപ്പെട്ടത് 1229ലാണ്. യഹൂദ, ക്രിസ്തീയ, ഇസ്ലാമിക പ്രവാചകന്മാരുടെ ആന്തരികജ്ഞാനത്തിന്റെ വെളിപ്പെടുത്തലുകളാണിതിൽ. 27 അദ്ധ്യായങ്ങളിൽ ഓരോന്നും ഇസ്ലാമിക സിദ്ധാന്തങ്ങളുടെ നിഗൂഢതത്ത്വശാസ്ത്രത്തിന് അർപ്പണം ചെയ്തിരിക്കുന്നു. മുഹമ്മദ് നബി(സ)യെക്കുറിച്ചുള്ള ഒരു ദർശനത്താൽ പ്രചോദിതനായി എഴുതപ്പെട്ടതാണ്. ദർശനത്തിൽ നബിതിരുമേനി ഒരു പുസ്തകം ഇബ്നു അറബിക്ക് നല്കികൊണ്ട് ഇത് ലോകത്തിന് വിതരണം ചെയ്യണം എന്ന് ഇബ്നു അറബിയോട് ആജ്ഞാപിക്കുന്നതായിരുന്നു ദർശനം. .

ഈ ഗ്രന്ഥം കടുത്ത വിമർശനങ്ങൾക്ക് വിധേയമായി. അദ്ദേഹം അവിശ്വാസിയാണെന്നു നിരവധി മതപണ്ഡിതന്മാർ പ്രഖ്യാപിച്ചു (ഇബ്നു തീമിയ്യ). ഫുസൂസിന് നിരവധി വ്യാഖ്യാനങ്ങൾ എഴുതപ്പെട്ടിട്ടുണ്ട്. അവയിൽ പ്രധാനപ്പെട്ടവ സദറുദ്ദീൻ കോനവിയും, അബ്ദുൽ ഘനി അൽ നബ്യൂസി എന്നിവരുടേതാണ്. ജ്ഞാനപരമായ ഗ്രന്ഥങ്ങളായി സൂഫിഗ്രന്ഥങ്ങൾ അംഗീകരിക്കപ്പെട്ട ഇസ്ലാമിക രാജ്യങ്ങളിൽ അത് പഠിപ്പിക്കപ്പെട്ടുവരുന്നു.

റുഹുൽ ഖുദുസ്, അൽദുറത്തുൽ ഫത്വീറ എന്നീ ഗ്രന്ഥങ്ങൾ ഡോ. ആർ. ഡബ്ല്യു. ഓസ്റ്റിൻ ഒറ്റവാല്യമായി 1971ൽ പ്രസിദ്ധപ്പെടുത്തി. ആന്തലൂസിയയിലെ സൂഫികൾ എന്ന ഗ്രന്ഥത്തിൽ 71 സൂഫികളുടെ ജീവിതരേഖകൾ നല്കപ്പെട്ടിരിക്കുന്നു. ചില ചെറിയ ഗ്രന്ഥങ്ങൾ 1931ൽ ആസിൻ പലാഷ്യോസ് സ്പാനിഷ് ഭാഷയിൽ വിവർത്തനം ചെയ്തിട്ടുണ്ട് (6)

സ്വന്തം കൈപ്പടയിലുള്ള 18 രചനകൾ നിലവിലുണ്ട്. നിരവധി പ്രതികൾ അദ്ദേഹം ആധികാരികതയോടെ നിർമിച്ചിട്ടുണ്ട്. നിരവധി ആത്മകഥാ കയ്യെഴുത്തു പ്രതികൾ ബാഗ്ദാദ്, ഇസ്തംബൂൾ, കെനിയ എന്നിവിടങ്ങളിലെ ലൈബ്രറികളിൽ സൂക്ഷിക്കപ്പെട്ടിട്ടുണ്ട്.

## അദ്ദേഹത്തിന്റെ മൊഴികൾ

ഇബ്നു അറബിയുടെ ഉദ്ധരണികൾ രേഖപ്പെടുത്തിയിട്ടുണ്ട്. അവ നമുക്ക് അദ്ദേഹത്തിന്റെ വീക്ഷണങ്ങളെക്കുറിച്ചുള്ള ബോധം നൽകുന്നു.

'അല്ലാഹുവിനെ അറിയുന്നവൻ തന്റെ കണ്ണിന്റെ കാഴ്ച (ബസ്വർ) കൊണ്ട് അവനെ കാണുന്നു. മറ്റുള്ളവർ അത് ഉൾക്കാഴ്ച (ബസ്വീറ) കൊണ്ട് കാണുന്നു. ഉൾക്കാഴ്ച കൊണ്ട് കാണുന്നവനെ യഥാർഥത്തിൽ ആരും അറിയുന്നില്ല എന്നിരിക്കിലും അയാൾക്ക് തന്റെ അഹന്ത വരുത്തുന്ന ക്ഷതം അറിയാൻ കഴിയുന്നില്ല. പിന്നെ എങ്ങനെ തന്റെ നാഥൻ അവനുവേണ്ടി മുൻകൂട്ടി വിധിച്ച കാര്യങ്ങളെക്കുറിച്ച് സുരക്ഷിതമാണെന്ന് അറിയാൻ കഴിയുന്നത്?

'അറിവുള്ളവന്റെ പ്രഭാഷണം ശ്രോതാവിന്റെ പ്രതിച്ഛായയിലായിരിക്കും. അതായത്, അപരന്റെ കഴിവുകൾ, തയ്യാറെടുപ്പ്, ദൗർബല്യം, ആന്തരികഗോപനം മുതലായവ. നിങ്ങൾക്ക് ഒരാളുടെ ചോദ്യത്തിന് മറുപടി പറയുന്നത് സങ്കീർണമായി തോന്നുന്നുവെങ്കിൽ ഉത്തരം പറയരുത്. എന്തെന്നാൽ അദ്ദേഹത്തിന്റെ പാത്രം മുമ്പെത്തന്നെ നിറഞ്ഞിരിക്ക

യാണ്. അതിനാൽ ഉത്തരം ഉൾക്കൊള്ളാൻ അതിൽ സ്ഥലമില്ല.'

'അജ്ഞന് തന്റെ അജ്ഞത കാണ്മാൻ കഴിയുന്നില്ല. എന്തെന്നാൽ അയാൾ അന്ധകാരത്തിൽ ഒളിച്ചിരിക്കയാണ്. അറിവുള്ള ആൾക്ക് സ്വന്തം അറിവ് കാണാൻ സാധിക്കുന്നില്ല എന്തെന്നാൽ അയാൾ പ്രകാശത്തിൽ ഒളിച്ചിരിക്കുകയാണ്.'

'പ്രപഞ്ചത്തിന്റെ അസ്തിത്വത്തിന്റെ ചലനം സ്നേഹത്തിന്റെ ചലനമാണ്.' തന്റെ ഉറ്റതോഴരെ അദ്ദേഹം ഇങ്ങനെ അഭിസംബോധന ചെയ്തു.

'ഓരോ വിധത്തിലുള്ള അറിവിനും ചില ആളുകളുണ്ട്. ഓരോ അറിവും ഓരോരുത്തർക്കും സ്വയം കീഴടക്കാൻ സാധിക്കില്ല. മാത്രമല്ല, അതിനുള്ള സമയവുമില്ല. അതുകൊണ്ട് ഏത് സമുദായത്തിലും എല്ലാവിധത്തിലുമുള്ള ആളുകളുണ്ടാകണമെന്ന് അത്യാവശ്യമാണ്. വ്യത്യസ്ത മാനസിക കഴിവുള്ള ആളുകൾ ഉണ്ടായിരിക്കണം. എന്നാൽ അവരുടെ ലക്ഷ്യം ഒരേവിധത്തിലുള്ളതാവണം' (8)

## അസ്തിത്വത്തിന്റെ ഐക്യം

അദ്ദേഹം 'വഹ്ദത്തുൽ വുജ്ജൂദ്' എന്ന സിദ്ധാന്തത്തിന്റെ പ്രമുഖ വക്താവായാണ് പൊതുവിൽ അറിയപ്പെടുന്നത്. എന്നാൽ ഈ പദം അദ്ദേഹം തന്റെ ഒരു ഗ്രന്ഥത്തിലും ഉപയോഗിച്ചിട്ടില്ല. മറ്റെല്ലാം നിഗൂഢ ജ്ഞാനിയെപ്പോലെ അദ്ദേഹം ഊന്നൽ നൽകിയത്. മനുഷ്യാസ്തിത്വത്തിന്റെ യഥാർത്ഥമായ പ്രബലതയ്ക്കാണ്, ആ പ്രബലത സാക്ഷാൽക്കരിക്കാനുള്ള വഴിയിലേക്കും. അത് പൂർണത പ്രാപിക്കുന്നത് പരിപൂർണ മനുഷ്യനിലാണ് (അൽ ഇൻസാൻകാമിൽ). 'വഹ്ദത്തുൽ വുജ്ജൂദ്' എന്ന ഒരു പ്രത്യേകവിധത്തിലുള്ള തത്ത്വജ്ഞാനമാണ്. പ്രപഞ്ചത്തെ സംബന്ധിച്ചേടത്തോളം ദൈവം സർവാധിശായിയാണ് പ്രപഞ്ചം പൂർണമായും അവനിൽ നിന്നും വേറിട്ടുനില്ക്കുന്നതല്ല. പ്രപഞ്ചമാകട്ടെ നിഗൂഢമായി ദൈവത്തിൽ മുങ്ങിയിരിക്കുന്നു. (9)

ഒരു പരിപൂർണ മനുഷ്യൻ യഥാർത്ഥത്തിന്റെ പരിപൂർണമായ പ്രതിബിംബമാവുന്നതെങ്ങനെയാണ്. ഇബ്നു അറബി കാണിച്ചുതരുന്നു. തങ്ങളുടെ സ്വന്തം ആത്മാവിനെ അറിയുന്നവർ ദൈവത്തെ അറിയുന്നതെങ്ങനെയാണെന്നും അദ്ദേഹം കാണിച്ചു തരുന്നു. ഉൺമയുടെ ഐക്യം തന്റെ എഴുത്തുകളിൽ അദ്ദേഹം നല്ലപോലെ തുറന്നുകാണിക്കുന്നു. ഏറ്റവും അവിഭാജ്യവുമായ യാഥാർഥ്യം കൂടുതലുമുയർന്നുനില്ക്കുന്നു. ലോകത്തിന്റെ എല്ലാ പ്രതിബിംബങ്ങളിലും അത് പ്രകടമാകുകയും ചെയ്യുന്നു. ഈ സിദ്ധാന്തം അദ്ദേഹം സർവം ബ്രഹ്മമയമാണെന്ന വിശ്വാസകാരനും കുറ്റക്കാരനുമായി ചിത്രീകരിക്കപ്പെട്ടു. എന്നാൽ ഇബ്നു അറബി വിശ്വസിച്ചിരുന്നത് എല്ലാ വിഭാഗത്തിന്റെ മേൽ ഉയർന്നു നില്ക്കുന്നവനാണെന്ന വിശ്വാസക്കാരനായിരുന്നു. (10)

## അദ്ദേഹത്തിന്റെ പ്രത്യയശാസ്ത്രം

ഇബ്നു അറബി തന്റെ സുഹൃത്തുക്കളിലും ശിഷ്യന്മാരിലും ശക്തമായ സ്വാധീനം ചെലുത്തി. അവരിൽ നിരവധി പേർ സ്വന്തം നിലയിൽ തന്നെ ആത്മീയോന്നതി പ്രാപിച്ചിരുന്നു. ഇസ് ലാമിക ലോകത്ത് അദ്ദേഹത്തിന്റെ ആത്മീയ ചിന്തയുടെയും പ്രയോഗത്തിന്റെയും കോഴ്സ് പരിഗണനീയമാംവിധം പ്രബലമായി. സൂഫിസത്തിന്റെ അനുയായികൾ അദ്ദേഹത്തിന്റെ പുസ്തകങ്ങൾ പഠിച്ചു. വിവിധ സൂഫികേന്ദ്രങ്ങളിൽ അദ്ദേഹത്തിന്റെ കവിതകൾ മന്ത്രണം ചെയ്തു. (തരീഖ) അടുത്ത കാലത്ത് അദ്ദേഹത്തിന്റെ ലിഖിതങ്ങൾ പാശ്ചാത്യലോകത്ത് വർധിച്ചുവരുന്ന താല്പര്യത്തിനും പഠനത്തിനും വിധേയമായിരിക്കുന്നു. അത് കാരണം അദ്ദേഹത്തിന്റെ പേരിൽ ഒരു അക്കാഡമിക് സൊസൈറ്റി സ്ഥാപിക്കുന്നതുവരെ കാര്യങ്ങൾ എത്തിയിരിക്കുന്നു.

നിയമ നിർമാണപരമല്ലാത്ത വെളിപാടുകളുടെ തുടർച്ചയിൽ ഇബ്നു അറബി വിശ്വസിച്ചിരുന്നു. (അമ്പിയ ലാതശ്രിയ ലഹും). സൂഫിമാർക്ക് ജിബ്രീൽ മുഖേന നബി(സ) തിരുമേനിയിൽനിർദേശങ്ങൾ ലഭിക്കുമെന്ന് ഇബ്നു അറബി വിശ്വസിച്ചിരുന്നു. വെളിപാടുകൾ നിലച്ചുപോകുക എന്നത് ഇസ്ലാമിന്റെ മരണത്തിനു കാരണമെന്ന് ഇബ്നു അറബി ചിന്തിച്ചിരുന്നതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. (11)

മുഹദ്ദസും (സംസാരിക്കപ്പെടുന്ന ആൾ) നിയമനിർമാണമില്ലാത്ത പ്രവാചകനും തമ്മിൽ ഉള്ള ബന്ധം അദ്ദേഹം വിവരിച്ചു.

അഹ്ലുൽ ത്വരീഖ - സൂഫിസത്തിന്റെ അനുയായി

ഫന - സ്വയം ഉന്മൂലനം

ഷഖീർ - സൂഫി പാതയുടെ അനുഗാമി

മുത്തസ്സഹഖ് - സൂഫിസത്തിൽ പങ്കെടുക്കുന്ന ആൾ - പാർസിയിൽ ദർവേശ്

ശേഖ് - യജമാനൻ

സിൽസില - ആത്മീയ ശൃംഖല

സൂഫി - ലക്ഷ്യം നേടിയ വ്യക്തി പരമോന്നതനായ തിരിച്ചറിവ് നേടിയ ആൾ.

ത്വരീഖ - സൂഫിസം

ദിക്ര് - ദൈവനാമത്തിന്റെ ആവർത്തനം.

ഒരു മുഹദ്ദസും ഒരു ശരീഅത്ത് പ്രവാചകനും (ആമ്പിയാ തശ്രീ) വ്യത്യസ്തരാണ്. ഒരു പുതിയ ശരീഅത്ത് നിയമവുമായ ബന്ധപ്പെട്ടുകൊണ്ട് അദ്ദേഹം പരിഗണിക്കപ്പെടുന്നത് രയ്സൽ ഔലിയവ ജാമിയൽ മുഖാമത്ത് (പുണ്യവാളന്മാരുടെ തലവനും ആത്മീയപാതയിലെ എല്ലാ ഘട്ടങ്ങളും അധിനിവേശം ചെയ്യപ്പെട്ട വ്യക്തിത്വം). അദ്ദേഹത്തിന് ശരീഅത്തില്ലാത്ത വെളിപാടിൽ ഒരു പങ്കുണ്ട്. ശരീഅത്തില്ലാത്ത പ്രവാചകനും അദ്ദേഹവും തമ്മിൽ കുറഞ്ഞ വ്യത്യാസമുണ്ട്. (12)

ശേഷം പേജ് 43 ൽ

ഭാഗം – 29

# ഹദ്റത്ത് മൗലാനാ ഹക്കീം നൂറുദ്ദീൻ സാഹിബ് ഭേരവി

## (ഖലീഫത്തുൽ മസീഹ് അവ്വൽ (റ))

വാഗ്ദത്ത മഹ്ദി(അ)യുടെ പ്രഥമ ശിഷ്യനും അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ പ്രഥമ ഖലീഫയും മഹാ പണ്ഡിതനുമായ ഹക്കീം നൂറുദ്ദീൻ സാഹിബ് ഭേരവി(റ) യുടെ ജീവചരിത്ര പരമ്പര.

ഇബ്നു വഫാ ബേപ്പൂർ

### ഹദ്റത്ത് മൗലവി നൂറുദ്ദീൻ സാഹിബും ദീനീ സേവനവും

ഹദ്റത്ത് മൗലവി നൂറുദ്ദീൻ സാഹിബ് ഹദ്റത്ത് മസീഹ് മൗഊദി (അ) നെ കണ്ടെത്തിയ ശേഷം ദീനി സേവനത്തെകുറിച്ചും ഇസ്‌ലാമിന്റെ പ്രചരണത്തിനുമായി തനിക്കു എന്തു ചെയ്യുവാൻ സാധിക്കും എന്നും മസീഹ് മൗഊദിന്റെ പ്രവർത്തനങ്ങളിൽ എങ്ങനെയാണ് തനിക്കു സഹായിക്കാൻ സാധിക്കുക എന്നും എപ്പോഴും ചിന്തിക്കുമായിരുന്നു. മഹാരാജാവിന്റെ കൊട്ടാര വൈദ്യനെന്ന നിലക്കു അദ്ദേഹത്തിനു മാസം നല്ല വരുമാനമുണ്ടായിരുന്നു. ലളിത ജീവിതം നയിക്കുന്ന അദ്ദേഹം തന്റെ ബാക്കി വരുമാനം മുഴുവനും ദീനി സേവനത്തിനും ജീവകാരുണ്യ പ്രവർത്തനങ്ങൾക്കും വിധവകൾക്കും അശരണർക്കുമായി ചെലവഴിക്കാറാണു പതിവ്. ആ സമയം അദ്ദേഹത്തിന്റെ മനസ്സിൽ ഒരു പുതിയ ആശയം ഉദിച്ചു. വിവിധ ഭാഷകളിൽ പ്രാവീണ്യമുള്ള പണ്ഡിതരെ തയ്യാറാക്കുകയാണെങ്കിൽ അതു ഇസ്‌ലാമിന്റെ പ്രചരണത്തിനു വളരെ ഗുണം ചെയ്യുമെന്നു അദ്ദേഹം ചിന്തിച്ചു. നിലവിൽ അറിയപ്പെടുന്ന പ്രധാന മതാദ്ധ്യാപനങ്ങളുടേയും ആശയങ്ങളുടേയും വെളിച്ചത്തിൽ ഈ പണ്ഡിത സംഘത്തിനു ഖുർആൻ മജീദിനു വ്യാഖ്യാനം തയ്യാറാക്കാനും സാധിക്കുമെന്നും അദ്ദേഹം പ്രത്യാശിച്ചു.

1886 ന്റെ ആരംഭത്തിൽ ഹദ്റത്ത് മൗലവി സാഹിബ് തന്റെ മനസ്സിലുദിച്ച പദ്ധതിക്കു രൂപം നൽകിക്കൊണ്ട് ദീനീ സേവനത്തിനു സന്നദ്ധരായ പന്ത്രണ്ട് യുവാക്കളെ തെരഞ്ഞെടുത്തു. അതിനു ശേഷം ഈരണ്ടു പേരെ വീതം അറബി, സംസ്കൃതം, ഹിബ്രു, ഇംഗ്ലീഷ്, ഗ്രീക്ക്, ജർമ്മൻ ഭാഷകളിൽ പ്രാവീണ്യം നേടുന്നതിനും ഉന്നത മതപഠനത്തിനുമായി കൽക്കത്തയിലും അലിഗഡിലും ഇന്ത്യയിലെ വിവിധ സ്ഥലങ്ങളിലുമുള്ള വിദ്യഭ്യാസ സ്ഥാപനങ്ങളിലേയ്ക്കയച്ചു. അതിനായി അദ്ദേഹം ആയിരക്കണക്കിനു രൂപ ചെലവഴിച്ചു.

എന്നാൽ ഒരാൾക്കു ഉന്നത വിദ്യാഭ്യാസം നൽകിയതു കൊണ്ട് മാത്രം അയാളുടെ മനസ്സിൽ ഇസ്‌ലാമിക സേവനത്തിനുള്ള അടങ്ങാത്ത ആവേശവും ആധിയും ഉണ്ടായിരിക്കണമെന്നില്ല. അതിനു പ്രധാനമായും, അല്ലാഹുവിനാൽ നിയോഗിതനായ ഒരു ആത്മീയ പുരുഷൻ നേതൃത്വം നൽകുന്ന ഒരു ആത്മീയ ജമാഅത്താണു അത്യാവശ്യമായി വേണ്ടത്. ആ ജമാഅത്തിലെ സാത്വികരായ അംഗങ്ങൾ ഇസ്‌ലാമിന്റെ സേവനത്തിനും പ്രചരണത്തിനുമായി തങ്ങളുടെ ജീവിതം സമർപ്പണം ചെയ്യണം. എങ്കിൽ മാത്രമേ ഇതൊക്കെ വ്യവസ്ഥാപിത രീതിയിൽ സാദ്ധ്യമാവുകയുള്ളു. 1886 ൽ മൗലവി സാഹിബ് ഈ പദ്ധതി നടപ്പിലാക്കുമ്പോൾ ഹദ്റത്ത് മസീഹ് മൗഊദ് (അ) ജമാഅത്തിനു രൂപം നൽകിയിട്ടുണ്ടായിരുന്നില്ല.

രണ്ടു വർഷങ്ങൾക്കു ശേഷം കൽക്കത്തയിൽ ഹിബ്രു പഠിക്കാൻ പോയിരുന്നവർ തിരിച്ചെത്തിയപ്പോൾ ഇനി നമ്മൾ എങ്ങനെയാണു മുന്നോട്ടു നീങ്ങേണ്ടതെന്നു മൗലവി സാഹിബ് അവരോടു തന്നെ ചോദിച്ചു. ആദ്യം അവർ ഒന്നും പറഞ്ഞില്ലെങ്കിലും നിർബന്ധിച്ചപ്പോൾ അതിലൊരാൾ പറഞ്ഞു. നിങ്ങൾക്കു തലക്കു നല്ല വെളിവില്ല. നിങ്ങൾ പറയുന്ന മത സേവനമൊന്നും ഞങ്ങളെകൊണ്ടാവില്ല. ഞങ്ങൾ വൈദ്യം പഠിച്ചു കൊണ്ട് പണമുണ്ടാക്കുവാനാണു തീരുമാനിച്ചിട്ടുള്ളത്. അലിഗഡിൽ പഠിക്കാൻ പോയിരുന്നവർ പറഞ്ഞു, ഞങ്ങൾ

നിയമ പഠനം നടത്താനാണു തീരുമാനിച്ചിട്ടുള്ളത്. പിന്നീട് വിദേശത്തു പോകാനും പരിപാടിയുണ്ട്.

സംസ്കൃതം പഠിക്കാൻ പോയ നവമുസ്‌ലിം യുവാവ് മൗലവി സാഹിബിനു ഒരു കത്തെഴുതിക്കൊണ്ട് പറഞ്ഞു. സംസ്കൃതം ജീവനില്ലാത്ത ചത്ത ഭാഷയാണ്. മാത്രവുമല്ല. ഇതു പഠിപ്പിക്കുന്ന പണ്ഡിറ്റുമാർ മഹാവിവരദോഷികളും മൂഢരുമാണ്. ഇനി എനിക്കു ഈ പഠനവുമായി മുന്നോട്ടു പോകാനാവില്ല. ഞാൻ നിങ്ങളുടെ അവിശുദ്ധ മതവും ഉപേക്ഷിച്ചു ഗംഗാസ്നാനം ചെയ്തു പരിശുദ്ധിയാർജ്ജിക്കാൻ പോവുകയാണ്. മൗലവി സാഹിബ് അവനൊരു മറുപടി എഴുതി. മനസ്സിനു 'കുളുർമയേകുന്ന' നിന്റെ കത്തു കിട്ടി. നീ ഒരാൾ മുർത്തദ്ദ് ആയാൽ അല്ലാഹു അതിനു പകരം ഒരു ജമാഅത്തു നമുക്കു നൽകും. എന്നിട്ടു ഈ ആയത്തും എഴുതി.

مَنْ يَرْتَدَّ مِنْكُمْ عَنْ دِينِهِ فَسَوْفَ
يَأْتِي اللَّهُ بِقَوْمٍ يُحِبُّهُمْ وَيُحِبُّونَهُ

നിങ്ങളിൽ നിന്നു ആരെങ്കിലും തന്റെ മതം വിട്ട് പുറത്തു പോകുന്നതാൽ അല്ലാഹു (മറ്റൊരു) ജനതയെ പകരം കൊണ്ടുവരുന്നതാണ്. അവൻ അവരെ സ്നേഹിക്കും അവർ അവനേയും സ്നേഹിക്കും. (ഖുർആൻ 5:55) ഹദ്റത്ത് മൗലവി സാഹിബ് പറയുകയാണു ഞാൻ അവനു വേണ്ടി ആയിരക്കണക്കിനു രൂപ ചെലവഴിച്ചിട്ടുണ്ട്. ഏതായാലും ഈ പദ്ധതി ആരംഭിച്ച സമയത്തു അല്ലാഹുവിന്റെ കൂടി അഭീഷ്ടം അതിലില്ലാതിരുന്നതിനാൽ പദ്ധതി വിജയിച്ചില്ല.

### ആദ്യ ദീനിയാത്ത് മാസിക

1906 മെയ് മാസം ഹദ്റത്ത് മൗലവി സാഹിബ് ജമാഅത്തിലെ കുട്ടികൾക്കായി ഒരു ദീനി മാസിക ആരംഭിക്കുകയുണ്ടായി. അതിന്റെ പേര് 'ദീനിയാത്തിന്റെ ആദ്യ പത്രിക' എന്നായിരുന്നു. ആ പത്രികയിൽ നമസ്ക്കാരത്തിൽ ചൊല്ലുന്ന ദുആകളും, വുസു, തയമ്മും, ബാങ്ക്, നമസ്ക്കാരങ്ങളുടെ സമയക്രമങ്ങൾ അതുമായി ബന്ധപ്പെട്ട നിബന്ധനകൾ മറ്റു അടിസ്ഥാനപരവും പ്രധാനപ്പെട്ടതുമായ കാര്യങ്ങൾ എല്ലാം തന്നെ ഉൾക്കൊള്ളിച്ചിട്ടുണ്ടായിരുന്നു. ആ പത്രികയുടെ അവസാന ഭാഗത്തു ഖുർആനിലെ അവസാന സൂറത്തുകളും ചേർത്തിട്ടുണ്ടായിരുന്നു.

### മൗലവി സാഹിബിനോടുള്ള ഒരാളുടെ മൂന്നു ചോദ്യങ്ങൾ

1907 ജൂൺ മാസത്തിൽ ഹദ്റത്ത് മൗലവി നൂറുദ്ദീൻ സാഹിബിനു ഒരാൾ കത്തിലൂടെ ചില ചോദ്യങ്ങൾ അദ്ദേഹത്തിന്റെ മുന്നിൽ വെക്കുകയുണ്ടായി. ആ ചോദ്യങ്ങൾ ഇവയാണു.

1. വാഗ്ദത്ത മസീഹിൽ വിശ്വസിക്കാത്തവരുടെ സ്ഥാനവും അവസ്ഥയും നബി തിരുമേനിയിൽ വിശ്വസിക്കാത്തവരുടെ അതേ സ്ഥാനവും അവസ്ഥയും തന്നേയാണോ?

2. എനിക്കു ശേഷം നബിയില്ല എന്ന ഹദീസിനെ താങ്കൾ എങ്ങനെയാണു നോക്കിക്കാണുന്നത്.

3. ഇസ്‌ലാമിൽ ഇനിയും നബിമാർക്ക് വരാമെങ്കിൽ അബൂബക്കറും മറ്റുള്ളവരും എന്തു കൊണ്ട് പ്രവാചകന്മാരായില്ല.

ചോദ്യ കർത്താവിനു ഹദ്റത്ത് മൗലവി സാഹിബ് ഇങ്ങനെ മറുപടിയെഴുതി.

1. വിശുദ്ധ ഖുർആൻ പറയുന്നു

تِلْكَ الرُّسُلُ فَضَّلْنَا بَعْضَهُمْ عَلَى بَعْضٍ

(ദൈവ ദൂതന്മാരിൽ ചിലരെ (മറ്റു)ചിലരേക്കാൾ നാം ശ്രേഷ്ഠരാക്കിയിരിക്കുന്നു. ഖുർആൻ 2:254) ദൂതർക്കിടയിൽ പദവിയിൽ തുല്യതയില്ലെങ്കിൽ നിങ്ങൾ വിചാരിക്കുന്നതു പോലെ പദവിയിൽ തുല്യതയുണ്ടാവില്ല. അവരിൽ വിശ്വസിക്കാത്തവരുടെ ഇടയിലും. ഖാത്തമുൽ അമ്പിയായുടെ മസീഹിൽ വിശ്വസിക്കാത്തവൻ മൂസ്സാനബിയുടെ മസീഹിൽ വിശ്വസിക്കാത്തവരേക്കാൾ കൂടുതൽ തെറ്റിനു കുറ്റവാളികളാകും എന്ന കാര്യം നിങ്ങൾക്കു ചിന്തിക്കാവുന്നതാണ്.

വിശുദ്ധ ഖുർആൻ ഉറപ്പിച്ചു പറയുന്നു

لَا نُفَرِّقُ بَيْنَ أَحَدٍ مِنْ رُسُلِهِ

അല്ലാഹുവിന്റെ ദൂതരിൽ ആർക്കിടയിലും ഞങ്ങൾ വ്യത്യാസം കൽപിക്കുന്നില്ല. (ഖുർആൻ 2:286) താങ്കൾ ഒരു ശരീഅത്തു പ്രവാചകനെ വിശ്വസിക്കുന്നകാര്യത്തിലും ശരീഅത്തില്ലാത്ത പ്രവാചകനെ വിശ്വസിക്കുന്ന കാര്യത്തിലും വിവേചനമുണ്ടാക്കുകയാണ് ചെയ്യുന്നത്. ഈ വിവേചനത്തിനു ഞാനൊരു കാരണവും കാണുന്നില്ല. ഏതൊരു ന്യായവാദത്തിന്റെ അടിസ്ഥാനത്തിലാണോ നാം ഖുർആനിൽ വിശ്വസിക്കാൻ പ്രേരിതരായത് അതേ ന്യായവാദം കൊണ്ടു തന്നേയാണു ഞങ്ങൾ വാഗ്ദത്ത മസീഹിലും വിശ്വസിക്കാൻ പ്രേരിതരായത്. ഈ ന്യായ വാദം നാം നിരാകരിക്കുകയാണെങ്കിൽ അതു ഇസ്‌ലാമിനെ നിരാകരിക്കുന്നതിനു തുല്യമായിരിക്കും .

ഖുർആൻ പറയുന്നു

وَإِذَا قِيلَ لَهُمْ آمِنُوا بِمَا أَنْزَلَ اللَّهُ قَالُوا
نُؤْمِنُ بِمَا أُنْزِلَ عَلَيْنَا وَيَكْفُرُونَ بِمَا
وَرَاءَهُ وَهُوَ الْحَقُّ مُصَدِّقًا لِمَا مَعَهُمْ

(അല്ലാഹു അവതരിപ്പിച്ചിട്ടുള്ളതിൽ വിശ്വസിക്കുവിൻ എന്നു അവരോടു പറയപ്പെടുമ്പോൾ ഞങ്ങൾക്കു അവതരിപ്പിക്കപ്പെട്ടതിൽ ഞങ്ങൾ വിശ്വസിക്കുന്നുവെന്നവർ പറയുന്നു. അതിനു ശേഷമുള്ളതിനെ അവർ നിഷേധിക്കുകയും ചെയ്യുന്നു. അതാകട്ടെ അവരുടെ പക്കലുള്ളതിനെ ശരിയാണെന്നു സ്ഥാപിക്കുന്ന സത്യമാണുതാനും. ഖുർആൻ 2;92) എന്തു കൊണ്ടാണു ഒരേ വിധമുള്ള ന്യായവാദം രണ്ടു കാര്യങ്ങളിലും ഒരേ വിധത്തിലുള്ള ഫലമുളവാക്കാത്തത് എന്നു ചിന്തിച്ചു നോക്കൂ.

2. നബി തിരുമേനി(സ) വരാനുള്ള മസീഹിനെ അല്ലാഹുവിന്റെ പ്രവാചകനായിട്ടാണ് വിശേഷിപ്പിച്ചിട്ടുള്ളത്. വാഗ്ദത്ത മസീഹിനു ലഭിച്ചിട്ടുള്ള വെളിപാടുകളിൽ അല്ലാഹു അദ്ദേഹത്തെ അങ്ങനെ തന്നേയാണു അഭിസംബോധന ചെയ്തിട്ടുള്ളത്. ഹദീസുകൾ പൊതുവായിട്ടുള്ളതും പ്രത്യേകമായിട്ടുള്ളതും വ്യത്യസ്തമായിരിക്കുന്നു. പൊതുവായിട്ടുള്ളതിന്റെ താഴെ പറയുന്ന ഉദാഹരണങ്ങൾ ശ്രദ്ധിക്കുക. പ്രത്യേകമായിട്ടുള്ളതിനെ മാറ്റി നിർത്തിയിട്ടുമില്ല. സത്യനിഷ്ഠ ഇല്ലാത്തയാൾക്കു വിശ്വാസമില്ല. തന്റെ വാഗ്ദാനം പാലിക്കാത്തയാൾക്ക് മതമില്ല. ഫാത്തിഹ പാരായണം ചെയ്യാതെ നമസ്ക്കാരം നിർവഹിക്കപ്പെടുന്നില്ല. രക്ഷാകർത്താവിന്റെ സമ്മതമില്ലാതെ പെൺകുട്ടിയുടെ കല്യാണം നടക്കുകയില്ല. രണ്ടു വ്യക്തികളുടെ കാര്യത്തിലല്ലാതെ അസൂയ ഉണ്ടാൻ പാടില്ല. പരിശുദ്ധ ഖുർആനിൽ പ്രവാചക പ്രഭുവായ മുഹമ്മദ് മുസ്തഫാ(സ)യെ കുറിച്ചു ഖാത്തമുന്നബിയ്യീൻ (പ്രവാചകരുടെ മുദ്ര, പ്രവാചക ശ്രേഷ്ഠൻ) എന്നാണു വിശേഷിപ്പിച്ചിരിക്കുന്നത്. ഖാത്തിമുന്നബിയ്യീൻ (പ്രവാചകരിൽ അവസാനത്തെ ആൾ) എന്നല്ല. ജൂതന്മാർ പ്രവാചകന്മാരെ വധിക്കാറുള്ളതായി വിശുദ്ധ ഖുർആൻ ഉറപ്പിച്ചു പറയുന്നു. ഇതിന്റെ അർഥം എല്ലാ പ്രവാചകന്മാരേയും എന്നാണോ അല്ല ചിലരെയോ?

3. ദൈവം അബൂബക്കറിനെ പ്രവാചകനെന്നു വിളിച്ചിട്ടില്ല. എന്നാൽ വാഗ്ദത്ത് മസീഹിനെ അല്ലാഹു അങ്ങനെ വിളിച്ചിട്ടുണ്ട്.

## ആര്യ സമാജക്കാരുടെ യോഗവും മസീഹ് മൗഊദിന്റെ ഗൈറത്തും

ആര്യ സമാജക്കാരുടെ ലാഹോറിലെ 'വച്ചോവാലി' ശാഖ ഒരു അന്തർദേശീയ മത സമ്മേളനം സംഘടിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ടായിരുന്നു. എല്ലാ മതവക്താക്കളെയും ഈ സമ്മേളനത്തിൽ പ്രബന്ധം അവതരിപ്പിക്കാൻ ക്ഷണിച്ചതു പോലെ ഇതിന്റെ സംഘാടകർ ഹദ്റത്ത് മസീഹ് മൗഊദ് (അ) നേയും ക്ഷണിക്കുകയും പ്രബന്ധമവതരിപ്പിക്കാൻ അപേക്ഷിക്കുകയും ചെയ്തിട്ടുണ്ടായിരുന്നു. 'വെളിപാടു ഗ്രന്ഥങ്ങളുടെ സവിശേഷതകൾ' എന്നതാണ് പ്രബന്ധ വിഷയം. ആര്യസമാജക്കാരുടെ ചെയ്തികളും അവരുടെ സ്വഭാവരീതികളും സംശയ ദൃഷ്ടിയോടെ കണ്ടിരുന്നതിനാൽ ഹദ്റത്ത് മസീഹ് മൗഊദ് (അ) ഈ സമ്മേളനത്തിൽ നിന്നും വിട്ടുനിൽക്കാൻ തീരുമാനിച്ചെങ്കിലും അവരുടെ നിരന്തര അഭ്യർഥനയും ഈ യോഗത്തിൽ എല്ലാ മത സ്ഥാപകരോടും ഗുരുക്കന്മാരോടും അങ്ങേയറ്റത്തെ ആദരവു പ്രകടിപ്പിക്കുമെന്നും ആരുടേയും മത വികാരത്തെ വൃണപ്പെടുത്തുന്ന ഒരു നടപടിയും ഉണ്ടാവുകയില്ലെന്നും ഉറപ്പു നൽകിയതിന്റെ അടിസ്ഥാനത്തിൽ ഹദ്റത്ത് മസീഹ് മൗഊദ് (അ) പ്രബന്ധം തയ്യാറാക്കാമെന്നു സമ്മതിച്ചു. 1907 ഡിസംബർ മാസം 2,3,4 തീയതികളാണു സമ്മേളനത്തിനായി അവർ തീരുമാനിച്ചിട്ടുണ്ടായിരുന്നത്. പങ്കെടുക്കുന്നവർക്കു നാലണയുടെ ടിക്കറ്റും നിശ്ചയിച്ചിട്ടുണ്ടായിരുന്നു. ഹദ്റത്ത് മസീഹ് മൗഊദിന്റെ നിർദേശമനുസരിച്ചു മൗലവി ഹക്കീം നൂറുദ്ദീൻ സാഹിബിന്റെ നേതൃത്വത്തിൽ ഒരു സംഘം ഇതിൽ പങ്കെടുക്കുന്നതിനായി ഖാദിയാനിൽ നിന്നും ലാഹോറിലേയ്ക്കു പുറപ്പെട്ടു. അതിനു പുറമെ സമീപത്തും അകലെയുമുള്ള ധാരാളം അഹ്മദി സഹോദരന്മാരും ഈ സമ്മേളനത്തിൽ പങ്കെടുക്കാനായി ലാഹോറിലേയ്ക്കു പോയിട്ടുണ്ടായിരുന്നു.

സമ്മേളനത്തിന്റെ രണ്ടാം ദിവസമായ 1907 ഡിസംബർ 3-ാം തീയതി വൈകുന്നേരം ആറുമണിക്കു തുടങ്ങുന്ന യോഗത്തിലാണു ഹദ്റത്ത് മസീഹ് മൗഊദി(അ)ന്റെ പ്രബന്ധം കേൾപിക്കാൻ തീരുമാനിക്കപ്പെട്ടത്. പ്രബന്ധത്തിന്റെ ആദ്യ പകുതി ഹദ്റത്ത് മൗലവി നൂറുദ്ദീൻ സാഹിബും രണ്ടാം പകുതി ഹദ്റത്ത് ഡോക്ടർ മിർസാ യഅ്ഖൂബ് ബേഗ് സാഹിബും വായിച്ചു കേൾപ്പിക്കുകയും രാത്രി പത്തു മണിയോടെ അതു പൂർത്തിയാവുകയും ചെയ്തു. പ്രബന്ധം കേട്ട് സദസ്യർ ഒരു പ്രത്യേക ആത്മീയാനന്ദാനുഭൂതിയിൽ ആറാടിക്കൊണ്ടിരുന്നു. പിന്നീട് ഈ പ്രബന്ധം ഹദ്റത്ത് മസീഹ് മൗഊദി (അ)ന്റെ 'ചശ്മയെ മഅ്രിഫത്ത്' എന്ന സുപ്രസിദ്ധ ഗ്രന്ഥത്തിന്റെ അവസാന ഭാഗത്തു ചേർക്കുകയുണ്ടായി. ഹദ്റത്ത് ഡോക്ടർ മിർസാ യഅ്ഖൂബ് ബേഗ് സാഹിബ് വായിച്ചു കേൾപ്പിച്ച രണ്ടാം പകുതിയിൽ ഹദ്റത്ത് മസീഹ് മൗഊദി (അ) ന്റെ അറബിയിലുള്ള ധാരാളം ദിവ്യ വെളിപാടുകൾ (ഇൽഹാം) ഉണ്ടായിരുന്നു. അതിനാൽ പ്രബന്ധ പാരായണം പൂർത്തിയായ ശേഷം ശ്രോതാക്കൾ അതിന്റെ അർഥം ഉറുദുവിൽ കേൾപ്പിക്കാനായി ഹദ്റത്ത് മൗലവി ഹക്കീം നൂറുദ്ദീൻ സാഹിബിനോടു അപേക്ഷിച്ചു.

ഹദ്റത്ത് മൗലവി സാഹിബ് സദസ്യരെ അഭിസംബോധന ചെയ്തു ഇങ്ങനെ പറഞ്ഞു, ദിവ്യ വെളിപാടു ലഭിച്ച ആ മഹാത്മാവ് അതിന്റെ അർഥം വിശദമാക്കാത്ത സ്ഥിതിക്കു എനിക്കിതു പരിഭാഷപ്പെടുത്താൻ ഒരധികാരവുമില്ല. എന്നാൽ ശ്രോതാക്കളുടെ അഭ്യർഥനമാനിച്ചു കൊണ്ട് ആ വെളിപാടുകളുടെ, ഞാൻ മനസ്സിലാക്കിയ അർഥം കേൾപിക്കാം. പക്ഷേ, ഞാൻ വിവരിക്കുന്ന അർഥം സ്വീകരിക്കാനോ അംഗീകരിക്കാനോ മുൽഹിം (ഇൽഹാം ലഭിച്ചയാൾ) ഒരിക്കലും തന്നെ ബാദ്ധ്യസ്ഥനല്ല. കാരണം ദിവ്യവെളിപാടു ലഭിച്ചയാൾ മാത്രമാണു അതിന്റെ യഥാർഥ അർഥവും പൊരുളും വേണ്ടവിധം മനസ്സിലാക്കിയിട്ടുണ്ടാവുകയുള്ളൂ. മൗലവി സാഹിബിന്റെ ഈ വാക്കുകൾ തന്റെ ഇമാമിനോടുള്ള അങ്ങേയറ്റത്തെ ആദരവും വിനയവുമാണു കാണി

ക്കുന്നത്. പിന്നീട് മൗലവി സാഹിബ് അർഥം കേൾപിക്കുകയും ജമാഅത്തിന്റെ ഭാഗത്തു നിന്നു സംഘാടകരോടു നന്ദി പ്രകാശിപ്പിക്കുകയും ഈ പ്രബന്ധത്തിൽ പ്രതിപാദിച്ചിട്ടുള്ള കാര്യങ്ങളെ കുറിച്ചു എല്ലാവരും സഗൗരവം പരിചിന്തനം ചെയ്യുമെന്നാണു ഞങ്ങൾ പ്രത്യാശിക്കുന്നതെന്നു സദസ്യരോട് പറഞ്ഞശേഷം തന്റെ ചെറു ഭാഷണം അവസാനിപ്പിക്കുകയും ചെയ്തു. തുടർന്നു തങ്ങൾക്കും നേർമാർഗം ലഭിക്കുന്നതിനായി പ്രാർഥിക്കണമെന്നു യോഗാദ്ധ്യക്ഷൻ കാശി റാംദേവ് മൗലവി സാഹിബിനോടു അപേക്ഷിക്കുകയുണ്ടായി.

സമ്മേളനത്തിന്റെ അവസാന ദിവസമായ ഡിസംബർ 4-ാം തീയതിയാണു ആര്യസമാജത്തിന്റെ പ്രതിനിധി തങ്ങളുടെ പ്രബന്ധം വായിക്കാൻ നിശ്ചയിച്ചിട്ടുണ്ടായിരുന്നത്. അയാൾ തന്റെ പ്രബന്ധത്തിൽ ഉടനീളം ഇസ്‌ലാമിനേയും വന്ദ്യ സ്ഥാപകരേയും (സ) ഒരു ലജ്ജയുമില്ലാതെ വളരെ ക്രൂരമായി ശകാരിക്കുകയും അധിക്ഷേപിക്കുകയും ചെയ്തു. അതു മുസ്‌ലിംകളെ മാത്രമല്ല മാന്യന്മാരും അന്തസുള്ളവരുമായ മറ്റു ശ്രോതാക്കളെ കൂടി ഞെട്ടിക്കുകയും പ്രകോപിതരാക്കുന്നതുമായിരുന്നു. ആ സെഷന്റെ അദ്ധ്യക്ഷൻ പിന്നീട് ഖേദം പ്രകടിപ്പിക്കുകയും പ്രബന്ധത്തിന്റെ ഉള്ളടക്കത്തെ കുറിച്ചു നേരത്തെ അറിഞ്ഞിരുന്നുവെങ്കിൽ അവതരണാനുമതി നിഷേധിക്കുമായിരുന്നുവെന്നു പറയുകയും ചെയ്തു. അതിൽ അൽപം പോലും ആത്മാർഥതയോ കഴമ്പോ ഉണ്ടായിരുന്നില്ല. മറ്റുള്ളവരുടെ കണ്ണിൽ പൊടിയിടാനുള്ള വില കുറഞ്ഞ തന്ത്രമായിരുന്നു അത്. അദ്ദേഹം പറഞ്ഞതു സത്യമായിരുന്നുവെങ്കിൽ പ്രബന്ധമവതരിപ്പിക്കുമ്പോൾ തന്നെ തടയുകയായിരുന്നു വേണ്ടിയിരുന്നത്. അതദ്ദേഹം ചെയ്തില്ല.

ഈ സംഭവത്തെ കുറിച്ചു ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാനി അൽ മുസ്‌ലിഹ് മൗഊദ് (റ) പറയുകയാണ്. അന്നെനിക്കു പതിനേഴു വയസ്സായിരുന്നു പ്രായം. സദസ്സിൽ ഞാനുമുണ്ടായിരുന്നു. റസൂൽ കരീമി(സ)ന്നെതിരി ലുള്ള ആര്യസമാജക്കാരുടെ അധിക്ഷേപം എനിക്കു സഹിക്കാവുന്നതിലും അപ്പുറമായിരുന്നു. അതിനാൽ ഞാൻ സമ്മേളന നഗരിയിൽ നിന്നും എഴുന്നേറ്റു പുറത്തേയ്ക്കു നടന്നു. കൂടെയുണ്ടായിരുന്ന അക്ബർ ശാഹ് ഖാൻ സാഹിബ് നജീബ് ആബാദി പറഞ്ഞു താങ്കൾ പുറത്തേയ്ക്കു പോവുകയാണോ? മൗലവി സാഹിബ് ഇവിടെ തന്നെയിരിക്കുന്നുണ്ടല്ലോ? ഇത് ഗൈറത്ത് (അഭിമാനം, ലജ്ജ) കാണിക്കേണ്ട സന്ദർഭമാണെങ്കിൽ അതു മൗലവി സാഹിബിനും ബാധകമല്ലേ? ഞാൻ പറഞ്ഞു എന്തും ആയിക്കോട്ടെ. റസൂൽ കരീമി(സ)ന്നെതിരിലുള്ള ഈ ചീത്തവിളി കേട്ടു എനിക്കിവിടെ ഇരിക്കാനാവുകയില്ല. അദ്ദേഹം പറഞ്ഞു മൗലവി സാഹിബ് നമ്മുടെ സംഘത്തിന്റെ ലീഡറാണ്. അതിനാൽ സമ്മേളന നഗരിയിൽ അദ്ദേഹം ഇരിക്കുന്നേടത്തോളം നമ്മളും ഇരിക്കേണ്ടതാണ്. ആ പറഞ്ഞതിനോടു യോജിച്ചു കൊണ്ട് ഞാൻ അവിടെ തന്നെയിരുന്നു.

പ്രതിനിധി സംഘം ഖാദിയാനിൽ തിരിച്ചെത്തിയപ്പോൾ യോഗ നടപടികളെക്കുറിച്ചു ഹദ്റത്ത് മസീഹ് മൗഊദ്(അ) ആരാഞ്ഞു. ആര്യസമാജക്കാരുടെ ചെയ്തികളറിഞ്ഞപ്പോൾ ഹുദൂർ വളരെയധികം കോപാകുലനായി. സംഘത്തിലെ അംഗങ്ങളെ മുഴുവൻ ശക്തമായി ശകാരിച്ചു. ആര്യസമാജക്കാരുടെ ഇത്തരത്തിലുള്ള പ്രസംഗം കേട്ടയുടനെ എന്തു കൊണ്ട് അവിടന്നു എഴുന്നേറ്റു പുറത്തേയ്ക്കു പോയില്ലെന്നു ഹുദൂർ ചോദിച്ചു കൊണ്ടിരുന്നു. റസൂൽ തിരുമേനിയെ അവർ ചീത്തവിളിച്ചു കൊണ്ടിരുന്നത് നിങ്ങൾ എങ്ങനെയാണു അവിടെയിരുന്നു കേട്ടു കൊണ്ടിരുന്നതെന്നും നിങ്ങളുടെ ഗൈറത്തിനു എന്തു പറ്റി എന്നും വളരെ സങ്കടത്തോടെ ഹുദൂർ ചോദിച്ചു. ശേഷം ഈ ആയത്തു ഓതിക്കൊണ്ട് പറഞ്ഞു ഇത്തരം അവസരങ്ങളിൽ അല്ലാഹുവിന്റെ കൽപന എന്താണെന്നു നിങ്ങൾക്കറിയാവുന്നതല്ലേ?

إِذَا سَمِعْتُمْ آيَاتِ اللَّهِ يُكْفَرُ بِهَا وَيُسْتَهْزَأُ بِهَا فَلَا تَقْعُدُوا مَعَهُمْ حَتَّىٰ يَخُوضُوا فِي حَدِيثٍ غَيْرِهِ إِنَّكُمْ إِذًا مِثْلُهُمْ

അല്ലാഹുവിന്റെ വചനങ്ങളെ സംബന്ധിച്ചു നിഷേധം പ്രകടിപ്പിക്കുന്നതായും അത് പരിഹസിക്കപ്പെടുന്നതായും നിങ്ങൾ കേൾക്കുന്നതായാൽ, അവർ അതല്ലാതെ മറ്റൊരു വിഷയത്തിൽ ഏർപ്പെടുന്നതുവരെ നിങ്ങൾ അവരോടൊപ്പം ഇരിക്കരുത്. എന്നു അല്ലാഹു ഈ ഗ്രന്ഥത്തിൽ (വിധി) ഇറക്കിയിട്ടുണ്ട്. അങ്ങനെയായാൽ, തീർച്ചയായും നിങ്ങളും അവരെപ്പോലെ തന്നെയായിരിക്കും (ഗണിക്കപ്പെടുന്നത്) (ഖുർആൻ 4:141)

ഹദ്റത്ത് മൗലവി സാഹിബ് ഖാദിയാനിൽ നിന്നുള്ള പ്രതിനിധി സംഘത്തിന്റെ അമീറായിരുന്നു. അദ്ദേഹവും മറ്റു അംഗങ്ങളും മസീഹ് മൗഊദിനു മുന്നിൽ തങ്ങൾ ചെയ്തു പോയ തെറ്റു കാരണം പശ്ചാത്താപവും മനോവേദനയും നിമിത്തം ഒന്നും പറയാനാകാതെ തലകുനിച്ചിരുന്നു. ഒരിക്കൽ ഒരു കാര്യത്തിൽ ഹദ്റത്ത് അബൂബക്കർ സിദ്ധീഖ് (റ) നോടു ഹദ്റത്ത് റസൂൽ കരീമി (സ) നു ഇഷ്ടക്കേടും അതൃപ്തിയും ഉണ്ടായപ്പോൾ അദ്ദേഹം വിനയപുരസ്സരം ഇങ്ങനെ പറഞ്ഞിരുന്നു.

رَضِيتُ بِاللَّهِ رَبًّا وَبِالْإِسْلَامِ دِينًا وَبِمُحَمَّدٍ نَبِيًّا

ഞാൻ അല്ലാഹുവിനെ ലോകൈക നാഥനായും ഇസ്‌ലാമിനെ നമ്മുടെ മതമായും മുഹമ്മദിനെ (സ) നബിയായും പൂർണമായും തൃപ്ത്തിപ്പെട്ടിട്ടാണുള്ളത്. അങ്ങെന്നോടു പൊറുത്താലും. ഹദ്റത്ത് അബൂബക്കറിന്റെ ആ വാക്കുകൾ

ഉരുവിട്ടു കൊണ്ട് ഹദ്റത്ത് മൗലവി മുഹമ്മദ് അഹ്സൻ സാഹിബ് അംറോഹി (റ) മുട്ടുകാലിൽ ഇരുന്നു കൊണ്ട് പറഞ്ഞു ഹുദൂർ പിശക് പറ്റിപ്പോയി. ഞങ്ങൾക്കു മാപ്പു തന്നാലും. ഏറെ സമയത്തിനു ശേഷം ഹുദൂറിന്റെ ദ്വേഷ്യം തണുക്കുകയും എല്ലാവരോടും ക്ഷമിക്കുകയും ചെയ്തു. ആര്യസമാജക്കാർ ഇത്രമാത്രം പ്രകോപനമുണ്ടാക്കിയിട്ടും നമ്മുടെ സഹോദരന്മാർ സംയമനം പാലിക്കുകയും ക്ഷമയുടേയും സഹനത്തിന്റേയും ഉന്നത മാതൃക കാഴ്ചവെക്കുകയും അനിഷ്ഠ സംഭവങ്ങൾ ഒന്നും ഉണ്ടാകാതിരിക്കുകയും ചെയ്തതിൽ പിന്നീട് ഹദ്റത്ത് മസീഹ് മൗഊദ് (അ)വളരെ സന്തോഷം പ്രകടിപ്പിക്കുകയും ചെയ്തിരുന്നു.

ഈ സംഭവത്തെ പരാമർശിച്ചു ഹുദൂർ തന്റെ ചശ്മയെ മാഅ്രിഫത്ത് എന്ന ഗ്രന്ഥത്തിലെഴുതുകയാണ്. സാത്വികരും പരിശുദ്ധരുമായ മുസ്ലിംകൾക്കു തങ്ങളുടെ സംസ്ക്കാരത്തെ കുറിച്ചുള്ള ചിന്ത ഇല്ലാതിരിക്കുകയും ഖുർആന്റെ അധ്യാപനങ്ങളനുസരിച്ചു സഹനം കൈകൊള്ളാതിരിക്കുകയും ചെയ്തിരുന്നുവെങ്കിൽ അവർ (ആര്യസമാചക്കാർ) കാണിച്ച പ്രകോപനവും ധിക്കാരവും നിമിത്തം അവരുടെ സമ്മേളനനഗരിയിൽ രക്തച്ചൊരിച്ചിൽ ഉണ്ടാകുമായിരുന്നു. എന്നാൽ നമ്മുടെ സഹോദരന്മാർക്കു ആയിരമായിരം അഭിവാദ്യങ്ങൾ! അവർ വെടിയുണ്ടകളേക്കാൾ തീക്ഷ്ണവും വേദനാജനകവുമായ വചനങ്ങൾ ശ്രവിച്ചിട്ടും ക്ഷമിച്ചിരുന്നു. മൗനം പാലിച്ചു. മറ്റൊരിടത്തു ഹുദൂർ എഴുതുകയാണ്. എന്റെ ഭാഗത്തു നിന്നു ജമാഅത്തിനു സഹനത്തിന്റേയും സഹിഷ്ണുതയുടേയും അനുശാസനം ഇല്ലായിരുന്നുവെങ്കിൽ, ശത്രുക്കളുടെ ശകാരത്തിനും അസഭ്യവർഷത്തിനും എതിരിൽ ക്ഷമിക്കാനും പൊറുക്കാനും നേരത്തെ തന്നെ ഞാൻ ജമാഅത്തിനെ തയ്യാറാക്കിയില്ലായിരുന്നുവെങ്കിൽ അവരുടെ സമ്മേളന നഗരികൾ രക്തപങ്കിലമാകുമായിരുന്നു. എന്നാൽ ക്ഷമയുടെ അധ്യാപനങ്ങൾ സഹോദരന്മാരുടെ ആവേശങ്ങളേയും ആസക്തിയേയും തടഞ്ഞു നിർത്തുകയാണു ചെയ്തത്.

## ഹദ്റത്ത് മസീഹ് മൗഊദി (അ) ന്റെ അനിഷ്ടവും നീരസവും

ഹദ്റത്ത് മൗലവി ഹക്കീം നൂറുദ്ദീൻ സാഹിബിന്റെ ഇതുവരെ വിവരിക്കപ്പെട്ട ജീവിത സംഭവങ്ങളിൽ നിന്നും അദ്ദേഹത്തിന്റെ വാക്കുകളിൽ നിന്നും അദ്ദേഹത്തിനു ഹദ്റത്ത് മസീഹ് മൗഊദി (അ) നോടുണ്ടായിരുന്ന ആത്മാർഥ സ്നേഹത്തിന്റേയും ആദരവിന്റേയും അർപ്പണ മനോഭാവത്തിന്റേയും അനേകം കഥകൾ വായനക്കാർ കേട്ടു കഴിഞ്ഞു. അതു പോലെ തന്നെ ഹദ്റത്ത് മസീഹ് മൗഊദി(അ) നു ഹദ്റത്ത് മൗലവി സാഹിബിനോടുണ്ടായിരുന്ന സ്നേഹവും ആദരവും ആരിൽ നിന്നും മറഞ്ഞതുമല്ല. ഹദ്റത്ത് മസീഹ് മൗഊദ് (അ) മൗലവി സാഹിബിന്റെ ആത്മീയവും ധാർമികവുമായ ഉന്നത ഗുണഗണങ്ങളേയും പാണ്ഡിത്യത്തേയും എപ്പോഴും അംഗീകരിക്കുകയും ആരോടും കാണിക്കാത്ത സ്നേഹവും ആദരവും ഹുദൂർ മൗലവി സാഹിബിനോടു കാണിക്കുകയും ചെയ്തിട്ടുണ്ടായിരുന്നു. തന്റെ സർവസ്വവും ദീനിനു വേണ്ടി സമർപണം ചെയ്ത ആ ത്യാഗിവര്യനെ വാഗ്ദത്ത മസീഹ്(അ) തന്റെ പല ഗ്രന്ഥങ്ങളിലും പ്രശംസിക്കുകയും പ്രകീർത്തിക്കുകയും ചെയ്തതിനു പുറമെ ദൈന്യം ദിന ജീവിത സംഭവങ്ങളിലൂടേയും ആ സംഗതി പ്രകടിപ്പിക്കുകയും ചെയ്തിട്ടുണ്ടായിരുന്നു. അതു വിവരിക്കാൻ തുടങ്ങിയാൽ അവസാനിപ്പിക്കാൻ പ്രയാസമായിരിക്കും. വളരെ പ്രസിദ്ധമായ തന്റെ ഒരു ഫാർസി കവിതയിൽ ഹദ്റത്ത് മസീഹ് മൗഊദ് (അ) പറയുകയാണു

چہ خوش بودے اگر ہر یک زامت نورِ دیں بودے
ہمیں بودے اگر ہر دل پُر از نورِ یقیں بودے

'എന്റെ സമുദായത്തിലെ മുഴുവൻ അംഗങ്ങളും നൂറുദ്ദീൻ ആയിരുന്നുവെങ്കിൽ എത്ര നന്നായേനെ. പക്ഷേ, അതിന്നു ദൃഢവിശ്വാസത്തിന്റെ പ്രകാശം തങ്ങളുടെ ഹൃദയത്തിൽ ഉണ്ടാക്കേണ്ടിയിരിക്കുന്നു.' (നിശാനെ ആസ്മാനി, റൂഹാനി ഖസായിൻ, വാള്യം 4, പേജ് 46)

ഒരിക്കൽ ഒരു സംസാരവേളയിൽ, അല്ലാഹുവിൽ നിന്നും നമുക്കു ലഭിച്ച അനേകം അനുഗ്രഹങ്ങളിൽ ഒരനുഗ്രഹമാണ് മൗലവി സാഹിബ് എന്നു വരെ ഹദ്റത്ത് മസീഹ് മൗഊദ് (അ) അരുൾ ചെയ്യുകയുണ്ടായി. മറ്റൊരിക്കൽ തങ്ങളുടെ ഭർത്താക്കന്മാരിൽ ഹദ്റത്ത് മസീഹ് മൗഊദി(അ)നു ഏറ്റവും പ്രിയപ്പെട്ടയാൾ ആരാണെന്ന കാര്യത്തിൽ മൗലവി അബ്ദുൽ കരീം സാഹിബ് സിയാൽ കോട്ടി (റ)യുടെ ഭാര്യയും ഹദ്റത്ത് മൗലവി ഹക്കീം നൂറുദ്ദീൻ സാഹിബിന്റെ ഭാര്യയും ദാറുൽ മസീഹിലെ മറ്റു ചില സ്ത്രീകളും തമ്മിൽ രസകരമായ ഒരു സംസാരമുണ്ടായി. തങ്ങളുടെ ഭർത്താവാണു വാഗ്ദത്ത മസീഹിനു ഏറ്റവും പ്രിയങ്കരനെന്നവർ ഓരോരാളും വാദിച്ചു. അമ്മാജാൻ ഹദ്റത്ത് ഉമ്മുൽ മുഅ്മിനീൻ (റ) പറഞ്ഞു എന്റെ അഭിപ്രായത്തിൽ വലിയ മൗലവി (ഹദ്റത്ത് മൗലവി നൂറുദ്ദീൻ സാഹിബ്) സാഹിബിനോടാണു കൂടുതൽ സ്നേഹം. എന്നിട്ട് അമ്മാജാൻ പറഞ്ഞു അതു നമുക്ക് ഇപ്പോൾ തന്നെ പരിശോധിക്കാവുന്നതാണ്. അതിനു ശേഷം ഉമ്മുൽ മുഅ്മിനീൻ ഹദ്റത്ത് മസീഹെ മൗഊദിനെ സമീപിച്ചു. എന്നിട്ടു പറഞ്ഞു 'താങ്കളുടെ പ്രിയ കൂട്ടുകാരനുണ്ടല്ലോ' ..എന്നു' മാത്രം പറഞ്ഞതേയുള്ളു മസീഹെ മൗഊദ് ഇടയിൽ കയറി വളരെ അസ്വസ്ഥമായ സ്വരത്തിൽ ആരാഞ്ഞു 'മൗലവി നൂറുദ്ദീൻ സാഹിബിനെന്തു

പറ്റി' എന്താണു പ്രശ്നം? അതായിരുന്നു മൗലവി സാഹിബിനെ കുറിച്ചുള്ള വാഗ്ദത്ത മസീഹിന്റെ ഹൃദയ വികാരം. മൗലവി സാഹിബിന്റെ വിഷമങ്ങൾ അതു ഏതു തരത്തിലുള്ളവയായാലും അതു വാഗ്ദത്ത മസീഹിനെ സംബന്ധിച്ചിടത്തോളം വിഷമമുണ്ടാക്കുന്ന കാര്യമാണു. അമ്മാജാൻ പറഞ്ഞു മൗലവി സാഹിബിനു ഒന്നും സംഭവിച്ചിട്ടില്ല. മൗലവി സാഹിബാണ് അങ്ങയുടെ ഏറ്റവും പ്രിയപ്പെട്ട മുരീദെന്നു അങ്ങയുടെ നാവിലൂടെ തന്നെ കേൾക്കാൻ വേണ്ടി ഞാനങ്ങനെ പറഞ്ഞതാണ്.

അല്ലാഹു തഅലയും ഹദ്റത്ത് മസീഹ് മൗഊദിന്റെ വിയോഗാനന്തരം ഹദ്റത്ത് മൗലവി നൂറുദ്ദീൻ സാഹിബിനെ ഖിലാഫത്തെന്ന അതിമഹനീയവും മഹത്തായതുമായ സ്ഥാനത്തിൽ ഉപവിഷ്ടനാക്കുകയും വഫാത്തിനു ശേഷം വാഗ്ദത്ത മസീഹിന്റെ അരികിൽ തന്നെ അന്ത്യവിശ്രമത്തിനുള്ള ഇടം നൽകിക്കൊണ്ട് ഹദ്റത്ത് മസീഹ് മൗഊദിന്റെ ദാസരിൽ മൗലവി സാഹിബിന്റെ സ്ഥാനം ഏറ്റവും ഉന്നതം തന്നെയെന്നു തെളിവു നൽകുകയും ചെയ്തു. ഇങ്ങനെയൊക്കെയാണെങ്കിലും ഇസ്‌ലാമിന്റേയും ഹദ്റത്ത് മുഹമ്മദ് മുസ്തഫാ (സ) ന്റേയും മഹനീയ സ്ഥാനമാനങ്ങൾക്കു വിരുദ്ധമായതു കണ്ടാൽ, അതു കേട്ടാൽ അതു മസീഹ് മൗഊദിന്റെ ഗൈറത്തിനു സഹിക്കാനാവുകയില്ല. ആ കാരണത്താലാണു മസീഹ് മൗഊദ് (അ) തന്റെ ഏറ്റവും പ്രിയപ്പെട്ട തനിക്കു ലഭിച്ച അനുഗ്രങ്ങളിൽ ഒരനുഗ്രഹമാണെന്നു മനസ്സിലാക്കുന്ന മൗലവി സാഹിബിനോട് പോലും പിണങ്ങുവാനും അനിഷ്ടം പ്രകടിപ്പിക്കവാനും മടിക്കാതിരുന്നത്.

ഇതു പോലെ ഹദ്റത്ത് മസീഹ് മൗഊദ് (അ) ഹദ്റത്ത് മൗലവി സാഹിബിനോട് നീരസം പ്രകടിപ്പിച്ച മറ്റൊരു സംഭവം ഹദ്റത്ത് മൗലാനാ സയ്യിദ് മുഹമ്മദ് സർവർ ശാഹ് സാഹിബി (റ) ൽ നിന്നും ജമാഅത്തിന്റെ ഖാസിയായി വളരെ കാലം സേവനമനുഷ്ടിച്ച മൗലവി താജുദ്ദീൻ സാഹിബ് നിവേദനം ചെയ്യുന്നു. ഖാദിയാനിൽ ഹദ്റത്ത് മൗലവി നൂറുദ്ദീൻ സാഹിബിന്റെ ബന്ധുവായ അബ്ദുർറഹ്മാൻ എന്നു പേരുള്ള ഒരു ചെറുപ്പക്കാരനുണ്ടായിരുന്നു. അവൻ തെമ്മാടിയും മയക്കു മരുന്നിന്നടിമയും അലസ ജീവിതം നയിക്കുന്നവനുമായിരുന്നു. അവനെ കുറിച്ചു ഹദ്റത്ത് മസീഹ് മൗഊദി (അ) നു വിവരം ലഭിച്ചപ്പോൾ മൗലവി സാഹിബിന്റെയടുക്കൽ ആളെയയച്ചു അവനെ ഒട്ടും താമസിയാതെ ഉടനെ ഖാദിയാനിൽ നിന്നും പറഞ്ഞുവിടാൻ ഹുദൂർ നിർദ്ദേശം നൽകി.

കുറച്ചു സമയത്തിനു ശേഷം, അവൻ പോകാതെ ഖാദിയാനിൽ തന്നെയിരിക്കുകയാണെന്നു മനസ്സിലായപ്പോൾ ഹദ്റത്ത് മസീഹ് മൗഊദ് (അ) ഹദ്റത്ത് മൗലാനാ സയ്യിദ് മുഹമ്മദ് സർവർ ശാഹ് സാഹിബി (റ) നെ വിളിച്ചിട്ടു പറഞ്ഞു താങ്കൾ ഇപ്പോൾ തന്നെ മൗലവി സാഹിബിന്റെയടുക്കൽ ചെന്നു ആ ചെറുപ്പക്കാരനെ ഈ നിമിഷം ഖാദിയാനിൽ നിന്നും പറഞ്ഞു വിടാൻ പറയണം. അത്തരത്തിൽ അവനെ പറഞ്ഞു വിടുന്നതിൽ മൗലവി സാഹിബിനു വല്ല മാനസിക ബുദ്ധിമുട്ടുമുണ്ടെങ്കിൽ അവനോടൊപ്പം മൗലവി സാഹിബിനോടും ഖാദിയാനിൽ നിന്നും പോകാൻ പറയണം.

ഹദ്റത്ത് അഖ്ദസ് മസീഹ് മൗഊദ് (അ) തന്നെ ഖാദിയാനിൽ നിന്നും പുറത്താക്കാൻ ഹദ്റത്ത് മൗലവി സാഹിബിനോടു ശക്തമായ രീതിയിൽ കൽപന പുറപ്പെടുവിച്ചിരിക്കുകയാണെന്നു അബ്ദുർറഹ്മാനു മനസ്സിലായപ്പോൾ മൗലവി സാഹിബിന്റെ നിസ്സഹായാവസ്ഥ മുതലെടുത്തുകൊണ്ട് ഞാൻ ഇവിടെ നിന്നും പോകണമെങ്കിൽ എനിക്കു ഇത്ര രൂപ തരണമെന്നു അവൻ മൗലവി സാഹിബിനോടു ആവശ്യപ്പെടാൻ തുടങ്ങി. ആ സമയം മൗലവി സാഹിബിന്റെ പക്കൽ അത്രയും പണം ഇല്ലാതിരുന്നതിനാൽ അവൻ ആവശ്യപ്പെട്ടതിൽ അൽപം കുറച്ചു ഒരു സംഖ്യ തരാമെന്നു മൗലവി സാഹിബ് പറഞ്ഞെങ്കിലും അവൻ സമ്മതിച്ചില്ല. ഈ ഒരു സംസാരവും തർക്കവും നടക്കുന്നതിന്നിടയിലാണു അബ്ദുർറഹ്മാൻ ഇതുവരേയും ഖാദിയാനിൽ നിന്നും പോയിട്ടില്ലെന്നു മനസ്സിലാക്കിയ ഹുദൂർ ഹദ്റത്ത് സയ്യിദ് സർവർ ശാഹ് സാഹിബ് മുഖേന രണ്ടാമത്തെ ഉത്തരവ് പുറപ്പെടുവിച്ചത്.

മസീഹ് മൗഊദിന്റെ ശക്തമായ രണ്ടാമത്തെ ഉത്തരവു കൂടി വന്നപ്പോൾ ഹദ്റത്ത് മൗലവി സാഹിബ് ആകെ വല്ലാതെയായി. വളരെയധികം പരിഭ്രമത്തിലായി. അതിനാൽ, നീ ആവശ്യപ്പെട്ട മുഴുവനും സംഖ്യയും ഞാൻ ഖാദിയാൻ ബസ്സ് സ്റ്റേഷനിൽ എത്തിച്ചു തരാമെന്നും നീ ഈ നിമിഷം ഇവിടെ നിന്നും പുറപ്പെടണമെന്നും മൗലവി സാഹിബ് അബ്ദുർറഹ്മാനോടു പറഞ്ഞു. അങ്ങനെ അവൻ ബസ്സ് സ്റ്റേഷനിലേയ്ക്കു പുറപ്പെട്ടു. പാവം മൗലവി സാഹിബ് ചിലരിൽ നിന്നു കടം വാങ്ങി അവൻ ആവശ്യപ്പെട്ട പണവുമായി ചെന്നു അവനെ ബസ്സ് കയറ്റിവിട്ടു.

## മൗലവി സാഹിബിനോടുള്ള മറ്റുള്ളവരുടെ സ്നേഹാദരവുകൾ

ഹദ്റത്ത് മൗലവി ഹക്കീം നൂറുദ്ദീൻ സാഹിബിന്റെ പരിശുദ്ധ ജീവിതത്തിലെ വ്യത്യസ്ത സംഭവങ്ങളാണു വിവിധ തലക്കെട്ടിൽ വിവരിച്ചു കൊണ്ടിരിക്കുന്നത്. ആ മഹാത്മാവിന്റെ ശാരീരികവും മാനസികവുമായ പ്രത്യേകതകളും മറ്റുള്ളവരുമായുള്ള ബന്ധവും അവർ അദ്ദേഹത്തോടു കാണിച്ചു കൊണ്ടിരുന്ന ആദരവിനെ കുറിച്ചും എത്ര തന്നെ വിവരിച്ചാലും അതു അനന്തമായി തുടരുക തന്നെ ചെയ്യും.

ഹദ്റത്ത് മൗലവി ഹക്കീം നൂറുദ്ദീൻ സാഹിബ് ഖലീഫത്തുൽ മസീഹ് അവ്വൽ (റ) ആത്മീയ മായും ഭൗതികമായും ദൈവിക ജ്ഞാനത്തിലും അല്ലാഹുമായുള്ള ബന്ധത്തിലും ജീവിത പരിശുദ്ധി യിലും തഖ്വയിലും ഹദ്റത്ത് മസീഹ് മൗഊദ് കഴിഞ്ഞാൽ ഏറ്റവും ഉന്നതവും മഹനീയവു മായ സ്ഥാനത്താണു വിരാജിക്കു ന്നതെന്നു എല്ലാവരും അംഗീകരി ക്കുന്ന വസ്തുതയാണ്. ആത്മീയ ഭൗതിക ജ്ഞാനങ്ങളുടെ കര കാണാകടലാണദ്ദേഹം. വിലായത്തി (വലിയെന്ന അവസ്ഥ, അല്ലാഹു വിന്റെ ഭക്തദാസൻ, സ്നേഹിതൻ) ന്റേയും കറാമാത്തിന്റേയും (ദിവ്യ ദൃഷ്ടാന്തങ്ങൾ) ജീവസ്സുറ്റ ചലിക്കു ന്ന പ്രതിരൂപമായ അദ്ദേഹത്തിന്റെ പ്രവർത്തനങ്ങളും സേവനങ്ങളും എല്ലായിപ്പോഴും തന്നെ അല്ലാഹു വിന്റെ മുൻഗാമികളായ സ്വാലിഹീ ങ്ങളെ അനുസ്മരിപ്പിക്കുന്നതായിരു ന്നു. ഹദ്റത്ത് മസീഹ് മൗഊദി (അ) ന്റെ ദൈവ നിയോഗത്തെ സ്വീകരി ക്കാനും മഹ്ദി മസീഹ് വാദങ്ങളെ അംഗീകരിക്കാനും ജീവിതാവസാ നം വരെ വിമുഖത കാണിച്ചിരുന്ന വർ പോലും ഹദ്റത്ത് മൗലവി ഹക്കീം നൂറുദ്ദീൻ സാഹിബിനോടു അങ്ങേയറ്റത്തെ ആദരവും ബഹു മാനവും കാണിച്ചിരുന്നു. അവർ അദ്ദേഹത്തിന്റെ ഉയർന്ന ആത്മീയ സ്ഥാനങ്ങളേയും പരിശുദ്ധിയേയും കഴിവുകളേയും അഗാധ പാണ്ഡി ത്യത്തേയും മനസ്സു കൊണ്ട് അംഗീകരിക്കുന്നവരും ഏതു സദ സ്സിലും അതേറ്റു പറയുന്നവരു മായിരുന്നു.

ഹദ്റത്ത് സഫറുല്ലാഹ് ഖാൻ സാഹിബ് (റ) വിവരിക്കുന്നു. പഞ്ചാബ് ചീഫ് കോർട്ടിലെ ജഡ്ജി യായിരുന്ന പരേതനായ ജസ്റ്റിസ് ശാഹ്ദീൻ 1910 സപ്തംബറിൽ അബോട്ടാബാദിൽ വിദ്യഭ്യാസത്തി ന്റെ പ്രാധാന്യത്തെകുറിച്ചും അതി ന്റെ വിവിധ വശങ്ങളെ കുറിച്ചും പ്രസംഗിച്ച ശേഷം അദ്ദേഹം ഇപ്രകാരം പറഞ്ഞതായി കേട്ടിട്ടു ണ്ട്. ഞാൻ നിങ്ങളുടെ മുന്നിൽ അവതരിപ്പിച്ച വിദ്യഭ്യാസത്തിന്റെ മാനദണ്ഡങ്ങളനുസരിച്ചു എന്റെ വിശാലമായ സുഹൃദ്വൃത്തങ്ങളി ലും പരിചയക്കാരിലും വച്ചു പൂർണമായും വിദ്യഭ്യാസം നേടിയ വ്യക്തി എന്റെ അഭിപ്രായത്തിൽ ഖാദിയാനിലെ മൗലവി ഹക്കീം നൂറുദ്ദീൻ സാഹിബ് മാത്രമാണ്.

ഒരിക്കൽ എഴുത്തിലൂടെ സർ സയ്യിദ് അഹ്മദ് ഖാനോടു ഒരാൾ ചോദിച്ചു, പാമരൻ വിദ്യ അഭ്യസിച്ചു കൊണ്ട് എഴുതാനും വായിക്കാനും പഠിച്ചാൽ അയാളെ കുറിച്ചു വിദ്യാസമ്പന്നനെന്നു പറയപ്പെടും. വീണ്ടും അയാൾ അറിവു കരസ്ഥ മാക്കി പുരോഗതി പാപിച്ചാൽ അയാളെ തത്ത്വജ്ഞാനിയെന്നു വിളിക്കും. തത്ത്വജ്ഞാനി, സദാചാ രവും ആദ്ധ്യാത്മികവുമായ നില യിൽ പുരോഗതി പ്രാപിക്കുകയും ധർമനിഷ്ടയിലും സദ്വൃത്തിയിലും ഉന്നതി പ്രാപിക്കുകയും ചെയ്താൽ അയാളെ സൂഫി (Mystic) യെന്നു നാമകരണം ചെയ്യും. എന്നാൽ സൂഫി അഭിവൃദ്ധിപ്രാപിച്ചാൽ ആരാണായിത്തീരുക. അതിനു സർ സയ്യിദ് അഹ്മദ് ഖാൻ അയാൾക്കു അയച്ച മറുപടി സൂഫി അഭിവൃദ്ധി പ്രാപിച്ചാൽ നൂറുദ്ദീനായിത്തീരും എന്നായിരുന്നു.

ശരീഅത്ത് നിയമ വ്യവസ്ഥി തിയിലെ പല വിധിവിലക്കുകളുടെ യും വിശദീകരണവും വിശകലന വുമായി ബന്ധപ്പെട്ടു ഡോക്ടർ സർ മുഹമ്മദ് ഇഖ്ബാൽ ഹദ്റത്ത് മൗലവി സാഹിബുമായി കത്തെട പാടു നടത്താറുണ്ടായിരുന്നു. ഒരിക്കൽ അദ്ദേഹം തന്റെ ഒരു ഭാര്യയെ വിവാഹ മോചനം നടത്താ ൻ മനസ്സു കൊണ്ട് തീരുമാനി ച്ചുറച്ചു. കുറച്ചു നാളുകൾക്കു ശേഷം ആ തീരുമാനം അദ്ദേഹം ഉപേക്ഷിച്ചെങ്കിലും, മനസ്സു കൊണ്ട് തീരുമാനിച്ചുറച്ചു പോയിരുന്നതി നാൽ ഇസ്ലാമിക ശരീഅത്തനുസ രിച്ചു ത്വലാക്ക് സംഭവിച്ചു പോയിട്ടു ണ്ടാകുമോ പുനർ നിക്കാഹിന്റെ ആവശ്യമുണ്ടാകുമോ എന്നൊരു ശങ്ക അദ്ദേഹത്തിന്റെ മനസ്സിനെ വല്ലാതെ അലട്ടിക്കൊണ്ടിരുന്നു. അതിനാൽ അദ്ദേഹം മൗലവി സാഹിബിനോടു വിവരം പറഞ്ഞു. ഫത്വയാരാഞ്ഞു. ഹദ്റത്ത് മൗലവി നൂറുദ്ദീൻ സാഹിബ് അദ്ദേഹത്തി ന്നെഴുതി ശരീഅത്തു വിധിയനു സരിച്ചു ത്വലാഖ് നടന്നിട്ടില്ല. എങ്കിലും താങ്കളുടെ മനസ്സിൽ ആ ഒരു ശങ്ക നിലനിൽപുണ്ടെങ്കിൽ അതു താങ്കളുടെ മനസ്സിനെ ആശയക്കുഴപ്പത്തിലാക്കുന്നുവെങ്കിൽ വീണ്ടും നിക്കാഹ് നടത്തിക്കോളൂ. ഡോക്ടർ മുഹമ്മദ് ഇഖ്ബാൽ മൗലവി സാഹിബിന്റെ ആ ഫത്വാ സ്വീകരിച്ചു കൊണ്ട് ആ സ്ത്രീയു മായി വീണ്ടും നിക്കാഹ് നടത്തു കയുണ്ടായി.

മൗലാനാ മുഹമ്മദ് അലി ജൗഹർ, നവാബ് വഖാറുൽ മലിക്, മൗലാനാ അബുൽ കലാം ആസാദ്, മൗലവി സഫർ അലി ഖാൻ, അല്ലാമാ ശിബ്ലി നുഅ്മാനി, നവാബ് മുഹ്സിനുൽ മലിക്, മൗലവി അബ്ദുൽ ഹഖ് സാഹിബ് ഹഖാനി മുഫസ്സിർ ദഹ്ലവി, ഖാജാ ഹസ്സൻ നിസാമി തുടങ്ങി അക്കാല ത്തെ പ്രമുഖരും പ്രശസ്തരുമായ പണ്ഡിത കേസരികളും ഇസ്ലാം മത നേതാക്കളും ഹദ്റത്ത് മൗലാനാ ഹക്കീം നൂറുദ്ദീൻ സാഹിബിന്റെ മഹത്വവും മാഹാത്മ്യവും ഉന്നത സ്ഥാനവും അഗാധ പാണ്ഡിത്യ വും നന്നായി മനസ്സിലാക്കിയവരും അത് ഹൃദയം കൊണ്ട് അംഗീക രിക്കുന്നവരുമായിരുന്നു. ഇസ്ലാമി ക പ്രസിദ്ധീകരണങ്ങളിൽ അക്കാല ങ്ങളിൽ ഹദ്റത്ത് മൗലവിസാഹിബ് എഴുതിയിരുന്ന മതപരമായ അഭി പ്രായങ്ങൾക്കും പല വിധിവിലക്കു കളെ സംബന്ധിച്ച വ്യാഖ്യാനങ്ങ ൾക്കും ഈ പണ്ഡിതർ വലിയ സ്ഥാനവും വിലയുമാണു കൽപി ച്ചിരുന്നു.

ഒരിക്കൽ ഹദ്റത്ത് മൗലാനാ ഹക്കീം നൂറുദ്ദീൻ സാഹിബ് ഒരു കേസ്സുമായി ബന്ധപ്പെട്ടു സാക്ഷി വിസ്താരത്തിനായി പഞ്ചാബ് ചീഫ് കോർട്ടിൽ പോയിട്ടുണ്ടായിരുന്നു.

അദ്ദേഹം കോടതി മുറിയിൽ പ്രവേശിച്ചപ്പോൾ അവിടെ സന്നി ഹിതരായിരുന്ന മൂന്നു ജഡ്ജിമാർ ബഹുമാനാർഥം എഴുന്നേറ്റു നിന്നു. ജഹാംഗീർ ചക്രവർത്തിയുടെ സന്താന പരമ്പരയിലെ കൊച്ചു മക്കളിൽ പെട്ട ലാഹോറിലെ ഡോക്ടർ അബ്ദുൽ ഹമീദ് സാഹിബ് ചുഗ്തായി ആ സംഭവ ത്തിനു ദൃക്സാക്ഷിയായിരുന്നു.

മൗലവി സാഹിബിനു ഇന്ത്യ യിൽ പലയിടങ്ങളിലും എണ്ണമറ്റ ശിഷ്യരുണ്ട്. മതപരമായ ഉന്നത മായ മത വിജ്ഞാനത്തിനു പുറമെ അദ്ദേഹം രാജ്യത്തെ ഏറ്റവും ഉന്നതരും പ്രഗൽഭരുമായ ഭിഷഗ്വ രിൽ ഒരാളായിട്ടാണു അറിയപ്പെട്ടി രുന്നത്. ആ കാര്യത്തിൽ അദ്ദേഹ ത്തിന്റെ യശസ്സും പ്രശസ്തിയും മുഴുവൻ ഇന്ത്യയിലും പ്രചരിച്ചിട്ടു ണ്ടായിരുന്നു. ഒരിക്കൽ ഒരാൾ ഇംഗ്ലണ്ടിൽ ചികിത്സയ്ക്കു പോയ പ്പോൾ അവിടത്തെ ഡോക്ടർമാർ ആ രോഗിയോടു ഇന്ത്യയിൽ ചെന്നു മൗലവി നൂറുദ്ദീൻ സാഹിബി നെ കൊണ്ട് ചികിത്സിപ്പിക്കാൻ ഉപദേശിച്ചതായി നിവേദനങ്ങളുണ്ട്.

ഡോക്ടർ അബ്ദുൽ ഹമീദ് സാഹിബ് ചുഗ്തായി ലാഹോർ നിവേദനം ചെയ്യുകയാണു ഹദ്റ ത്ത് മൗലവി നൂറുദ്ദീൻ സാഹിബ് ലാഹോറിൽ വന്നാൽ സമീപത്തും അകലെയുമുള്ള മുസ്ലിംകൾ ഹിന്ദുക്കൾ സിക്കുകാർ ചികിത്സ ക്കായി അദ്ദേഹത്തിന്റെ താമസ സ്ഥലത്തു വന്നു തടിച്ചു കൂടും. ബസാറിലൂടെ നടന്നു പോകു മ്പോൾ പലരും കാൽതൊട്ടു വന്ദി ച്ചുകൊണ്ട് അവരുടെ ബന്ധുക്ക ളായ രോഗികൾക്കു ചികിത്സക്കും മരുന്നിനുമായി അപേക്ഷിക്കും. അതിനാൽ മൗലാനാ സാഹിബ് സ്വന്തം കാശു ചെലവാക്കി ആയിര ക്കണക്കിനു രൂപ വിലയുള്ള മരുന്നു വാങ്ങി ഇത്തരം സാധുക്ക ളായ രോഗികൾക്കു നൽകാനായി എപ്പോഴും സൂക്ഷിക്കുമായിരുന്നു. ഇതദ്ദേഹത്തിന്റെ മനസ്സിൽ എപ്പോഴും നിലനിൽക്കുന്ന ഖിദ്മത് ഖൽഖ് (സൃഷ്ടി സേവനം) എന്ന വികാരമായിരുന്നു.

അക്കാലത്തു ഇന്ത്യയിൽ വൈദ്യ ശാസ്ത്ര രംഗത്തെ അതികായകരായി അറിയപ്പെടുന്ന ഹക്കീം ഫക്കീർ മുഹമ്മദ് സാഹിബ് ചിശ്ത്തി, ഹക്കീം മൗലവി സലീമുല്ലാഹ് ഖാൻ സാഹിബ്, ഹക്കീം സയ്യിദ് ആലം ശാഹ് സാഹിബ്, ഹക്കീം മുഫ്തി മുഹമ്മദ് അൻവർ സാഹിബ് ഹാശ്മി, ഹക്കീം ഫിറോസുദ്ദീൻ സാഹിബ് തുടങ്ങിയ ഉന്നതർ മൗലവി സാഹിബിനോടു അതിരറ്റ ആദരവും ബഹുമാനവും കാണിച്ചിരുന്നു. മൗലവി സാഹിബി നെ കുറിച്ചു അവർ എല്ലായിപ്പോഴും ഉസ്താസിയുൽ മുകർറം (استاذالمکرم അങ്ങേയറ്റം ആദരണീയനായ ഗുരുനാഥൻ) എന്നു മാത്രമേ സൂചിപ്പിച്ചിരുന്നു ള്ളു. അബ്ദുൽ മജീദ് സാഹിബ് സാലിക് തന്റെ 'മുസ്ലിം സഖാഫത്ത് ഹിന്ദുസ്ഥാ ൻ മേം' (ഇന്ത്യയിലെ മുസ്ലിം നാഗരികത) എന്ന തന്റെ ഗ്രന്ഥ ത്തിൽ ഹദ്റത്ത് മൗലവി സാഹിബി ന്റെ ഉന്നതമായ കഴിവുകളേയും സാത്വികതയേയും പരിശുദ്ധിയേ യും പ്രകീർത്തിച്ചുകൊണ്ട് എഴുതുകയാണ് മൗലവി സാഹിബ് ഇന്ത്യയിലെ പ്രശസ്തരും പ്രഗൽ ഭരുമായ എതാനും ഭിഷഗ്വരിൽ ഒരാളായിരുന്നു. അദ്ദേഹത്തിന്റെ കീർത്തി ഇന്ത്യയിലങ്ങോളമിങ്ങോ ളം വ്യാപിച്ചിരുന്നു. അദ്ദേഹം ജന്മദേശമായ ഭേര ഉപേക്ഷിച്ചു ഖാദിയാനിൽ പോവുകയും ബാക്കി ജീവിതം മറ്റുള്ള വരെ ദീൻ പഠിപ്പിക്കുന്നതിനും സാധുക്കളായ രോഗികളെ ശുശ്രൂ ഷിക്കുന്നതിനും അഗതികളെ സംരക്ഷിക്കുന്നതിനു മായിട്ടായിരുന്നു ചെലവഴിച്ചിരു ന്നത്. ഹദ്റത്ത് മൗലവി ഹക്കീം നൂറുദ്ദീൻ സാഹിബിനെ ആദര സൂചകമായി ഓൾ ഇന്ത്യ വൈദ്യ ആന്റ് യൂനാനി ശാസ്ത്രകോൺഫറ ൻസിന്റെ സ്റ്റാൻഡിങ്ങ് കമ്മിറ്റി അംഗവുമാക്കീട്ടുണ്ടായിരുന്നു. (തുടരും)

പേജ് 25 ൽ നിന്ന് തുടർച്ച

രോരുത്തരം പരസ്പരം കടമകൾ പൂർത്തിയാക്കുന്നതിലേക്ക്.........നല്ലതും ചീത്തയും സംഭവിക്കുകയില്ലയെ ന്നും അതിനാൽ ഏറ്റവും നല്ലതേ തോ അതുകൊണ്ട് ചീത്തയെ തടയുക, അപ്പോൾ നീയുമായി ശത്രുതയിൽ കഴിഞ്ഞു കൂടുന്നവൻ പെട്ടെന്നൊരാത്മമിത്രമെന്ന് പോലെ ആയിത്തീരുമെന്ന്. ഇങ്ങനെ ഖുർആൻ വചനങ്ങൾ എടുത്തു കാണിക്കുന്ന പല വിഭവങ്ങളും ഈ ഗ്രന്ഥത്തിലുണ്ട്. ആരുടെ അടുക്കൽ അയാളുടെ അയൽക്കാർ സുരക്ഷി തനല്ലയോ അയാൾ മുസ്ലിമല്ലെ ന്നും നല്ല കാര്യങ്ങൾ എവിടെ കണ്ടാലും അത് അംഗീകരിക്കുന്ന മതമാണ് ഇസ്ലാം (അഹമദിയ്യാ മുസ്ലിം) എന്നും നമ്മൾ അറിഞ്ഞി രിക്കണം. സമൂഹത്തിൽ സമാധാനം നിലനിർത്താനുള്ള അടിസ്ഥാന ശില കുടുംബത്തിനകത്ത് ശാന്തി യും ഐക്യവും നിലനിർത്തലാണെ ന്ന് നമ്മെ ഒന്നു കൂടി ഓർമ്മപ്പെടു ത്തുന്നു. കൂടാതെ നീതി നടപ്പാ ക്കുന്നതിൽ കുടുംബബന്ധങ്ങളോ സുഹൃദ് ബന്ധങ്ങളോ സ്വന്തം താൽപര്യങ്ങളോ ഒന്നും തന്നെ പ്രതിബന്ധമാകരുതെന്ന് എടുത്തു കാണിക്കുന്നന്നു. ഈ മഹൽ ഗ്രന്ഥം നമ്മെ ധാരാളം കാര്യങ്ങൾ പഠിപ്പിക്കുകയും ഓർമ്മപ്പെടുത്തുക യും ചെയ്യുന്നു. ആർക്ക് വോട്ട് ചെയ്താലാണ് തനിക്ക് ഗുണമുണ്ടാ കുക എന്ന ചിന്ത പാടെ ഉപേക്ഷി ച്ചുകൊണ്ട് സമൂഹനന്മ, രാജ്യ പുരോഗതി ഇവയായിരിക്കണം സമ്മതിദായകന്റെ മാനദണ്ഡങ്ങൾ. ഇസ്ലാം എന്ന പദത്തന്റെ അർത്ഥം സമാധാനവും സുരക്ഷയുമാണെ ന്നാണ്. സ്ഥലപരിമിതി കാരണം ആസ്വാദനം ചുരുക്കുന്നു. എന്നാൽ ഒരു കാര്യം പറഞ്ഞുകൊള്ളട്ടെ ഈ ഗ്രന്ഥം കഴിവതും എല്ലാവരും വായിച്ചിരിക്കേണ്ടതാണ്. ഈ പുസ്തകം നമ്മുടെ കരുനാഗപ്പള്ളി നാടകശാലയിലെ ഓപ്പൺ ഗ്രന്ഥ ശാലയിൽ ലഭിക്കുന്നതാണ്. നന്ദി സ്നേഹം.

കുറിപ്പുകൾ

# മതവിമർശനവും മതനിന്ദയും

**മുസാഫിർ**

രാജ്യം ഭരിക്കുന്ന പാർട്ടിയുടെ ഉന്നതനായ വാക്താവ് ശ്രീമതി നൂപുർ ശർമ്മ 26 മെയ് 2022 ന് മുഹമ്മദ് നബി (സ) യുടെ വിവാഹ ജീവിതത്തിനെതിരെ നടത്തിയ പരാമർശം അവരുടെ സ്ഥാനവും ഉത്തരവാദിത്തവും കൂടി പരിഗണിക്കുമ്പോൾ ഒരിക്കലും പറയാൻ പാടില്ലാത്തതും അപലപനീയവുമാണ്. പ്രവാചക വിരുദ്ധ പരാമർശം നടത്തിയ നൂപുർ ശർമ്മ രാജ്യത്തോടാകെ മാപ്പ് പറയണമെന്ന് ബഹുമാനപ്പെട്ട സുപ്രീം കോടതിയും നിർദ്ദേശിക്കുകയും അവരെ നിശിതമായി വിമർശിക്കുകയുണ്ടായി. അവർക്കെതിരെ ബി ജെ പിയും നടപടിയെടുക്കേണ്ടി വന്നു. അവരുടെ പരാമർശത്തെ തുടർന്ന് രാജ്യത്തും അന്താരാഷ്ട്രാ രംഗത്തും വലിയ പ്രതിഷേധങ്ങൾ നമ്മുടെ രാജ്യവും ഭരിക്കുന്ന പാർട്ടിയും ഏറ്റുവാങ്ങി. രാജ്യത്ത് പ്രതിഷേധ പ്രകടനങ്ങളും കലാപങ്ങളും അക്രമങ്ങളും ഉടലെടുക്കുകയുണ്ടായി.

എല്ലാറ്റിനും ശേഷം ഗുജറാത്തിൽ നൂപുർ ശർമ്മയുടെ നബി വിമർശനത്തെ അനുകൂലിച്ച് സമൂഹമാധ്യമങ്ങളിൽ പോസ്റ്റിട്ട കനയ്യ ലാൽ എന്ന തയ്യൽക്കാരനെ രണ്ട് മുസ്‌ലിം നാമധാരികൾ ഹീനമായി കൊലപ്പെടുത്തുകയും അത് സമൂഹ മാധ്യമങ്ങളിൽ അവർ തന്നെ പ്രചരിപ്പിക്കുകയും ചെയ്യുകയുണ്ടായി. നബിനിന്ദയെ പിന്തുണച്ചതിന് പ്രതികാരമായിട്ടാണ് ഈ കൊലപാതകം എന്നാണ് ഗൗസ് മുഹമ്മദ്, റിയാസ് അത്താരി എന്നീ യുവാക്കളുടെ അവകാശവാദം. അവരുടെ ഈ പ്രവർത്തി തീർച്ചയായും ഇസ്‌ലാമിന് കടകവിരുദ്ധവും മുസ്‌ലിംകളെ കൂടുതൽ പ്രതിരോധത്തിലാക്കുകയും ഒറ്റപ്പെടുത്തുകയുമാണ് ചെയ്തിട്ടുള്ളത്. എന്തായാലും ഇസ്‌ലാമിന്റെ പേരിൽ ഈ നരാധമന്മാർ ചെയ്തിരിക്കുന്നത് യാതൊരു ഉപാധിയുമില്ലാതെ അപലപിക്കേണ്ട ഒരു ക്രിമിനൽ കുറ്റമാണ്. കൊലപാതകം എന്നത് മത വിമർശനം പോലെയോ മതനിന്ദ പോലെയോ ഉള്ള ആശയ തലത്തിലുള്ള പ്രവർത്തനമല്ല. അതൊരു ഹീനമായ ക്രിമിനൽ കുറ്റമാണ്. ഇസ്‌ലാമിക വിരുദ്ധമായ ഈ ഭീകര കുറ്റം തീർച്ചയായും നിയമത്തിന് മുമ്പിൽ കൊണ്ട് ആ ഘാതകർക്ക് ഉചിതമായ ശിക്ഷ നൽകേണ്ടതുണ്ട്. എല്ലാ മുസ്‌ലിം സംഘടനകളും ഈ കിരാതകൃത്യത്തെ അപലപിച്ചിട്ടുണ്ട്. ഇസ്‌ലാമിനെ പൊതു സമൂഹത്തിന്നുമുമ്പിൽ അപകീർത്തിപ്പെടുത്തുന്ന ഈ കൃത്യത്തിനു പിന്നിൽ പ്രവർത്തിച്ചവർ ഏതായാലും ഇസ്‌ലാമിന്റെ പക്ഷം നിൽക്കുന്നവരല്ല. അവരുടെ ഉദ്ദേശം എന്താണെന്ന് വ്യക്തമായി കണ്ടെത്തേണ്ടതുണ്ട്. ഇസ്‌ലാമിക വിമർശനങ്ങളോടും നിന്ദകളോടും സംഹാരത്മകമായി പ്രതികരിക്കണമെന്ന ജിഹാദിന്റെ ആശയം വെച്ചു പുലർത്തുന്ന മുസ്‌ലിം ഗ്രൂപ്പുകളും സിദ്ധാന്തങ്ങളും ലോകത്തെല്ലായിടത്തുമുണ്ട്. അത്കൊണ്ട് ഇത്തരം ഹീനകൃത്യങ്ങൾ ആര് ചെയ്താലും അത് എളുപ്പത്തിൽ ഇസ്‌ലാമിന്റെ പേരിൽ ചാർത്തപ്പെടുന്നു എന്ന ദുരവസ്ഥയും നാം തിരിച്ചറിയണം.

### മതവിമർശനവും മതനിന്ദയും

മതവിമർശനവും മതനിന്ദയും തമ്മിൽ വ്യത്യാസമുണ്ട്. മതവിമർശനം എന്നത് മതഗ്രന്ഥങ്ങൾ, വിശ്വാസങ്ങൾ, ആചാരങ്ങൾ, മതപുരുഷന്മാരുടെ ജീവിതം എന്നിവയെ ആധാരമാക്കി അതിലെ വസ്തുതകൾ, യുക്തി, ന്യായം ശാസ്ത്രീയത, പൂർവ്വാപര വൈരുദ്ധ്യങ്ങൾ മുതലായവ ചൂണ്ടിക്കാണിച്ച് നടത്തുന്ന എതിർവാദങ്ങളും ഖണ്ഡനങ്ങളും സമർത്ഥനങ്ങളുമാണ്. നല്ല വിമർശനം മനുഷ്യന്റെ ബുദ്ധിയേയും ധിഷണയേയും അഭിസംബോധനം ചെയ്തുകൊണ്ട് നല്ല ഭാഷയിൽ ആവിഷ്ക്കരിച്ചതായിരിക്കും. തീർച്ചയായും ഇത്തരം വിമർശനങ്ങൾ പ്രോത്സാഹിപ്പിക്കപ്പെടേണ്ടതാണ്. മതത്തിന്റെ പക്ഷത്ത് നിന്നും അത്തരം വിമർശനങ്ങൾക്കുള്ള മറുപടികൾ മതത്തിന്റെ ഗുണനിലവാരം വർദ്ധിപ്പിക്കാനും മതങ്ങളുടെ ആശയങ്ങൾക്ക് കൂടുതൽ വ്യക്തത വരുത്താനും കാരണമാകുന്നു. ഒരളവോളം മതങ്ങളെ അന്ധവിശ്വാസങ്ങളിൽ നിന്നും അനാചാരങ്ങളിൽ നിന്നും

തടഞ്ഞു നിർത്തുന്നത് അത്തരം വിമർശനങ്ങളാണ്. അതുകൊണ്ട് മതവിമർശനത്തെ ആരുടെ ഭാഗത്ത് നിന്നായാലും സക്രിയവും സർഗ്ഗാത്മകവുമായി കരുതണം.

എന്നാൽ മതനിന്ദ അങ്ങനെയല്ല അത് വിശ്വാസികളെ വേദനിപ്പിക്കുക, അവരുടെ വികാരങ്ങളെ വ്രണപ്പെടുത്തുക എന്നീ നീചമായ ഉദ്ദേശത്തോടെ വിശ്വാസങ്ങൾക്കും മതപുരുഷന്മാർക്കും എതിരെ നടത്തുന്ന അധിക്ഷേപങ്ങളാണ്. നിന്ദകരുടെ അസഹിഷ്ണുതയുടെയും ദുഷ്ടതയുടെയും പ്രകാശനമാണ് മതനിന്ദയിൽ സംഭവിക്കുന്നത്. നേരിട്ടുള്ള നിന്ദയേക്കാൾ കൂടുതലായി സാഹിത്യം, കല, കാർട്ടൂൺ, നാടകം, സിനിമ മുതലായ ഉപാധികളിലൂടെ ദുസ്സൂചനകളും വ്യങ്ഗ്യോക്തിയും ഗൂഢാർത്ഥങ്ങളും ഉപയോഗിച്ചുകൊണ്ടാണ് ഇത്തരം മതനിന്ദ ആവിഷ്ക്കരിക്കുന്നത്. നേരിട്ട് മറുപടി പറയാൻ കഴിയാത്ത ഇത്തരം കലാസങ്കേതങ്ങൾ ഉപയോഗിച്ച് വിശ്വാസികളെ അവർ പ്രകോപിതരാക്കുന്നു. ഈ നീചമായ കലാപ്രവർത്തനെത്തെയാണ് ആവിഷ്ക്കാര സ്വാതന്ത്ര്യം എന്ന് പറഞ്ഞ് പലരും പ്രോത്സാഹിപ്പിക്കുന്നത്. ഇത് സമൂഹത്തിലുണ്ടാക്കുന്ന സംഘർഷങ്ങൾ ബഹുസ്വരമായ നമ്മുടെ സംസ്ക്കാരത്തിന്നും പരസ്പര ബഹുമാനത്തിനും മത സൗഹാർദ്ദത്തിനും ഉണ്ടാക്കുന്ന കെടുതികളും സർവ്വോപരി ഉന്നതമായ ജനാധിപത്യ മൂല്യങ്ങൾക്കും പൗരബോധത്തിനും വരുത്തുന്ന വൈകല്യങ്ങളും അളവറ്റതാണ്.

## മതവിമർശനവും മതനിന്ദയും ഇസ്ലാമും

മനുഷ്യ സ്വാതന്ത്ര്യത്തിന്റെ മഹാപ്രകടന പത്രികയായ വിശുദ്ധ ഖുർആനിൽ നിന്നും നമുക്ക് മനസ്സിലാക്കാൻ സാധിക്കുന്നത് മതവിമർശനമായാലും മതനിന്ദയായാലും ഇസ്ലാമിൽ അതിന് യാതൊരു ശിക്ഷയും ശുപാർശ ചെയ്തിട്ടില്ല എന്നാണ്. അധിക്ഷേപങ്ങളുടേയും ശകാരങ്ങളുടേയും ശരവർഷം കൊണ്ട് ജീവിതം ദുസ്സഹമാക്കിയ കിരാതന്മാരായ ശത്രുക്കൾക്ക് മാപ്പരുളുകയും അവരുടെ ആത്മീയവും ഭൗതികവുമായ ക്ഷേമത്തിന്‌വേണ്ടി പ്രാർത്ഥിക്കുകയും പ്രവർത്തിക്കുകയും ചെയ്ത റസൂൽ തിരുമേനി (സ) യുടെ മാതൃകയാണ് ഇസ്ലാമിന്റെ മാതൃക. കാരുണ്യമൂർത്തിയായ റസൂൽ തിരുമേനി (സ)യുടെ ബഹുമതി സംരക്ഷിക്കാൻ ഊരിപ്പിടിച്ച ഖഡ്ഗവുമായി കൊലവിളി നടത്തുന്നവരുടെ മാതൃക ഇസ്ലാമിന്റെ മാതൃകയല്ല. മതങ്ങൾ ബഹുമാനിക്കുന്ന ഒരു പുണ്യാത്മാവിനെ അശ്ലീല ഭാഷയിലും ആഭാസകരമായും ചിത്രീകരിക്കുകയോ വിമർശിക്കുകയോ ചെയ്താൽ ഏത് മതത്തിൽ പെട്ട നീതിമാന്മാരും സമാധാന കാംഷികളും അത് എളുപ്പത്തിൽ തിരിച്ചറിയുകയും അതിനെ നിരാകരിക്കുകയും ചെയ്യും. അത്തരം നീചകൃത്യങ്ങൾ ഒരു മഹാത്മാവിന്റെയും ബഹുമതിയെ അപകീർത്തിപ്പെടുത്തുന്നില്ല. വിശുദ്ധ ഖുർആൻ പറയുന്നു. **'അവർ നിരർത്ഥക വചനം കേട്ടാൽ ശണ്ഠക്ക് കാരണമായേക്കുമെന്ന് ശങ്കിച്ച് ഗൗരവത്തോടെ നടന്നുപോവുന്നു. നിസ്സാര സംഗതികൾക്കായി അവർ ശണ്ഠകൂടില്ല.'** (25:73)

നിന്ദാകരമായ ഹീനവിമർശനങ്ങൾ ക്രമസമാധാന പ്രശ്നമായി മാറുന്ന വികാരസാന്ദ്രമായ സമൂഹമാണെങ്കിൽ അത്തരം അശ്ലീല വിമർശനങ്ങൾക്കെതിരെ ഉചിത ശിക്ഷാ നിയമങ്ങളുമാവാം. അത് സമൂഹത്തിന്റെ ക്രമസമാധാന പ്രശ്നമാണ്. ഒരു ജനാധിപത്യ സമൂഹത്തിൽ മത വിമർശനമോ മതനിന്ദയോ നടത്തുന്നത് ശിക്ഷാനിയമം കൊണ്ട് അടക്കിനിർത്തുന്നത് ആശാസ്യകരമല്ല. വിമർശനത്തിന് പ്രതിവിമർശനം നടത്താനും മറുപടി പറയാനുമുള്ള സ്വാതന്ത്ര്യം വിമർശിക്കപ്പെട്ടവർക്കും ഉണ്ടായിരിക്കണം എന്നതാണ് പരമപ്രധാനമായിട്ടുള്ളത്. അത്തരം ആശയസംവാദങ്ങൾ ഭരണകൂടം ഉറപ്പ് വരുത്തണം. എതിരാളികൾ നടത്തുന്ന പല മതവിമർശനങ്ങളും മതങ്ങളിലെ അന്ധവിശ്വാസങ്ങളോടും അത്യാചാരങ്ങളോടുമായിരിക്കാം. അല്ലെങ്കിൽ അവർക്ക് യാഥാർത്ഥ്യം മനസ്സിലാകാത്തതുകൊണ്ടുമായിരിക്കാം. എല്ലാ മതവിമർശനങ്ങളും മതനിന്ദയാണെന്നും അത് നടത്തുന്നത് ശിക്ഷാർഹമാണെന്നും പറയുന്ന മതതീവ്രവാദം നീതി നിഷേധവും ജനാധിപത്യ വിരുദ്ധവുമാണ്. വിമർശനത്തിനോ നിന്ദക്കോ വിധേയമാകുന്ന മതത്തിന്റെ വാക്താക്കൾ അതിന് മറുപടി പറയുമ്പോൾ വാസ്തവത്തിൽ സത്യപക്ഷത്തിന് ഒരവസരം ലഭിക്കുകയാണ് ചെയ്യുന്നത്. സത്യത്തിലും നീതിയിലും അടിയുറപ്പുള്ളവർ ഒരു നിന്ദയേയും സംവാദത്തെയും ഭയപ്പെടുന്നില്ല. നിന്ദയെന്ന് മുദ്രകുത്തപ്പെടുന്ന വിമർശനമാവട്ടെ, വസ്തുനിഷ്ഠാപരമായ വിമർശനമാവട്ടെ ആധികാരിക സ്ഥാനങ്ങളിൽ നിന്ന് വരുന്ന ഇത്തരം എതിർപ്പുകളെ ധൈഷണിക സംവാദങ്ങളാക്കി മാറ്റുകയാണ് സത്യത്തിന്റെ വാക്താക്കൾ ചെയ്യേണ്ടത്. ഖുർആൻ പറയുന്നു. **'ഏറ്റവും ഉൽകൃഷ്ടമായ രീതിയിൽ അവരോട് സംവാദം നടത്തുകയും ചെയ്യുക. തന്റെ മാർഗത്തിൽ നിന്ന് വ്യതിചലിച്ച് പോകുന്നവരെ സംബന്ധിച്ച് അല്ലാഹു നന്നായറിയുന്നവനാണ്. നേർമാർഗം പ്രാപിച്ചവരേയും അവൻ നന്നായറിയുന്നു.'** (16:125)

യേശുവിന്റെ മാതാവും പരിശുദ്ധയുമായ മർയം ബീവിയെക്കുറിച്ച് യഹൂദികൾ നടത്തുന്ന കടുത്ത അപവാദത്തെപ്പറ്റി ഖുർആൻ പറയുന്നു: **'അവരുടെ അവിശ്വാസവും മർയമിന്റെ പേരിൽ ഗുരുതരമായ അപവാദം ആരോപിക്കുന്ന കാരണത്താലും ............അവർക്ക് അതിനെപ്പറ്റി യാതൊരറിവുമില്ല.'** (4:157-158) ഇവിടെ *'ബുഹ്താനൻ അളീമൻ'* (ഗുരുതരമായ അപവാദം) എന്ന് ഖുർആൻ തന്നെ ഈ ഹീന പ്രവർത്തിയെ വിശദീകരിച്ചിട്ടും ആ

നിന്ദക്കെതിരെ എടുക്കേണ്ട യാതൊരു നിയമനടപടികളെക്കുറിച്ചോ, ശിക്ഷയെക്കുറിച്ചോ പരാമർശിക്കുന്നില്ല. മറ്റൊരു വ്യക്തമായ ഖുർആൻ വചനം ഇങ്ങിനെയാണ്.

**'നമ്മുടെ ദൃഷ്ടാന്തങ്ങളെ സംബന്ധിച്ച് (വിമർശിച്ചുകൊണ്ട്) വ്യർത്ഥ സംഭാഷണം നടത്തുന്നവരെ നീ കണ്ടാൽ അവർ മറ്റൊരു വർത്തമാനങ്ങളിൽ പ്രവേശിക്കുന്നത് വരെ നീ അവരിൽ നിന്നും മാറി നിൽക്കുക. പിശാച് വല്ലപ്പോഴും നിനക്ക് മറവി വരുത്തുന്നതായാൽ ഓർമ്മയായതിന് ശേഷം അധർമകാരികളോടൊപ്പം നീ ഇരിക്കരുത്.'** (6:69)

*'മതനിന്ദയോ വിമർശനമോ നടത്തുന്നവരോടൊപ്പം നീ ഇരിക്കരുത്'* എന്ന അധ്യാപനം മാത്രമാണ് ഇവിടെ ഖുർആൻ നൽകുന്നത്. ജനാധിപത്യത്തിന്റെ ശ്രീകോവിലായ നിയമനിർമ്മാണ സഭകളിൽ വിയോജിപ്പും പ്രതിഷേധവും പ്രകടിപ്പിക്കാൻ പ്രതിപക്ഷം നടത്തുന്ന ഇറങ്ങിപ്പോക്ക്പോലെ അങ്ങേയറ്റം ജനാധിപത്യപരമായ ഒരു പ്രതികരണമായിരിക്കണം മുസ്‌ലിം പക്ഷത്ത് നിന്നും മതനിന്ദയോട് ഉണ്ടാകേണ്ടത് എന്നാണ് ഇവിടെ ഖുർആൻ സൂചിപ്പിക്കുന്നത്. മാത്രമല്ല, അതൊരു ശാശ്വത ബഹിഷ്ക്കരണമോ ബന്ധവിഛേദനമോ അല്ല. മതവിമർശനത്തിൽ നിന്ന് മാറി മറ്റൊരു സംസാരത്തിൽ അവർ ഏർപ്പെട്ടാൽ മതവിമർശനം നടത്തിയ ആ സദസ്സിലേക്ക് തന്നെ അയാൾക്ക് മടങ്ങിപ്പോവാമെന്നും ഖുർആൻ ഉണർത്തുന്നു. ഖുർആന്റെ അധ്യാപനങ്ങളിലെ അങ്ങേയറ്റത്തെ ജനാധിപത്യബോധവും സംസ്കാര സമ്പന്നതയും നാം തിരിച്ചറിയേണ്ടതുണ്ട്. മതനിന്ദ നടത്തുന്നവനെ വധിച്ചുകളയണമെന്ന നിയമം ഇസ്‌ലാമിക വിരുദ്ധമാണ് എന്ന് പറയുന്നതിന്റെ പശ്ചാത്തലമിതാണ്. മതതീവ്രവാദികളും മുല്ലായിസവും അതുപോലെ മതവിമർശകരും മതനിന്ദകരും ഖുർആന്റെ ഉദാത്തമായ അധ്യാപനങ്ങൾ തിരിച്ചറിയുമാറാവട്ടെ.

# നിലമ്പൂരിലെ യുദ്ധ വിരുദ്ധ സെമിനാർ

**– ബി മൻസൂർ അഹമദ്**

മലപ്പുറം ജില്ലാ അൻസാറുല്ലായുടെ ആഭിമുഖ്യത്തിൽ നിലമ്പൂരിൽ ആഗോള യുദ്ധ പ്രതിസന്ധിയും സമാധാനത്തിലേക്കുള്ള പാതയും എന്ന വിഷയത്തിൽ സെമിനാർ ജനബാഹുല്യം കൊണ്ട് ശ്രദ്ധേയമായി. സമ്മേളനം മലപ്പുറം അമീർ, ടി. കെ. അമീർ അലി സാഹിബ് ഉദ്ഘാടനം ചെയ്തു. ആഗോള യുദ്ധം മനുഷ്യസമൂഹത്തിന്റെ തന്നെ ഉന്മൂലനത്തിന് കാരണമായിത്തീരുമെന്ന് അദ്ദേഹം പറഞ്ഞു. ആഗോള സമാധാനത്തിന് അഹ്മദിയ്യാ ഖലീഫ നടത്തുന്ന ശ്രമങ്ങളെ അദ്ദേഹം പരാമർശിച്ച

സെമിനാറിൽ വിഷയമവതരിപ്പിച്ചു സംസാരിച്ച സത്യദൂതൻ എഡിറ്റർ എ. എം. മുഹമ്മദ് സലീം സാഹിബ് ഇനിയൊരു ആഗോള യുദ്ധമുണ്ടായാൽ അത് ന്യൂക്ലിയർ യുദ്ധമായിരിക്കുമെന്നും ഹോമോ സാപ്പിയൻസ് എന്ന് അറിയപ്പെടുന്ന മനുഷ്യവർഗ്ഗത്തിന്റെ ഉന്മൂലനം സംഭവിക്കുമാറ് അതിന് പ്രഹരശേഷിയുണ്ടെന്നും പറഞ്ഞു. കാലത്തേയും സ്ഥലത്തേയും അതിജീവിക്കുന്ന ആധുനിക ന്യൂക്ലിയർ യുദ്ധങ്ങൾ ഭയാനകമാണെന്നും അത് തടയേണ്ട ഉത്തരവാദിത്ത്വം എല്ലാവർക്കുമുണ്ടെന്നും അദ്ദേഹം പറഞ്ഞു. തുടർന്ന് സംസാരിച്ച രാഹുൽ ഈശ്വർ അഹ്മദിയ്യാ ജമാഅത്ത് ലോകമാകെ നടത്തുന്ന സമാധാന പ്രവർത്തനങ്ങളെ പ്രകീർത്തിക്കുകയുണ്ടായി. ലോകത്ത് ഇന്ന് സർവനാശം വിതയ്ക്കുന്നതിൽ തീവ്രവാദികൾക്കുള്ള പങ്കിനെ കുറിച്ചും വിവിധ മതങ്ങളുടെ വിഭാഗീയ പ്രവർത്തനങ്ങൾ ലോകത്തിന് ആപൽസൂചനയാണെന്നും നാം നീതിയുടെ പക്ഷമാണ് നിലയുറപ്പിക്കേണ്ടതെന്നും അദ്ദേഹം വ്യക്തമാക്കി. പ്രൊഫസർ ബി. മുഹമ്മദ് അഹ്മദ് സാഹിബ് യുദ്ധം ചെകുത്താന്റെ ചിരിയാണെന്നും അത് എക്കാലത്തെയും ഫാസിസത്തിന്റെ അട്ടഹാസമാണെന്നും വ്യക്തമാക്കി. സെമിറ്റിക് മതങ്ങളുടെ ആത്മീയ കേന്ദ്രമായ പലസ്തീൻ ഇന്നൊരു കണ്ണീർ പാടണ്. ഇത് സാമ്രാജ്യത്വ ഗൂഢാലോചനയുടെ ഫലമായി സംഭവിച്ചതാണ്. ജിഹാദ് എന്നത് അടിസ്ഥാനപരമായി വാളുകൊണ്ടുള്ള യുദ്ധമല്ല. ധർമ്മ- അധർമ്മ ശക്തികളുടെ സംഘട്ടനമാണ്. കുരുക്ഷേത്ര യുദ്ധം ഇത്തരം പ്രതിദ്വന്ദങ്ങളുടെ ആവിഷ്ക്കാരമാണെന്നും അദ്ദേഹം പറഞ്ഞു. അയോധ്യ എന്നത് യുദ്ധരഹിതഭൂമിയാണ് ആ അയോദ്ധ്യ ചോരച്ചൊരിച്ചലുകളുടെയും അശാന്തിയുടെയും പ്രഭവ കേന്ദ്രമായിമാറുന്ന കലികാലത്താണ് നാം ജീവിക്കുന്നത്. അദ്ദേഹത്തെ തുടർന്ന് പ്രസംഗിച്ച സുൽത്താൻ നസീർ ശാഹിദ് സാഹിബ് തന്റെ പ്രസംഗത്തിലുടനീളം അഹ്മദിയ്യാ ജമാഅത്തിന്റെ ഇപ്പോഴത്തെ സാരഥി ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് ലോകവേദികളിൽ സമാധാനത്തിനുവേണ്ടി നടത്തിക്കൊണ്ടിരിക്കുന്ന ശ്രമങ്ങളും ലോക രാഷ്ട്രീയത്തിലെ യുദ്ധ സാഹചര്യങ്ങളും പ്രവണതകളും വിവരിക്കുകയുണ്ടായി.

യോഗത്തിൽ മലപ്പുറം ജില്ലാ നാസിം പി.പി. മുസദ്ദിഖ് അഹ്മദ് സാഹിബ് അദ്ധ്യക്ഷത വഹിച്ചു. കെ. പി അഷ്റഫ് സാഹിബ് പത്തപ്പിരിയം സ്വാഗതം പറയുകയും മൗലവി ഷബീൽ അഹ്മദ് സാഹിബ് വിശുദ്ധഖുർആൻ പാരായണവും ജാഫർ തങ്ങൾ മൈത്രീ ഗാനവും ആലപിച്ചു.

പേജ് 31 ൽ നിന്ന് തുടർച്ച

അദ്ദേഹത്തിന്റെ ചിന്തയുടെ മൗലികമായ ആശയം വെളിപാടിൽ ആത്മീയ സ്ഥാനം നേടിയ വ്യക്തി ഇസ്‌ലാമിക ഉമ്മത്തിൽ ഒരിക്കലും നിലച്ചുപോകുകയില്ലെന്നാണ്. മുഹമ്മദ് നബി(സ)യുടെ ഒരു ഹദീസിന്റെ അടിസ്ഥാനത്തിലാണിത്. തിരുമേനി(സ) അല്ലാഹുവിനോട് ചോദിച്ചു: "മുഹമ്മദിനുവേണ്ടിയും അദ്ദേഹത്തിന്റെ കുടുംബത്തിനുവേണ്ടിയും പ്രാർഥിക്കുക, അപ്രകാരം നീ ഇബ്രാഹിം നബിക്കുവേണ്ടിയും അദ്ദേഹത്തിന്റെ കുടുംബത്തിനുവേണ്ടിയും പ്രാർഥിക്കുക. ഇബ്രാഹിമിന്റെ (അ) പിൻഗാമികളിൽ പ്രവാചകന്മാരുണ്ടായിരുന്നു. അതിനാൽ സംശയരഹിതമായ നിലയിൽ ഈ പ്രാർഥനയിൽ മുസ്‌ലിംകളിലും പ്രവാചകപദവി നൽകുമെന്നാണ്.

പ്രവാചകന്റെ ശരീഅത്തിൽ ഒന്നും കാലഹരണപ്പെടുകയോ കൂട്ടിച്ചേർക്കപ്പെടുകയോ ഇല്ലെന്നാണ്. ഇതാണ് പ്രവാചകന്റെ പ്രസ്താവനയുടെ അർത്ഥം. അതായത് ദൗത്യവും പ്രവചനവും നിന്നുപോയിരിക്കുന്നു. എനിക്ക് ശേഷം ദൂതനോ പ്രവാചകനോ ഉണ്ടാവുകയില്ല. മുഹമ്മദ് നബി(സ)ക്ക് ശേഷം ഒരു ശരീഅത്ത് പ്രവാചകനും ഉണ്ടാവുകയില്ല. ഭാവിയിലുള്ള ഏത് പ്രവാചകനും തന്റെ ശരീഅത്തിന് വിധേയനായിരിക്കും. ഭാവിയിലുള്ള ശരീഅത്താണ് നിലച്ചത്. പ്രവാചകപദവിയല്ല. (13)

ഇബ്നു അറബിയുടെ അനുയായികൾ ഏറ്റവും അധികം ഉള്ളത് ആധുനിക ഇറാനിലാണ്. ഇന്നും അദ്ദേഹത്തിന്റെയും സുഹ്റവർദിയുടേയും (1155–1191) അതിഭൗതിക ശാസ്ത്രമാണ്. ഇറാനിയൻ ബുദ്ധിജീവികളുടെ വിശ്വവീക്ഷണത്തിന്റെ അടിസ്ഥാനം.

(The Review of Religions, August 2007)

വിവ: കെ.വി. ഹസ്സൻകോയ, കോഴിക്കോട്



കോഴിക്കോട് അൻസാറുല്ലാഹിന്റെ ആഭിമുഖ്യത്തിൽ ടൗൺഹാളിൽ ചേർന്ന പ്രവാചക സ്മൃതി സദസ്സിൽ സ്വാമി വിശ്വഭദ്രാനന്ദ ശക്തി ബോധി സംസാരിക്കുന്നു കോഴിക്കോട് ജില്ലാ അമീർ അഹ്മദ് കോയാ സാഹിബ്, റവ: പി ടി ജോർജ്ജ്, പ്രൊഫ. മഹ്മൂദ് അഹ്മദ് സാഹിബ്, വി. പി ലുക്മാൻ സാഹിബ് (മുസ്‌ലിം ലീഗ്), അൻസാറുല്ലാ സയീം ഖയ്യൂം സാഹിബ്, മൗലവി സുൽത്താൻ നസീർ സാഹിബ്, എ എം മുഹമ്മദ് സലീം സാഹിബ് മാത്തോട്ടം അമീർ ടി. അഹ്മദ് സഊദ്, ജില്ലാ മുബല്ലിഗ് ഇൻചാർജ് മൗലവി നിസാർ അഹ്മദ് എന്നിവർ വേദിയിൽ

**അനുസ്മരണം**

# മുഹമ്മദ് കോയാ സാഹിബ്



കോഴിക്കോട് ജമാഅത്തിലെ അംഗം വലിയകത്ത് മുഹമ്മദ് കോയ സാഹിബ് (ഇയ്യായ-83) കോഴിക്കോട്ടെ തുഷാരയിൽ ജൂൺ 25ന് വഫാത്തായി. ഇന്നാലില്ലാഹി...... 1991ലാണ് മുഹമ്മദ് കോയാ സാഹിബ് ബൈഅത്ത് ചെയ്തത്. ഭാര്യ: പുതിയ വീട്ടിൽ ഖദീജ. മക്കൾ: അൽത്താഫ്, ശുഹൈബ് (ആർട്ടിസ്റ്റ്), അനസ് മാലിക്ക് (ബിസിനസ്, ഹബീബ തുഷാര. മരുമക്കൾ: നൗഷാദ് (ദുബായ്) അഫ്സത്ത്, അഷീൻ കൃസ്ല.

mta INTERNATIONAL
mta.tv
alislam.org
Humanity First
humanityfirst.org

Published on 07.07.2022
Pages 44
Vol: 94 Issue. 07
Price Rs. 30/-
RNI No. 3332/1957, Registered KL/EKM/726/2021-23
Licence No. KL/CR/EKM/WPP-5/2021-23. Licensed to post Without Prepayment
The Sathyadoothan Monthly

لا الٰہ الا اللہ محمد رسول اللہ

# മജ്‌ലിസ് അൻസാറുല്ലാഹ്
## കേരള

# സംസ്ഥാന ഇജ്തിമാഅ് 2022



- ഉദ്ഘാടന സമ്മേളനം
- തർബിയ്യത്ത് ക്ലാസ്സ്
- ചർച്ചാ ക്ലാസ്സുകൾ
- വൈജ്ഞാനിക മത്സരങ്ങൾ
- കായിക മത്സരങ്ങൾ

**2022 സെപ്തംബർ 10, 11**
**കരുനാഗപ്പള്ളി, കൊല്ലം**

LOVE FOR ALL HATRED FOR NONE

**'We are the Helpers of Allah'**

Printed & Published by B.B. Ahmad Kabeer, for the Kerala Ahmadiyya Muslim Jama-ath
Printed at Anaswara Offset, Perandoor Jn.,Elamakkara, Ernakulam-682 026.
Published at Masjid Umar, St. Benedict Road, Ernakulam, Kochi-18. Edited by A.M. Muhammed Salim